32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

September 20, 2024 | Vol. XXXII No. 38 | Periodicals Postage Paid








ചിക്കാഗോ മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷന്റെ ഓണാഘോഷ പരിപാടികൾ ചലച്ചിത്രതാരം ആൻ അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു. പ്രസിഡണ്ട് റോയി നെടുംചിറ, ചെയർമാൻ സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫാ. സിജു മുടക്കോടിൽ, പ്രവീൺ തോമസ് (ഫൊക്കാന വി.പി), ജോൺസൺ കണ്ണൂക്കാടൻ (ഫോമാ ആർവിപി), സാബു തറത്തട്ടേൽ, വരുൺ നായർ, മഹേഷ് കൃഷ്ണൻ, സണ്ണി വള്ളിക്കളം, റ്റോമി ഇടത്തിൽ, ബിജു കിഴക്കേക്കുറ്റ്, വിജി നായർ, പീറ്റർ കുളങ്ങര, ജോബി മറ്റത്തിൽ, വർഗീസ് പാലമലയിൽ, റ്റാജു കണ്ടാരപ്പള്ളിൽ, പോൾസൻ കുളങ്ങര, സതീശൻ നായർ, അരവിന്ദ് പിള്ള, ഹെറാൾഡ് ഫിഗുരെദോ, ജോഷി വള്ളിക്കളം, പോൾ പറമ്പി എന്നിവരാണ് സമീപം.

(വാർത്ത 17 – ാം പേജിൽ)

ഫോട്ടോ: മോനു വർഗീസ്


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST WINDOWS & DOORS
45% OFF FOR WINDOWS
40% OFF FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

32nd Year of Service 2024
Price $1.00
NOT OUR MERIT BUT HIS GRACE · KERALA EXPRESS
# കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 നിപ്പ പടരുന്നു; ഒരു മരണം
8 സൗജന്യ ചികിത്സാ പദ്ധതിക്ക് അംഗീകാരം
10 ഹേമ കമ്മിറ്റി: നിയമസാധുത ചോദ്യംചെയ്ത് ഹർജി
14 ന്യൂയോർക്ക് കേരളാ സമാജത്തിന്റെ ഓണാഘോഷം
18 മറിയം സംഗമം ആത്മീയ ഉണർവാക്കി

## പൂഞ്ചിൽ ഏറ്റുമുട്ടൽ തുടരുന്നു; കശ്മീരിൽ ആദ്യഘട്ട പോളിങ് ബുധനാഴ്ച

ന്യൂഡൽഹി: ജമ്മുകശ്മീരിലെ പൂഞ്ച് ജില്ലയിൽ 14-ന് ശനിയാഴ്ച വൈകുന്നേരം സുരക്ഷാസേനയും ഭീകരരും തമ്മിൽ വീണ്ടും ഏറ്റുമുട്ടലുണ്ടായി. പത്തനട്ടീർ മേഖലയിലാണ് സംഭവം. സൈന്യവും പോലീസും സംയുക്തമായി തെരച്ചിൽ നടത്തിയതിനെത്തുടർന്നാണ് ഭീകരർ വെടിയുതിർത്തത്. മെന്ധർ സബ് ഡിവിഷനു സമീപം ഗുർസായ് ടോപ്പിൽ ഭീകരരുടെ സാന്നിദ്ധ്യമുണ്ടെന്ന രഹസ്യവിവരത്തെ തുടർന്നായിരുന്നു സംഘം തെരച്ചിൽ നടത്തിയത്. സെപ്റ്റംബർ 18-ന് അനന്ത്നാഗ്, പുൽവാമ, ഷോപിയാൻ, കുൽഗാം ജില്ലകളിലെ 16 മണ്ഡലങ്ങൾക്കൊപ്പം ചെനാബ് താഴ്‌വരയിലെ ദോഡ, കിഷ്ത്വാർ, റാംബാൻ ജില്ലകളിലെ എട്ടു സീറ്റുകളിലും വോട്ടെടുപ്പ് നടക്കുകയാണ്. വോട്ടെടുപ്പിനെ അട്ടിമറിക്കാനുള്ള ഭീകരരുടെ ശ്രമങ്ങളെ എന്തു വിലകൊടുത്തും പരാജയപ്പെടുത്താനുള്ള നീക്കമാണ് സൈന്യം നടത്തുന്നത്. നേരത്തെ ബാരമുള്ള ജില്ലയിലുണ്ടായ ഏറ്റുമുട്ടലിൽ മൂന്നു ഭീകരരെ സൈന്യം വധിച്ചിരുന്നു. പൂഞ്ചിലെ പത്താൻ മേഖലയിൽ 13-നാണ് ഏറ്റുമുട്ടൽ ആരംഭിച്ചത്. പിന്നീട് 16-ന് ഇവിടെ വീണ്ടും ഏറ്റുമുട്ടലുണ്ടായി. ഏറ്റുമുട്ടലുകളിൽ രണ്ട് സൈനികർ വീരമൃത്യു വരിച്ചതിനെത്തുടർന്ന് കിഷ്ത്വാർ, ഉധംപൂർ, പൂഞ്ച്, രജൗരി ജില്ലകളിൽ സുരക്ഷാസേന ഭീകരവിരുദ്ധ നടപടികൾ വർദ്ധിപ്പിച്ചിരുന്നു. ജെസിഒ ഉൾപ്പെടെ രണ്ട് സൈനികരെ കൊലപ്പെടുത്തിയ ഭീകരരെ കണ്ടെത്താനാണ് തെരച്ചിൽ.

### വയനാട് ദുരന്തം:
## ചെലവഴിച്ച തുകകൾ വെളിപ്പെടുത്തി സർക്കാർ



കൊച്ചി: വയനാട് ദുരന്തത്തിൽ മരിച്ച 359 പേരുടെ മൃതദേഹങ്ങൾ സംസ്കരിക്കാൻ ചെലവായത് 2,76,75,000 രൂപ. ഇതനുസരിച്ച് ഒരു മൃതദേഹം സംസ്കരിക്കാൻ 75,000 രൂപയാണ് ചെലവ്. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്ന് ഹൈക്കോടതി സ്വമേധയാ എടുത്ത ഹർജിയിൽ സർക്കാർ നല്കിയ കണക്കുകളാണിത്. ഓഗസ്റ്റ് 17-നാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

1555 വീടുകൾ പൂർണമായും 452 വീടുകൾ ഭാഗികമായും തകർന്നു. വസ്ത്രങ്ങളും പാത്രങ്ങളും തകർന്ന വകയിൽ വലിയ നഷ്ടമുണ്ടായി. 2500 രൂപ വീതം വസ്ത്രങ്ങളും പാത്രങ്ങളും വാങ്ങാൻ ചെലവായത് ആകെ 11 കോടി രൂപ. ദുരന്തത്തിനുശേഷം 90 ദിവസത്തേക്ക് ദുരിതബാധിതർക്ക് ദിവസം 300 രൂപ കണക്കിൽ 5.43 കോടി രൂപ നല്കി.

സൈനികരുടെയും വോളന്റിയർമാരുടെയും യാത്രച്ചെലവ് ഇനത്തിൽ നാലു കോടി രൂപ, ഇവർക്കുള്ള ഭക്ഷണം, വെള്ളം ചെലവ് ഇനത്തിൽ 10 കോടി രൂപ, അവരുടെ താമസച്ചെലവ് 15 കോടി രൂപ, ഇവർക്കുള്ള വൈദ്യസഹായത്തിന് 2.02 കോടി രൂപ. ബെയ്‌ലി പാലത്തിന്റെ (ശേഷം 24-ാം പേജിൽ)

## കെജ്‌രിവാൾ ജയിൽ മോചിതനായി; മുഖ്യമന്ത്രി സ്ഥാനം രാജിവെക്കുന്നു





ന്യൂഡൽഹി: ജയിൽ മോചിതനായ കെജ്‌രിവാൾ മുഖ്യമന്ത്രി സ്ഥാനത്തു നിന്ന് രാജിവെക്കുമെന്ന് പ്രഖ്യാപിച്ചു. ഡൽഹി മദ്യനയ അഴിമതിക്കേസിൽ ജാമ്യം ലഭിച്ചു പുറത്തെത്തിയശേഷം പാർട്ടി ഓഫീസിലെത്തിയ കെജ്‌രിവാൾ പ്രവർത്തകരെ അഭിസംബോധന ചെയ്തു നടത്തിയ പ്രസംഗത്തിലാണ് രാജിക്കാര്യം വ്യക്തമാക്കിയത്.

രാജിവെക്കരുതെന്നു യോഗത്തിൽ അണികൾ അഭ്യർത്ഥിച്ചു. എന്നാൽ, നിരപരാധിത്വം തെളിഞ്ഞ ശേഷമേ ഇനി സ്ഥാനത്തേക്ക് തിരികെ എത്തു എന്നാണ് കെജ്‌രിവാൾ വ്യക്തമാക്കിയത്.

"ഞാൻ മുഖ്യമന്ത്രിയാകണമോയെന്നു ജനങ്ങൾ തീരുമാനിക്കട്ടെ. ആരാകണം അടുത്ത മുഖ്യമന്ത്രിയെന്നു പാർട്ടി എംഎൽഎമാർ പറയും. തെരുവിലേക്കും ഓരോ വീട്ടിലേക്കും ഞാനിറങ്ങുകയാണ്. ജനങ്ങളിൽ നിന്നു തീരുമാനം ഉണ്ടാകുന്നതുവരെ ഞാൻ മുഖ്യമന്ത്രിക്കസേരയിൽ ഇരിക്കില്ല. സുപ്രീം കോടതി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ കാരണം ഞങ്ങൾക്കു ജോലി ചെയ്യാനാകില്ലെന്നു ചിലയാളുകൾ പറയുന്നു. ഞാൻ സത്യസന്ധനാണെന്നു നിങ്ങൾക്കു തോന്നിയാൽ വലിയ തോതിൽ എനിക്ക് വോട്ട് രേഖപ്പെടുത്തണം. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടാൽ മാത്രമേ ഞാൻ മുഖ്യമന്ത്രിക്കസേരയിൽ ഇരിക്കൂ. ഫെബ്രുവരിയിലാണ് തെരഞ്ഞെടുപ്പ് നടക്കേണ്ടത്.

(ശേഷം 24-ാം പേജിൽ)

## സീതാറാം യെച്ചൂരി ഓർമയായി



ന്യൂഡൽഹി: ഇന്ത്യയിലെ മുതിർന്ന കമ്യൂണിസ്റ്റ് നേതാവും സിപിഎം ജനറൽ സെക്രട്ടറിയുമായ സീതാറാം യെച്ചൂരി (72) അന്തരിച്ചു. ശ്വാസകോശ അണുബാധയെത്തുടർന്ന് കഴിഞ്ഞ മാസം 19 മുതൽ എയിംസിൽ ചികിത്സയിലായിരുന്നു. സെപ്റ്റംബർ 12-ന് ഉച്ചകഴിഞ്ഞ് 3.03-നായിരുന്നു അന്ത്യം. മൃതദേഹം അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം വൈദ്യപഠനത്തിനായി എയിംസിനു വിട്ടുകൊടുത്തു. 2021-ൽ അമ്മ കൽപകത്തിന്റെ മൃതദേഹവും എയിംസിനു കൈമാറുകയായിരുന്നു. ഭാര്യ: സീമ ചിഷ്തി (എഡിറ്റർ, ദ് വയർ). മക്കൾ: അഖില, ഡാനിഷ്, പരേതനായ ആശിഷ്.

ആന്ധ്ര സ്വദേശികളായ എസ്.എസ്. യെച്ചൂരിയുടെയും കൽപകത്തിന്റെയും മകനായി ചെന്നൈയിൽ 1952 ഓഗസ്റ്റ് 12-നായിരുന്നു ജനനം. സീതാരാമറാവു എന്ന പേരിലെ ജാതിവാൽ മുറിച്ച് പിൽക്കാലത്ത് സീതാറാം യെച്ചൂരിയാകുകയായിരുന്നു. 1969-ൽ ഡൽഹിയിലേക്കുള്ള വരവ് വഴിത്തിരിവായി. പ്രസിഡന്റ്സ് എസ്റ്റേറ്റ് സ്കൂളിൽനിന്നു ഹയർ സെക്കൻഡറിക്ക് സിബിഎസ്ഇ ഒന്നാം റാങ്കുകാരനായി. സെന്റ് സ്റ്റീഫൻസ് കോളജിൽനിന്ന്

(ശേഷം 24-ാം പേജിൽ)

## ചലച്ചിത്ര മേഖലയിൽ പുതിയ സംഘടന

കൊച്ചി: ചലച്ചിത്ര രംഗത്ത് നിലവിലുള്ള സംഘടനകൾക്ക് ബദലായി പുതിയൊരു സംഘടനയുമായി ചലച്ചിത്രപ്രവർത്തകർ. സംവിധായകരായ അഞ്ജലി മേനോൻ, ലിജോ ജോസ് പെല്ലിശേരി, ആഷിഖ് അബു, രാജീവ് രവി, അഭിനേത്രി റിമ കല്ലിങ്കൽ, ചലച്ചിത്രപ്രവർത്തകൻ ബിനീഷ് ചന്ദ്ര എന്നിവർ സംയുക്തമായി പുറത്തിറക്കിയ പ്രസ്താവനയിലാണ് ഇതു സംബന്ധിച്ച സൂചനയുള്ളത്. ഇക്കാലത്തെ മറ്റു വ്യവസായ മേഖലകളുമായി തുലനം ചെയ്യുമ്പോൾ സിനിമാ മേഖല പിന്നിലാണെന്നും ആധുനിക സംവിധാനങ്ങളും നിയമ ചട്ടക്കൂടുകളും കൂട്ടുത്തരവാദിത്തവും ഉൾക്കൊണ്ട് മലയാള ചലച്ചിത്ര വ്യവസായത്തെ വർത്തമാന കാലത്തിലേക്ക് കൊണ്ടുവരേണ്ട സമയമാണിതെന്നും പ്രസ്താവനയിൽ പറയുന്നു. സമത്വം, സഹകരണം, സാമൂഹിക നീതി എന്നീ മൂല്യങ്ങളിൽ വേരൂന്നിയ ഈ സംഘടന തൊഴിലാളികളുടെയും നിർമ്മാതാക്കളുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും വ്യവസായത്തെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്താനുള്ള പ്രയത്നങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്നും പ്രസ്താവന വ്യക്തമാക്കുന്നു.


അഞ്ജലി മേനോൻ


റിമ കല്ലിങ്കൽ


ലിജോ ജോസ്


ആഷിഖ് അബു

# ആർഎസ്എസ് – എഡിജിപി കൂടിക്കാഴ്ചയിൽ അന്വേഷണം വരും

തിരുവനന്തപുരം: ആർഎസ്എസ് നേതൃത്വവുമായി എഡിജിപി എം. ആർ. അജിത്കുമാർ നടത്തിയ കൂടിക്കാഴ്ച സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം ഒരുങ്ങുന്നു. കൂടിക്കാഴ്ച എന്തിന്, ആരുടെ നിർദേശപ്രകാരം നടത്തി എന്നതിനുള്ള ഉത്തരം അജിത്കുമാറിൽ നിന്ന് തേടും. വ്യക്തിപരമായ കൂടിക്കാഴ്ചയെന്നാണ് മറുപടിയെങ്കിൽ അതിന്റെ ഉദ്ദേശ്യവും ആരായും. കൂടിക്കാഴ്ചയിൽ ഒപ്പം ആരൊക്കെഉണ്ടായിരുന്നു എന്നതും അന്വേഷിക്കും.

ആർഎസ്എസ് നേതാവ് റാം മാധവുമായി കോവളത്ത് നടത്തിയ കൂടിക്കാഴ്ചയിൽ ചെന്നൈയിലെ മലയാളി വ്യവസായി ആർ. പ്രേംകുമാർ, മുഖ്യമന്ത്രി പിണറായി വിജയന്റെ സഹോദരന്റെ കൊച്ചുമകനും കൈരളി ടിവി മാർക്കറ്റിങ് മാനേജരുമായ ജിഗീഷ് നാരായൺ, ആർഎസ്എസ് നേതാവ് എ. ജയകുമാർ എന്നിവർ ഒപ്പമുണ്ടായിരുന്നെന്നാണ് മുൻപ് പുറത്തുവന്ന വിവരം. എന്നാൽ, ഇക്കാര്യം പ്രേംകുമാറും ജഗീഷും നിഷേധിച്ചിരുന്നു.

സർക്കാരിനെ പ്രതിരോധത്തിലാക്കിയ വിഷയമായി കൂടിക്കാഴ്ചാ വിവാദം കത്തിപ്പടർന്നതോടെ, ഇക്കാര്യം പ്രത്യേകം അന്വേഷിക്കാനാണ് തീരുമാനം. മലപ്പുറത്തെസ്വർണം പൊട്ടിക്കലുമായി ബന്ധപ്പെട്ട് അജിത്കുമാറിനും മുൻ എസ്പി സുജിത് ദാസിനുമെതിരെ പി.വി.അൻവർ എംഎൽഎ ഉയർത്തിയ ആരോപണങ്ങളും അന്വേഷണപരിധിയിലുണ്ട്. കോഴിക്കോട്ടെ റിയൽ എസ്റ്റേറ്റ് ഇടപാടുകാരൻ മുഹമ്മദ് ആട്ടൂർ എന്ന മാമിയെ കാണാതായതുമായി ബന്ധപ്പെട്ട കേസ് അന്വേഷിച്ച കോഴിക്കോട് കമ്മീഷണർ ടി. നാരായണൻ അന്വേഷണത്തിൽ മലപ്പുറം എസ്പി എസ്. ശശിധരനെ കൂടി ഉൾപ്പെടുത്തിയതും ഡിജിപി പരിശോധിക്കും. മാമിയുടെ തിരോധാനത്തിൽ എഡിജിപി അജിത്കുമാറിനു പങ്കുണ്ടെന്ന് അൻവർ ആരോപിച്ചിരുന്നു.

പിന്നാലെ അന്വേഷണവിവരങ്ങൾ എഡിജിപി വഴി തനിക്ക് അയയ്ക്കരുതെന്ന നിർദേശം നാരായണനും ശശിധരനും ലംഘിച്ചതിൽ ഡിജിപിക്ക് അതൃപ്തിയുണ്ട്. അക്കാര്യത്തിൽ ഇരുവരോടും വിശദീകരണം തേടുമെന്നാണ് സൂചന. അനധികൃത സ്വത്തു സമ്പാദനം അടക്കമുള്ള പരാതികളിൽ അജിത്കുമാറിനെതിരായ വിജിലൻസ് അന്വേഷണം സംബന്ധിച്ച സർക്കാർ ഉത്തരവും ഉണ്ടാകുമെന്നാണ് വിവരം.

# കമലയെയും ട്രംപിനെയും വിമർശിച്ച് മാർപാപ്പ

വത്തിക്കാൻ സിറ്റി: അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ഏറ്റുമുട്ടുന്ന കമല ഹാരിസും ഡോണൾഡ് ട്രംപും 'ജീവനെ എതിർക്കുന്നവരാണെന്നും അമേരിക്കൻ വോട്ടർമാർ ഇവരിൽ ദുഷ്ടത്തരം കുറഞ്ഞയാൾക്ക് വോട്ട് ചെയ്യണമെന്നും' ഫ്രാൻസിസ് മാർപാപ്പ. 12 ദിവസം നീണ്ട അപ്പസ്തോലിക പര്യടനം പൂർത്തിയാക്കി റോമിലേക്കുള്ള മടക്കയാത്രയിൽ വിമാനത്തിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ, അമേരിക്കൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചോദ്യത്തോട് പ്രതികരിക്കുകയായിരുന്നു മാർപാപ്പ.



കമല ഹാരിസിന്റെയും ട്രംപിന്റെയും പേരെടുത്തു പറയാതെയായിരുന്നു മാർപാപ്പയുടെ വിമർശനം. കുടിയേറ്റക്കാരെ സ്വീകരിക്കാതിരിക്കൽ വലിയ തിന്മയാണെന്ന് ട്രംപിനെ ഉദ്ദേശിച്ച് മാർപാപ്പ പറഞ്ഞു. ഗർഭച്ഛിദ്രം കൊലപാതകമാണെന്ന് കമല ഹാരിസിന്റെ നിലപാടിനെ പരാമർശിച്ചും അദ്ദേഹം പറഞ്ഞു. കുടിയേറ്റക്കാരെ ചവിട്ടി പുറത്താക്കുന്നയാളും ശിശുക്കളെ വധിക്കുന്നയാളും ജീവനെതിരാണ്. ഗർഭസ്ഥശിശുവിനെ നശിപ്പിക്കുന്നത് കൊലപാതകമാണ്. അതേസമയം, അമേരിക്കക്കാർ വോട്ട് ചെയ്യാതിരിക്കരുതെന്നും ചെറിയ ദുഷ്ടനെ തെരഞ്ഞെടുക്കണമെന്നും മാർപാപ്പ കൂട്ടിച്ചേർത്തു. ഫ്രാൻസിസ് മാർപാപ്പ രാഷ്ട്രീയ വിഷയങ്ങളിൽ പ്രതികരിക്കുന്നത് അപൂർവമാണ്. കുടിയേറ്റ വിരുദ്ധനായ ട്രംപ് ക്രിസ്ത്യാനിയല്ലെന്ന് 2018-ലെ തെരഞ്ഞെടുപ്പിൽ മാർപാപ്പ വിമർശിച്ചിരുന്നു.

# ഹേമ കമ്മിറ്റി: റിപ്പോർട്ടു പഠിച്ചശേഷം മൊഴിയെടുക്കും

തിരുവനന്തപുരം: സിനിമ മേഖലയുമായി ബന്ധപ്പെട്ട ജസ്റ്റിസ് ഹേമ കമ്മിറ്റിയുടെ പൂർണ റിപ്പോർട്ട് വിശദമായി പഠിച്ചശേഷമായിരിക്കും മൊഴിയെടുപ്പിലേക്ക് പ്രത്യേക അന്വേഷണസംഘം (എസ്ഐടി) കടക്കുക. അനുബന്ധങ്ങളടക്കം ഏകദേശം 4000 പേജുള്ള പൂർണറിപ്പോർട്ട് പഠിക്കുകയാണെന്നും എത്രയും വേഗം മൊഴിയെടുപ്പിലേക്കും തുടർനടപടികളിലേക്കും കടക്കുമെന്നും പോലീസ് വൃത്തങ്ങൾ പറഞ്ഞു.

നടിമാരടക്കമുള്ളവർ സമൂഹമാധ്യമങ്ങളിലൂടെയും മറ്റും ഉന്നയിച്ച ആരോപണങ്ങൾ അന്വേഷിക്കാൻ സർക്കാർ രൂപം നല്കിയ പ്രത്യേക സംഘം ഹൈക്കോടതിയുടെ ഇടപെടലിനെ തുടർന്നാണ് ഹേമ കമ്മിറ്റി റിപ്പോർട്ടിലേക്കും അന്വേഷണം വ്യാപിപ്പിച്ചത്. റിപ്പോർട്ടിൽ മുൻപ് മറച്ചുവെച്ച ഭാഗങ്ങളടക്കം സംഘത്തിന്റെ കയ്യിലെത്തിയതോടെ, അതിക്രമങ്ങളിൽ കൂടുതൽ പേർക്കെതിരെ കേസെടുക്കാൻ സാധ്യത തുറന്നേക്കും. അതിക്രമങ്ങൾക്കിരയായവരിൽ ചിലർ കമ്മിറ്റി മുമ്പാകെ വിശദമായി സംസാരിച്ചിട്ടുണ്ട്. ഇവയടക്കം പരിശോധിച്ചശേഷം മൊഴിയെടുക്കേണ്ടവരുടെ പട്ടിക തയ്യാറാക്കും. അതിക്രമത്തിന് ഇരയായതായി വെളിപ്പെടുത്തൽ നടത്തിയവരെയെല്ലാം അന്വേഷണസംഘത്തിലെ വനിതാ ഉദ്യോഗസ്ഥർ ബന്ധപ്പെടും. ഇവരിൽ എത്രപേർ അന്വേഷണസംഘത്തിനു മൊഴി നല്കി നിയമനടപടികളുമായി മുമ്പോട്ടു പോകാൻ തയ്യാറാകുമെന്ന കാര്യത്തിൽ വരുംദിവസങ്ങളിൽ വ്യക്തത വരും.

# എംപോക്സ് വാക്സിന് അനുമതി

ജനീവ: ആഫ്രിക്കയിലും ലോകത്തിന്റെ മറ്റു പല ഭാഗങ്ങളിലും പടരുന്ന എംപോക്സിനെ പ്രതിരോധിക്കാനുള്ള വാക്സിന് ലോകാരോഗ്യ സംഘടന (ഡബ്ല്യുഎച്ച്ഒ) ആദ്യമായി അനുമതി നല്കി. ഡെന്മാർക്ക് കമ്പനിയായ ബവേറിയൻ നോർഡിക്കിന്റെ വാക്സിനാണ് യോഗ്യത നേടിയത്. വാക്സിന്റെ ആധികാരികതയ്ക്ക് പിന്നാക്ക രാജ്യങ്ങൾ ആശ്രയിക്കുന്നത് ഡബ്ല്യുഎച്ച്ഒയുടെ അനുമതിയാണ്.

18 വയസിനു മുകളിൽ പ്രായമുള്ളവർക്ക് രണ്ട് ഡോസായി നല്കുന്ന വാക്സിനാണിത്. ഔദ്യോഗിക അംഗീകാരമില്ലെങ്കിലും അടിയന്തര സാഹചര്യങ്ങളിൽ 18-നു താഴെയുള്ളവർക്കും നവജാത ശിശുക്കൾക്കും വാക്സിൻ നല്കാനായേക്കും. എംപോക്സ് ഏറ്റവും കൂടുതൽ പടരുന്ന ഡി.ആർ. കോംഗോയിൽ സ്ഥിരീകരിച്ച കേസുകളിൽ 70 ശതമാനവും 15 വയസിൽ താഴെയുള്ളവരാണ്.

# നിപ്പ പടരുന്നു; ഒരു മരണം

മലപ്പുറം: പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ മരിച്ച 24-വയസ്സുകാരന്റെ മരണം നിപ്പ വൈറസ് മൂലമാണെന്ന് സ്ഥിരീകരിച്ചു. ഇതിനു പിന്നാലെ ജില്ലയിൽ പത്തു പേർക്കു കൂടി നിപ്പ ലക്ഷണം. ഇവരുടെ സ്രവ സാമ്പിളുകൾ ശേഖരിച്ചെന്നും കോഴിക്കോട് ലാബിൽ പരിശോധിക്കുമെന്നും ആരോഗ്യവകുപ്പ് അറിയിച്ചു. സെപ്റ്റംബർ 9-നാണ് യുവാവ് മരിച്ചത്. യുവാവ് മസ്തിഷ്ക ജ്വരത്തിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിച്ചിരുന്നതായി ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. നിപ്പ സ്ഥിരീകരിച്ചതിനു പിന്നാലെ മലപ്പുറം മലപ്പുറം ജില്ലയിൽ മാസ്ക് നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പൊതുജനങ്ങൾ കൂട്ടം കൂടാൻ പാടില്ല, തിയേറ്ററുകൾ അടച്ചിടണം, സ്കൂളുകളും കോളജുകളും അങ്കണവാടികളുമടക്കം പ്രവർത്തിക്കരുതെന്നും നിർദേശമുണ്ട്. പ്രദേശത്തെ വ്യാപാരസ്ഥാപനങ്ങൾ പത്തുമുതൽ വൈകിട്ട് ഏഴു വരെ മാത്രമേ പ്രവർത്തിപ്പിക്കാവൂ എന്നും ജില്ലാ കളക്ടർ അറിയിച്ചു.

മെഡിക്കൽ ഓഫീസർ നടത്തിയ ഡെത്ത് ഇൻവെസ്റ്റിഗേഷനിലാണ് നിപ്പ വൈറസ് എന്ന സംശയം ഉണ്ടായത്. ഉടൻതന്നെ ജില്ലാ മെഡിക്കൽ ഓഫീസർവഴി ലഭ്യമായ സാമ്പിളുകൾ കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് അയയ്ക്കുകയും പരിശോധനാഫലം പോസിറ്റീവായതോടെ തുടർനടപടികൾ സ്വീകരിക്കുകയുമായിരുന്നു.

പ്രോട്ടോകോൾ പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കാൻ മന്ത്രി വീണാ ജോർജ് നിർദേശം നൽകി. 16 കമ്മിറ്റികൾ രൂപീകരിച്ചിരുന്നുവെന്നും ഔദ്യോഗിക സ്ഥിരീകരണത്തിനായാണ് സാമ്പിളുകൾ പൂണെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ അയച്ചതെന്നും മന്ത്രി അറിയിച്ചു. ഈ പരിശോധനയിലാണ് നിപ്പ ഔദ്യോഗികമായി സ്ഥിരീകരിച്ചത്. ബെംഗ്ളൂരുവിൽ വിദ്യാർത്ഥിയായ യുവാവാണ് മരിച്ചത്. ഇതുവരെ 151 പേരുടെ പ്രാഥമിക സമ്പർക്ക പട്ടിക ആരോഗ്യവകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. പനി ബാധിച്ചതിനെത്തുടർന്ന് മലപ്പുറത്തെ നാല് സ്വകാര്യ ആശുപത്രികളിൽ യുവാവ് ചികിത്സ തേടിയിട്ടുണ്ട്. ഇതുകൂടാതെ സുഹൃത്തുക്കൾക്കൊപ്പം ചില സ്ഥലങ്ങളിൽ യാത്ര ചെയ്തിട്ടുമുണ്ട്. ഇവരുടെ എല്ലാവരുടെയും തന്നെ വിവരങ്ങൾ ശേഖരിച്ച് നേരിട്ട് സമ്പർക്കത്തിൽ ഏർപ്പെട്ടവരെ ഐസലേഷനിലേക്ക് മാറ്റിയതായും ആരോഗ്യമന്ത്രി വ്യക്തമാക്കി.

നിപ്പ സ്ഥിരീകരിച്ചതിനെത്തുടർന്ന് മലപ്പുറം ജില്ലയിലെ രണ്ട് പഞ്ചായത്തുകളിലായി അഞ്ച് വാർഡുകളിൽ നിയന്ത്രണം ഏർപ്പെടുത്തിയതായി ജില്ലാ കളക്ടർ അറിയിച്ചു. തിരുവാലി, മമ്പാട് പഞ്ചായത്തുകളിലെ 5 വാർഡുകളിലാണ് നിയന്ത്രണം. തിരുവാലിയിലെ 4, 5, 6, 7 വാർഡുകളും മമ്പാട് ഏഴാം വാർഡുമാണ് കണ്ടെയ്ൻമെന്റ് സോണുകളായി പ്രഖ്യാപിച്ചിരിക്കുന്നത്.

# ഓണമദ്യവില്പനയിൽ ഇടിവ്

തിരുവനന്തപുരം: ഓണക്കാലത്തെ മദ്യവില്പനയിൽ ഇക്കുറി ഇടിവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷത്തേക്കാൾ 14 കോടി രൂപയുടെ കുറവാണ് ഇത്തവണ രേഖപ്പെടുത്തിയത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ബാറുകളുടെ എണ്ണം കൂടിയിട്ടും മദ്യവില്പന കുറഞ്ഞുവെന്നാണ് പുറത്തുവന്ന കണക്കുകൾ സൂചിപ്പിക്കുന്നത്. ഉത്രാടദിനം വരെ ഒൻപത് ദിവസം 701 കോടി രൂപയുടെ മദ്യവില്പന ഇത്തവണ നടന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. എന്നാൽ, കഴിഞ്ഞതവണ ഈ സമയം 715 കോടി രൂപയായിരുന്നു. അതേസമയം ഉത്രാടം ദിനത്തിൽ മാത്രമാണ് മദ്യവില്പന കൂടിയിരിക്കുന്നത്, നാല് കോടി രൂപയുടെ വർദ്ധനയാണ് ഇക്കുറി രേഖപ്പെടുത്തിയത്. 124 കോടി രൂപയുടെ മദ്യവില്പന യാണ് ഉത്രാടദിനത്തിൽ മാത്രം നടന്നത്.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 38
September 20, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid
Chicago, Illinois and additional
mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.



DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


**മഹദ്‌വചനം**

അരസികമായ കാര്യങ്ങൾ ഒന്നും തന്നെയില്ല. അരസികരായ മനുഷ്യർ മാത്രമേയുള്ളൂ.

**ജി.കെ. ചെസ്റ്റർട്ടൻ**

ഒരു തെറ്റിനെക്കുറിച്ചും ബോധമില്ലാതിരിക്കുകയാണ് ഏറ്റവും തെറ്റ്.

**തോമസ് കാർലൈൽ**

## SEEKING LEAD/SENIOR PASTOR

CHATTANOOGA CHRISTIAN ASSEMBLY

**Chattanooga Christian Assembly (an Independent, Pentecostal church) is looking for a full time Senior Pastor for Summer 2025 or earlier**

### Experience and Qualifications

- Ordained Pastor for at least 5 years in an established church and/or 10 years of ministry experience preferred.
- Ability to teach and preach the Word of God fluently in English and Malayalam.
- Bachelor's in Theology or related studies preferred (accredited).
- US Citizen or Green card holder.
- At least 35 years old and married.

**Candidates should apply no later than December 31, 2024**

**Send resume/references to:**

Jerald Thomas, Secretary
Chattanooga Christian Assembly
PO Box 21308 Chattanooga TN 37424
***email:*ccatn22@gmail.com | *Phone:* 423-402-1523 (cell)**

**For more information about our church, please visit www.ccachurchtn.org**






Steve Crifase

LIFE MEMBER MILLION DOLLAR ADVOCATES FORUM The Top Trial Lawyers In America™

## Trusted Representation Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

**Your call is Always Welcome**

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau
AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## മണിപ്പൂരിന് ശാശ്വത സമാധാനം വേണം

ഇടവേളയ്ക്കുശേഷം മണിപ്പൂർ വീണ്ടും അശാന്തിയിലാണ്. തുടരുന്ന സംഘർഷത്തിന് അറുതിവരുത്തി അവിടെ ശാന്തി പുലർത്താൻ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നു കാര്യമായ ശ്രമങ്ങളൊന്നും ഉണ്ടാകുന്നില്ല. മുഖ്യമന്ത്രി ബിരേൻ സിങ്ങിനു നിക്ഷിപ്ത താൽപര്യങ്ങളുണ്ടെന്ന് ആരോപിക്കപ്പെടുന്ന സാഹചര്യത്തിൽ വിശേഷിച്ചും.

പതിനാറു മാസമായി തുടരുന്ന കലാപം വീണ്ടും കൈവിട്ടുപോകുന്നു. ഇന്ത്യ കണ്ട ഏറ്റവും ദൈർഘ്യമേറിയ കലാപത്തിൽ ഇതിനകം ഏകദേശം 240 പേർ കൊല്ലപ്പെട്ടു. അരലക്ഷം പേർ ഭവനരഹിതരായി. ഒരാഴ്ചയ്ക്കിടെ കൊല്ലപ്പെട്ടവരുടെ എണ്ണം പതിനൊന്നായതും പലയിടത്തും മെയ്തെയ്-കുക്കി വിഭാഗക്കാർ തമ്മിൽ യുദ്ധസമാന സാഹചര്യം നിലനിൽക്കുന്നതും അതീവ ആശങ്കയാണുണ്ടാക്കുന്നത്. പ്രക്ഷോഭവുമായി വിദ്യാർഥികൾ തെരുവിലിറങ്ങിയതും സംഘർഷാവസ്ഥ കൂട്ടുന്നു.

മെയ്തെയ്കളും കുക്കികളും കഴിഞ്ഞ ദിവസങ്ങളിൽ ഏറ്റുമുട്ടലിനു ഡ്രോണുകളും റോക്കറ്റ് പ്രൊപ്പൽഡ് ഗ്രനേഡുകളും ഉപയോഗിച്ചതോടെ അതിർത്തികളിൽ താമസിക്കുന്നവർ ഉൾപ്പെടെ കടുത്ത ഭീതിയിലാണ്. മണിപ്പൂരിൽ ആദ്യമായാണ് ആയുധങ്ങൾ ഘടിപ്പിച്ച ഡ്രോൺ ഉപയോഗിച്ചുള്ള ആക്രമണങ്ങൾ. കലാപത്തിന്റെ ആദ്യനാളുകളിൽ സർക്കാരിന്റെ ആയുധപ്പുര കൊള്ളയടിച്ച മെയ്തെയ് വിഭാഗക്കാർ വീണ്ടും അതിനു ശ്രമിച്ചതും ഈ സംഘർഷവേളയിലാണ്.

കലാപം സംസ്ഥാന സർക്കാർ കണ്ടുനിൽക്കുകയാണെന്നു കുറ്റപ്പെടുത്തി, മണിപ്പൂരിൽ സമ്പൂർണ ഭരണത്തകർച്ചയെന്നു സുപ്രീം കോടതി നേരത്തേ ആവർത്തിച്ചുപറഞ്ഞിട്ടുണ്ട്. എന്നാൽ, ധാർമികമായിത്തന്നെ അതിന് ഉത്തരവാദിയായ മുഖ്യമന്ത്രി സമാധാനശ്രമങ്ങൾ നടത്തുന്നില്ലെന്നു മാത്രമല്ല, കുക്കി വിഭാഗക്കാരിൽ അസ്വസ്ഥതയും ആശങ്കയുമുണ്ടാക്കുന്ന വിധം പ്രകോപനപരമായ നിലപാടെടുക്കുകയും ചെയ്യുന്നു. കലാപം വീണ്ടും പൊട്ടിപ്പുറപ്പെട്ട സാഹചര്യത്തിൽ പോലീസും കരസേനയും വിവിധ കേന്ദ്ര സേനകളും ചേർന്നുള്ള സംയുക്തസേനയുടെ (യൂണിഫൈഡി കമാൻഡ്) നിയന്ത്രണം വിട്ടുകിട്ടണമെന്നും തീവ്ര കുക്കി സംഘടനകളെ മാവോയിസ്റ്റുകളെയെന്നപോലെ കൈകാര്യം ചെയ്യാൻ അർധസൈനിക വിഭാഗങ്ങൾക്കു നിർദേശം നൽകണമെന്നും മറ്റും മുഖ്യമന്ത്രി ഗവർണറെക്കണ്ട് ആവശ്യപ്പെട്ടതിൽ പക്ഷപാത നിലപാട് ആരോപിക്കപ്പെടുന്നുണ്ട്.

സംയുക്തസേനയിൽ ഉൾപ്പെട്ട മണിപ്പൂർ പോലീസിനു കീഴിലുള്ള കമാൻഡോകൾ മെയ്തെയ് വിഭാഗത്തിനൊപ്പം പക്ഷം ചേരുമ്പോൾ അസം റൈഫിൾസും ബിഎസ്എഫും ആർമിയും സ്വതന്ത്രനിലപാടാണ് സ്വീകരിക്കുന്നത്. കുക്കി ഭൂരിപക്ഷ പ്രദേശങ്ങളിൽനിന്ന് അസം റൈഫിൾസിനെ പിൻവലിച്ച് സിആർപിഎഫിനെ വിന്യസിക്കാനുള്ള നീക്കത്തിൽ കുക്കികൾ ആശങ്കയിലാണ്. തീവ്ര മെയ്തെയ് പക്ഷക്കാർ കുക്കി ജില്ലകളിൽ കടന്നുകയറുന്നത് അസം റൈഫിൾസാണു തടഞ്ഞുപോന്നത്. ഇവരെ പിൻവലിച്ചാൽ വൻ വംശഹത്യ നടക്കുമെന്നാണ് കുക്കികളുടെ ആശങ്ക.

യൂണിഫൈഡ് കമാൻഡിന്റെ ചുമതല മുഖ്യമന്ത്രി ബിരേൻ സിങ്ങിനു കൈമാറുക, മണിപ്പൂരിന്റെ പ്രാദേശിക അഖണ്ഡത നിലനിർത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുള്ള വിദ്യാർഥിപ്രക്ഷോഭം കലാപത്തോടൊപ്പം കടന്നുവരുന്നതും ഗൗരവമുള്ളതാണ്. കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുന്നതിനായി മുഖ്യമന്ത്രിയുടെ ആശീർവാദത്തോടെയാണ് വിദ്യാർഥികളുടെ നീക്കമെന്ന ആരോപണം ഇതോടു ചേർത്തുവെക്കേണ്ടതുണ്ട്.

മണിപ്പൂർ കലാപം ജനങ്ങളെ ആഴത്തിൽ വിഭജിച്ചിരിക്കുകയാണ്. വംശീയ കലാപമല്ല, വർഗീയ കലാപമാണു മണിപ്പൂരിലുണ്ടായതെന്നും കലാപം ദീർഘകാലം തുടരാൻ അനുവദിച്ചതിലൂടെയാണു സ്ഥിതി ഇത്രയും വഷളായത്. മണിപ്പൂർ സന്ദർശിക്കുകയും ജനങ്ങളെ ആശ്വസിപ്പിക്കുകയും സംഘർഷത്തിന്റെ കനലണയ്ക്കുകയും ചെയ്യേണ്ട കടമ നരേന്ദ്ര മോദിക്കുണ്ടായിരുന്നു.

കലാപം അമർച്ച ചെയ്യാൻ ശ്രമിക്കാതെ, എന്തിനുവേണ്ടിയാണ്, ആർക്കുവേണ്ടിയാണ് മണിപ്പൂർ സർക്കാർ പ്രകോപനപരമായ നിലപാട് സ്വീകരിക്കുന്നതെന്ന ചോദ്യത്തിന് ഉത്തരംകിട്ടേണ്ടതുണ്ട്. വിവേകപൂർണമായ നടപടികളിലൂടെ അവിടെ ശാശ്വതസമാധാനത്തിനു വഴിതുറക്കാൻ കേന്ദ്ര സർക്കാർ ഇനിയും വൈകിക്കൂടെന്നു മാത്രമല്ല, മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നു പ്രകോപനപരമായ ഇടപെടലുകൾ ഉണ്ടാവാതിരിക്കാൻ ജാഗ്രത പുലർത്തുകയും വേണം. കലാപത്തിന്റെ ഇരുവശത്തുമുള്ളവരെ വിശ്വാസത്തിലെടുത്ത്, നിഷ്പക്ഷവും നീതിപൂർവകവുമായ നിലപാടുകളിലൂടെ വേണം സംസ്ഥാനത്തെ ശാന്തിയിലേക്കു തിരികെയെത്തിക്കാൻ. പ്രധാനമന്ത്രി നരേന്ദ്ര മോദിതന്നെ നേരിട്ടു മണിപ്പൂരിലെത്തി, സാർഥകമായ സമാധാനശ്രമങ്ങൾക്കു നേതൃത്വം വഹിക്കണമെന്ന് ആ മനോഹരഭൂമിയെ സ്നേഹിക്കുന്നവരെല്ലാം ഹൃദയപൂർവം ആഗ്രഹിക്കുന്നു.

### വയനാട് ദുരന്തം:
# മാനസികാരോഗ്യ രക്ഷയ്ക്കുള്ള പദ്ധതികൾ അറിയിക്കണമെന്ന് ഹൈക്കോടതി

കൊച്ചി: അച്ഛനെയും അമ്മയെയും നഷ്ടപ്പെട്ട കുട്ടികൾ ഉൾപ്പെടെ വയനാട് മുണ്ടക്കൈ-ചൂരൽമല ദുരന്ത ബാധിതരുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്താൻ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാൻ ഹൈക്കോടതി സംസ്ഥാന സർക്കാരിനു നിർദേശം നല്കി. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റിയുടെയും (കെൽസ) നേതൃത്വത്തിലുള്ള ഗ്രീവൻസ് സെല്ലിൽ ലഭിച്ച പരാതികളിൽ ജില്ലാതലത്തിൽ പരിഹാരം കണ്ടെത്താനായില്ലെങ്കിൽ രണ്ടാഴ്ചയ്ക്കകം പട്ടിക തയ്യാറാക്കി കോടതിയെ അറിയിക്കണമെന്നു ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് നിർദേശിച്ചു.

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത ഹർജി പരിഗണിക്കുകയായിരുന്നു ഡിവിഷൻ ബെഞ്ച്. ദുരന്ത ബാധിതർക്ക് ഉൾപ്പെടെ പബ്ലിക് ലയബിലിറ്റി ഇൻഷുറൻസ് ഏർപ്പെടുത്തുന്നത് പരിഗണിക്കണമെന്നും കോടതി നിർദേശിച്ചു. ഈ വിഷയങ്ങളിൽ ഇൻഷുറൻസ് കമ്പനികളുമായി ചർച്ച നടത്തുന്നുണ്ടെന്ന് അഡ്വക്കറ്റ് ജനറൽ ഗോപാലകൃഷ്ണ കുറുപ്പ് അറിയിച്ചു.

ദുരന്തബാധിതരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താനായി നടത്തുന്ന ആത്മാർഥ ശ്രമങ്ങൾ സംബന്ധിച്ചു സർക്കാരും കെൽസയും നല്കിയ റിപ്പോർട്ടുകളിൽ കോടതി സംതൃപ്തി പ്രകടിപ്പിച്ചു. തെരച്ചിൽ ഔദ്യോഗികമായി അവസാനിപ്പിച്ചിട്ടില്ലെന്നും ഡിഎൻഎ സാമ്പിളുകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ കാണാതായവരുടെ എണ്ണം 69 ആണെന്നും ഓഖി ദുരന്തത്തിൽ കാണാതായവരുടെ കുടുംബത്തിനു സഹായധനം നല്കിയ രീതിയിലാണ് വയനാട് ദുരന്തത്തിൽ കണ്ടെത്താൻ കഴിയാത്തവരുടെ കാര്യത്തിലും പരിഗണിക്കുന്നതെന്നും സർക്കാർ വ്യക്തമാക്കി.

## വയനാട് ദുരന്തം: വായ്പ എഴുതിത്തള്ളി

തിരുവനന്തപുരം: വയനാട് ഉരുൾപൊട്ടൽ ദുരിത മേഖലയിലെ ദുരന്തബാധിതരായ വായ്പക്കാരുടെ വായ്പ എഴുതിത്തള്ളാൻ തീരുമാനിച്ചതായി സംസ്ഥാന സഹകരണ കാർഷിക-ഗ്രാമവികസന ബാങ്ക് പ്രസിഡണ്ട് സി.കെ. ഷാജിമോഹൻ അറിയിച്ചു. സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും വായ്പയെടുത്ത 52 പേരുടെ 64 വായ്പകളാണ് എഴുതിത്തള്ളുന്നത്. 1,05,66,128 രൂപയുടെ വായ്പയാണ് ഒഴിവാക്കുന്നത്. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഈടായി നല്കിയ പ്രമാണങ്ങൾ വായ്പക്കാർക്ക് തിരികെ നല്കും. മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ ഉരുൾപൊട്ടൽ ദുരന്തമേഖലയിൽ സംസ്ഥാന സഹകരണ-കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും വായ്പയെടുത്ത 52 പേരുടെ ജീവനോപാധികൾ നഷ്ടപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് മാനുഷിക പരിഗണന നല്കി സുപ്രധാന തീരുമാനം സ്വീകരിച്ചത്. വൈത്തിരി പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പയാണിത്. 42 കാർഷിക വായ്പകളും 21 റൂറൽ ഹൗസിംഗ് വായ്പകളും ഒരു കാർഷികേതര വായ്പയും ഇതിൽ ഉൾപ്പെടുന്നു. രേഖകൾ തിരികെ നല്കുന്നതിനൊപ്പം ദുരന്തബാധിതർക്ക് സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ സഹായം എന്ന നിലയിൽ ധനസഹായവും നല്കാൻ തീരുമാനിച്ചിട്ടുണ്ട്. വയനാട് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 50 ലക്ഷം രൂപ ഇതിനകം നല്കിയിട്ടുണ്ടെന്നും ബാങ്ക് പ്രസിഡണ്ട് സി.കെ. ഷാജിമോഹൻ പറഞ്ഞു.

# ചീഫ് ജസ്റ്റിസിന്റെ വീട്ടിലെ ഗണപതിപൂജയിൽ പ്രധാനമന്ത്രി പങ്കെടുത്തതിൽ വിമർശനം

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദി സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ വീട്ടിലെത്തി ഗണപതി പൂജയിൽ പങ്കെടുത്തതിൽ വിമർശനവുമായി മുതിർന്ന അഭിഭാഷകരും പ്രതിപക്ഷവും. ജുഡീഷറിയുടെ

ഭരണഘടനയുടെ സംരക്ഷകൻ രാഷ്ട്രീയക്കാരുമായി കൂടിക്കാഴ്ച നടത്തുന്നത് ശരിയല്ലെന്നും പ്രധാനമന്ത്രി എതിർകക്ഷിയായിട്ടുള്ള കേസുകളിൽ പ്രതിപക്ഷത്തിന് നീതി ലഭിക്കുമോ എന്നതു സംശയമാണെന്നും ശിവസേന

ഞ്ഞു. അതേസമയം, പ്രധാനമന്ത്രിയുടെ സന്ദർശനം രാഷ്ട്രീയവത്കരിക്കേണ്ടതില്ലെന്നും ഗണപതിപൂജ ആഘോഷങ്ങൾ ഇന്ത്യയുടെ സംസ്കാരത്തിന്റെ ഭാഗമാണെന്നും ബിജെപി പ്രതികരിച്ചു.



സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ വീട്ടിലെ ഗണപതിപൂജയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തപ്പോൾ.

യും എക്സിക്യൂട്ടീവിന്റെയും അധികാരങ്ങൾ തമ്മിലെ വേർതിരിവിൽ ചീഫ് ജസ്റ്റിസ് വിട്ടുവീഴ്ച വരുത്തിയെന്നും നടപടിയെ സുപ്രീംകോടതി ബാർ അസോസിയേഷൻ അപലപിക്കണമെന്നും മുതിർന്ന അഭിഭാഷക ഇന്ദിരാ ജയ്സിംഗ് പറഞ്ഞു. സംഭവം നീതിന്യായ വകുപ്പിന്റെ നിഷ്പക്ഷതയെപ്പറ്റി ജനങ്ങളിൽ സംശയം ജനിപ്പിക്കുമെന്ന് പ്രതിപക്ഷ 'ഇന്ത്യ' സഖ്യത്തിന്റെ ഭാഗമായ ശിവസേന ഉദ്ധവ് താക്കറെ വിഭാഗം പ്രതികരിച്ചു.

ഉദ്ധവ് താക്കറെ വിഭാഗം എംപി സഞ്ജയ് റൗത്ത് പ്രതികരിച്ചു. പ്രതിപക്ഷത്തിന് പ്രതികൂലമായി സമീപകാലത്ത് സുപ്രീംകോടതി വിധിച്ച കേസുകളുടെ പട്ടികയും അദ്ദേഹം സമൂഹമാധ്യമമായ എക്സിലൂടെ പുറത്തുവിട്ടു. ജഡ്ജിമാർക്കുള്ള പെരുമാറ്റച്ചട്ടം ചീഫ് ജസ്റ്റിസിനെ ഓർമിപ്പിച്ചുകൊണ്ട് അഭിഭാഷകൻ പ്രശാന്ത് ഭൂഷണും രംഗത്തെത്തി. സന്ദർശനത്തിൽ ശക്തമായ പ്രതിഷേധമറിയിക്കുന്നുവെന്ന് ഓൾ ഇന്ത്യ ലോയേഴ്സ് യൂണിയനും പറ

പ്രധാനമന്ത്രിയായിരിക്കെ 2009-ൽ ഡോ. മൻമോഹൻസിംഗ് അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയിൽ സംഘടിപ്പിച്ച ഇഫ്താർ വിരുന്നിൽ അന്നത്തെ ചീഫ് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ പങ്കെടുത്തതിന്റെ ഫോട്ടോ എക്സിലൂടെ പുറത്തുവിട്ട ബിജെപി വക്താവ് ഷെക്സാദ് പൂനാവാല, പ്രധാനമന്ത്രി മോദി ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡിന്റെ വീട് സന്ദർശിച്ചതു വിവാദമാക്കുന്ന പ്രതിപക്ഷ നടപടി ഇരട്ടത്താപ്പാണെന്നും ചൂണ്ടിക്കാട്ടി.


Law Office of
Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases
All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
K.O. JOSE, CPA
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# കേരളത്തെ അതിദാരിദ്ര്യ നിർമാർജിത സംസ്ഥാനമായി പ്രഖ്യാപിക്കുന്നു

കോഴിക്കോട്: ഭവനരഹിതരായ അതിദരിദ്ര കുടുംബങ്ങളെ വാടകവീടുകളിലേക്കു മാറ്റിപ്പാർപ്പിച്ച്, ഇന്ത്യയിലാദ്യമായി അതിദാരിദ്ര്യം നിർമാർജനം ചെയ്യുന്ന സംസ്ഥാനം എന്ന ഖ്യാതി കൈവരിക്കാനുള്ള നീക്കവുമായി സംസ്ഥാന സർക്കാർ. അതിദാരിദ്ര്യ നിർണയ പ്രക്രിയയിലൂടെ തയാറാക്കിയ മൈക്രോ പ്ലാനിലുൾപ്പെട്ട ഭവനരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് താത്കാലികമായിട്ടെങ്കിലും ഭവനം ഒരുക്കിയില്ലെങ്കിൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാനാകില്ലെന്നു കണ്ടാണു നടപടി. 2025 നവംബർ ഒന്നിനു കേരളത്തെ അതിദാരിദ്ര്യ മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുകയാണു സർക്കാർ ലക്ഷ്യം. ആ കാലയളവിനുള്ളിൽ ലൈഫ് ഭവനപദ്ധതിയിലൂടെ എല്ലാവർക്കും വീട് എന്ന ലക്ഷ്യം കൈവരിക്കാൻ ബുദ്ധിമുട്ടാണെന്നു കണ്ട് വീടു ലഭ്യമാകുന്നതുവരെ ഇത്തരം കുടുംബങ്ങളെ പാർപ്പിക്കാൻ വീടുകളും കെട്ടിടങ്ങളും വാടകയ്ക്ക് എടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു സർക്കാർ നിർദേശം നൽകി.

പഞ്ചായത്തുകളിലാണെങ്കിൽ ഒരു വീടിന് 5,000 രൂപയും മുനിസിപ്പാലിറ്റി പരിധികളിൽ 7,000 രൂപയും കോർപറേഷനുകളിൽ പരമാവധി 8,000 രൂപയും വീട്ടുവാടക ഇനത്തിൽ പഞ്ചായത്തുകൾക്കു ചെലവഴിക്കാം. ഇതിനുള്ള തുക വാർഷിക പദ്ധതിയിൽനിന്നോ തനതു ഫണ്ടിൽനിന്നോ തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തണം. സ്പോൺസർഷിപ്പ് സ്വീകരിക്കാനും അനുമതി നൽകിയിട്ടുണ്ട്.

2021-ൽ അധികാരത്തിലെത്തിയ എൽഡിഎഫ് സർക്കാരിന്റ ആദ്യമന്ത്രിസഭാ യോഗ തീരുമാനമായിരുന്നു അതിദാരിദ്ര്യ നിർമാർജന പദ്ധതി. വിവിധതലങ്ങളിലുള്ള സർവേ പ്രക്രിയയ്ക്കുശേഷം 64,006 കുടുംബങ്ങളുടെ അന്തിമ ലിസ്റ്റാണ് തയാറാക്കിയിരിക്കുന്നത്. അതിദരിദ്രരുടെ ലിസ്റ്റിൽ 1,735 പേർക്ക് സ്വന്തമായി ഭക്ഷണത്തിനുള്ള വകയില്ല. 1,622 പേർ മാരകരോഗത്തിന്റെ പിടിയിലാണ്. ലിസ്റ്റിലുള്ള 68 ശതമാനം ആളുകൾ ഒറ്റപ്പെട്ടു താമസിക്കുന്നവരാണ്. അതിദരിദ്രരിൽ 12,763 പട്ടികജാതി വിഭാഗക്കാരും 3201 പട്ടികവർഗ വിഭാഗക്കാരും 2,737 തീരദേശവാസികളുമാണ്. ഒരു വരുമാനവും ഇല്ലാത്തവർ, ആരോഗ്യാവസ്ഥ മോശമായവർ, രണ്ടു നേരം ഭക്ഷണം കഴിക്കാൻ കഴിയാത്തവർ, റേഷൻ കിട്ടുന്നുവെങ്കിലും പാകം ചെയ്തു കഴിക്കാൻ കഴിയാത്തവർ തുടങ്ങിയവരാണ് അതിദരിദ്രരുടെ പട്ടികയിലുള്ളത്.

64,000 കുടുംബങ്ങളിൽ 75 ശതമാനം ആളുകൾ പൊതു വിഭാഗത്തിലും 20 ശതമാനം പട്ടികജാതി വിഭാഗത്തിലും, അഞ്ചു ശതമാനം പട്ടികവർഗ വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്. ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നറിയാത്ത വളരെ ചെറിയ ശതമാനം കുടുംബങ്ങളും ലിസ്റ്റിലുണ്ട്. 8,553 ദരിദ്രകുടുംബങ്ങളുള്ള മലപ്പുറം ജില്ലയാണ് പട്ടികയിൽ ഒന്നാം സ്ഥാനത്ത് (13.4 ശതമാനം). തൊട്ടുപിന്നാലെ തിരുവനന്തപുരം ജില്ലയാണ്. (11.4 ശതമാനം). ഏറ്റവും കുറവ് ദരിദ്രർ വസിക്കുന്നത് കോട്ടയം ജില്ലയിലാണ് (1071 കുടുംബങ്ങൾ). ഭക്ഷണം, ആരോഗ്യം, വരുമാനം, പാർപ്പിടം എന്നീ ഇല്ലായ്മ ഘടകങ്ങളെ ആസ്പദമാക്കിയാണ് അതിദരിദ്രരുടെ പട്ടിക തയാറാക്കിയത്.

സർവേയിലൂടെ കണ്ടെത്തിയ 35 ശതമാനം കുടുംബങ്ങൾക്കു വരുമാനത്തിന്റെ അഭാവവും 24 ശതമാനം കുടുംബങ്ങൾക്ക് ആരോഗ്യസംബന്ധമായ പ്രശ്നങ്ങളും 21 ശതമാനത്തിനു ഭക്ഷണത്തിന്റെ അഭാവവും 15 ശതമാനം കുടുംബങ്ങൾക്കു പാർപ്പിടത്തിന്റെ അഭാവവും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

# ആയുഷ്മാൻ ഭാരത്: സൗജന്യ ചികിത്സാ പദ്ധതിക്ക് അംഗീകാരം

ന്യൂഡൽഹി: 70 വയസ്സിനു മുകളിലുള്ള എല്ലാവർക്കും 'ആയുഷ്മാൻ ഭാരത്' ഇൻഷുറൻസ് പദ്ധതിപ്രകാരം പ്രതിവർഷം അഞ്ച് ലക്ഷം രൂപയുടെ സൗജന്യ ചികിത്സാ ആനുകൂല്യം ലഭ്യമാകും. കേന്ദ്ര മന്ത്രിസഭായോഗം പദ്ധതിക്ക് അംഗീകാരം നൽകി. ബിജെപിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലെ പ്രധാന വാഗ്ദാനങ്ങളിലൊന്നായിരുന്നു ഇത്.

മുതിർന്ന പൗരർക്കുള്ള ആയുഷ്മാൻ ഭാരത് പരിരക്ഷയ്ക്കു കുടുംബത്തിന്റെ വരുമാനപരിധി ബാധകമായിരിക്കില്ല. ആറ് കോടിയോളം മുതിർന്ന പൗരന്മാരുള്ള 4.5 കോടി കുടുംബങ്ങൾക്ക് പുതിയ പദ്ധതി ഗുണം ചെയ്യുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

പദ്ധതി അനുസരിച്ചു മുതിർന്നയാളുള്ള കുടുംബത്തിന് വർഷം അഞ്ച് ലക്ഷം രൂപയുടെ പരിരക്ഷയാണു നൽകുന്നത്. ഒന്നിലേറെ മുതിർന്ന പൗരരുണ്ടെങ്കിൽ ഈ ആനുകൂല്യം പങ്കുവെക്കും. കുടുംബത്തിലെ മറ്റുള്ളവർക്ക് ഇത് ലഭിക്കില്ല. അതേസമയം, നിലവിൽ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ഭാഗമായ കുടുംബങ്ങളിലെ മുതിർന്ന പൗരന്മാർക്ക് അഞ്ച് ലക്ഷം രൂപയുടെ അധികപരിരക്ഷയും ലഭിക്കും. ഈ അധികപരിരക്ഷ മുതിർന്നവർക്ക് മാത്രമായിരിക്കും. പുതിയതായി പദ്ധതിയുടെ ഭാഗമാകുന്നവർക്ക് പിഎം-ജെഎവൈ കാർഡ് ലഭ്യമാക്കും. സിജിഎച്ച്എസ്, എക്സ്-സർവീസ്മെൻ പങ്കാളിത്ത ആരോഗ്യ പദ്ധതി അടക്കമുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ നിലവിൽ ആനുകൂല്യം ലഭിക്കുന്നവർക്ക് അത് തുടരുകയോ, ആയുഷ്മാൻ ഭാരതിൽ ചേരുകയോ ചെയ്യാം. സ്വകാര്യ ഇൻഷുറൻസുള്ളവർക്കും ഇഎസ്ഐ സ്കീമിന്റെ ഭാഗമായവർക്കും അധികപരിരക്ഷയായി 'ആയുഷ്മാൻ ഭാരത്' കവറേജ് ലഭിക്കും. പുതിയ പദ്ധതിക്കായി കേന്ദ്രവിഹിതമെന്ന നിലയിൽ 3,437 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആവശ്യമനുസരിച്ച് ഈ തുക വർധിപ്പിക്കുമെന്നും കേന്ദ്രം വ്യക്തമാക്കി.

നിലവിൽ 12.34 കോടി കുടുംബങ്ങളിലായി 55 കോടിയാളുകൾക്ക് ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ഗുണം ലഭിക്കുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതിയെ കേരളത്തിൽ കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുമായി (കാസ്പ്) ലയിപ്പിച്ചാണു നടപ്പാക്കുന്നത്.

# സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിലെ മികവിന് കേരളത്തിന് പുരസ്കാരം



സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങൾ തടയുന്നതിന് സജീവമായ ഇടപെടൽ നടത്തിയതിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പുരസ്കാരം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായിൽനിന്നു സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ്, സൈബർ ഓപ്പറേഷൻസ് വിഭാഗം എസ്പി എസ്. ഹരിശങ്കർ എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു.

ന്യൂഡൽഹി: സംസ്ഥാന-കേന്ദ്ര പോലീസ് സേനകളിൽ ഇനി സൈബർ കമാൻഡോകളും സൈബർ കുറ്റാന്വേഷണം, ഡിജിറ്റൽ ഫൊറൻസിക്സ് തുടങ്ങിയ വിഷയങ്ങളിൽ സർക്കാർ ഏജൻസികളെ ഇവർ സഹായിക്കും.

ആദ്യ ബാച്ച് സൈബർ കമാൻഡോകളെ ഡൽഹിയിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പ്രഖ്യാപിച്ചു. അടുത്ത അഞ്ച് വർഷത്തിനകം 5,000 സൈബർ കമാൻഡോകളെ പരിശീലിപ്പിക്കാനാണ് ആഭ്യന്തര മന്ത്രാലയത്തിന്റെ പദ്ധതി.

സംസ്ഥാനങ്ങളിൽനിന്നും കേന്ദ്ര പോലീസ് സേനകളിൽനിന്നും നാമനിർദേശം ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ഐഐടി മദ്രാസ്, നാഷണൽ ഫൊറൻസിക് സയൻസസ് സർവകലാശാല തുടങ്ങിയിടങ്ങളിലാണു പരിശീലനം നൽകുന്നത്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിൽ സജീവമായ ഇടപെടൽ നടത്തിയതിന് കേരളത്തിനുള്ള പുരസ്കാരം സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബും സൈബർ ഓപ്പറേഷൻസ് എസ്പി എസ്. ഹരിശങ്കറും അമിത് ഷായിൽനിന്ന് ഏറ്റുവാങ്ങി.






ASSOCIATION OF MAR IVANIOS COLLEGE OLD STUDENTS IN NORTH AMERICA · AMICOSNA

# AMICOS NORTH AMERICA

## GLOBAL CONVENTION & MIC'S 75Th ANNIVERSARY CELEBRATION

October 11th to 13th 2024

**HILTON GARDEN INN DALLAS / DUNCANVILLE TEXAS**

### AMICOS NORTH AMERICA BOARD

SABU THOMAS – PRESIDENT
DR. M. ANIRUDHAN – VICE PRESIDENT
PROF. DR. VARGHESE MATHAI – SECRETARY
CINDY XAVIER – TREASURER
SYNU JOHN – JOINT SECRETARY
SUMI JAMAL – JOINT TREASURER
REENA PARANGOT – WOMENS FORUM CHAIRMAN
MOHAN SAMUEL – FUND RAISING CHAIR
JIMMY KULANGARA – PRO
ROLAND GOMEZ – EVENT CHAIR
SUNIL GEORGE – MEMBERSHIP CHAIR
JOSE NINAN – NEWS & MEDIA
PREM NARAYAN – REGIONAL COORDINATOR
SAJI PHILIP – REGIONAL COORDINATOR (NORTH EAST)
SHAJIRAJ RAJAN – REGIONAL COORDINATOR (MIDWEST)
SUJAN KAKKANATT – REGIONAL COORDINATOR (SOUTH)
VIMAL KOLAPPA – REGIONAL COORDINATOR (FLORIDA & NC)
ABRAHAM KURIEN – TECHNOLOGY CHAIR

### CONVENTION STREERING TEAM

SABU THOMAS – PRESIDENT
JIMMY KULANGARA – CONVENOR
SUJAN KAKKANATT – CO-CONVENOR
PROF. DR. VARGHESE MATHAI – GENERAL SECRETARY
CINDY XAVIER – TREASURER
SYNU JOHN – SOUVENIR
SUMI JAMAL – FINANCE
REENA PARANGOT – REGISTRATION CHAIR
MOHAN SAMUEL – FUND RAISING
ROLAND GOMEZ – EVENT
SUNIL GEORGE – MEMBERSHIP CHAIR
REV.DR. SAJI MUKKOOT – PANNEL DISCUSSION
PROF. JOSHY JACOB – SOUVENIR
SAJI PHILIP – FUND RAISING
AJIT JOSEPH – SECURITY
BENJAMIN THOMAS – QUIZ MASTER
ANNIE J. KALEEKAL – REGISTRATION
ABRAHAM KURIEN – TECHNOLOGY CHAIR
Dr. VIDYA SASIDHARAN – REGISTRATION / CULTURAL
BAIJU THOMAS – SKIT/CHIRI ARANGU
CARMEL THOMAS – RECEPTION/VIP
ALEXANDER VARGHESE – TRANSPORTATION
JOSEPH SANTHOSH – REGITRATION
CATHERINE THOMAS, MD – HEALTH & SAFTY

### GUESTS INVITED AND EXPECTED AT THE AMICOS NA CONVENTION

DR.SHASHI THAROOR, MP – TVM, INDIA
K. JAYAKUMAR, IAS – PRESIDENT, AMICOS
JIJI THOMSON, IAS – FORMER CHIF SECRETARY
MOST. REV. JOSEPH MAR THOMAS – FORMER PATRON
CHANDY OOMMEN – MLA
DR. ALEXANDER JACOB, IPS – FORMER DGP
T.P. SREENIVASAN – FORMER AMBASSADOR
K.J. YESUDAS – INDIAN RENOWNED SINGER
JAGADIS – ACTOR
SABU THIRUVALLA – COMEDIAN
MAYOR – DUNCANVILLE, TX
DR. SHIRLEY STEWART – FORMER VP
DR. REJU JOSEPH – SINGER
DR. M. I SAHADULLA – CEO, KIMSHELTH
TERESA TOIN – WRITER AND POET
RISHIRAJ SING, IPS – FORMER POLICE COMMISSIONER
MONS JOSEPH – FORMER MINISTER/MLA
GOPINATH MUTHUKAD – INDIAN MAGICIAN AND MOTIVATIONAL SPEAKER
DR. BABU STEPHEN – FOKANA PRESIDENT
JOHN MATHAI – WORLD MALAYALEE COUNCIL GLOBAL PRESIDENT
NANDU – INDIAN ACTOR
DINI DANIEL – ACTRESS
ANIAN GEORGE – FOMAA
ANISH J. KARINAD – ACTOR/DIRECTOR

### FOR MORE INFORMATION

SABU THOMAS (PRESIDENT) (630)-890-5045
JIMMY KULANGARA (CONVENOR) (469)-371-0638
SUJAN KAKKANATT (CO-CONVENER) (682)-564-4182
REENA PARANGOT (REGISTRATION) (443)-842-2879
SYNU JOHN (SOUVENIR CONVENOR) (403) 830-7280

WWW.AMICOSNA.ORG/CONVENTION INFO@AMICOSNA.ORG

# ഹേമ കമ്മിറ്റി: നിയമസാധുത ചോദ്യംചെയ്ത് ഹർജി

കൊച്ചി: ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ട് നിയമപരമായി നിലനിൽക്കുന്നതല്ലെന്നു പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ റിട്ട് ഹർജി.

കേന്ദ്ര നിയമപ്രകാരമാണ് സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ പ്രവർത്തിക്കുന്നത്. ഷെഡ്യൂൾ ഏഴ്, ഐറ്റം 16 പ്രകാരം ഒരു സിനിമ പൂർത്തിയാകുന്നതുവരെയുള്ള കാര്യങ്ങൾ കേന്ദ്ര പട്ടികയിലാണെന്നത് ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു.

ഹർജിയിൽ സംസ്ഥാന സർക്കാരിന് നോട്ടീസ് അയച്ച കോടതി വിശദമായ വാദം കേൾക്കാൻ മാറ്റി. ഐറ്റം 33 പ്രകാരമുള്ള അധികാരമാണ് സംസ്ഥാന സർക്കാരിനുള്ളത്.

ഷൂട്ടിംഗ് ഉൾപ്പെടെ സിനിമ പൂർത്തിയായ ശേഷമുള്ള കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്. റിലീസിങ്ങിനു മുമ്പുള്ള കാര്യങ്ങൾ കേന്ദ്ര നിയമത്തിനു കീഴിലാണ്. അതിനാൽ കേന്ദ്ര സർക്കാരിനു മാത്രമേ ഇക്കാര്യത്തിൽ നിയമനിർമാണത്തിന് അധികാരമുള്ളൂ എന്നാണ് ഹർജിക്കാരന്റെ വാദം. ഹേമ കമ്മിറ്റി മുമ്പാകെയുള്ള ലൈംഗികാരോപണങ്ങൾ ഉൾപ്പെടെ റിലീസിങ്ങിനു മുമ്പുള്ള കാര്യങ്ങളാണ്. അതിൽ സംസ്ഥാന സർക്കാരിനു നിയമനിർമാണത്തിന് അധികാരമില്ലെന്നും കമ്മിറ്റിയെ നിയോഗിച്ചത് നിയമവിരുദ്ധമാണെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു.

ഏഴു വർഷത്തിൽ കൂടുതൽ തടവ്ശിക്ഷ ലഭിക്കാവുന്ന കേസിൽ അന്വേഷണ കമ്മീഷൻ നിയമപ്രകാരമാണെങ്കിലും അല്ലെങ്കിലും മൊഴികൾ പ്രകാരം കേസെടുക്കാമെന്നാണ് സർക്കാർ വാദം. ഇക്കാര്യം കോടതിയെ അറിയിക്കും. ഒരു വിവരം ലഭിച്ചാൽ അതു പ്രകാരം എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്നാണ് ലളിതകുമാരി കേസിൽ സുപ്രീംകോടതിയും കഴിഞ്ഞ ജൂലൈ ഒന്നിന് നിലവിൽ വന്ന ഭാരതീയ നാഗരിക സുരക്ഷാ സംഹിതയിലും വ്യക്തമാക്കുന്നത്, റിലീസിങ്ങിനു മുമ്പ് ചിത്രീകരണസ്ഥലത്തുൾപ്പെടെ നടക്കുന്നതെല്ലാം കേന്ദ്ര നിയമപരിധിയിലാണെങ്കിലും ക്രിമിനൽ കുറ്റങ്ങളുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിനും തുല്യാധികാരമുണ്ട്. കമ്മിറ്റിക്ക് നിയമസാധുതയുണ്ടോ എന്നതും ക്രിമിനൽ കുറ്റവും വെവ്വേറെ വിഷയങ്ങളാണെന്നു സർക്കാർ വാദിക്കുന്നു. കമ്മിറ്റി മുമ്പാകെ ലഭിച്ചതായാലും കുറ്റകൃത്യ വിവരമറിഞ്ഞാൽ മറച്ചുവെക്കാനാവില്ലെന്ന നിലപാടിലാണ് ഹൈക്കോടതിയും.

റിപ്പോർട്ടിൽ പൊതുവായി പറഞ്ഞ കാര്യങ്ങളല്ലാതെ കൃത്യമായ മൊഴിയില്ലെങ്കിൽ നടപടിയെടുക്കാൻ കഴിയില്ലെന്നായിരുന്നു സർക്കാർ വാദം. റിപ്പോർട്ടിലേക്കെത്തിച്ച മൊഴികളും തെളിവുകളും പുറത്തുവിടില്ലെന്നു കമ്മിറ്റിയും പുറത്തു വിടരുതെന്നു മൊഴി നല്കിയവരും നിലപാടെടുത്തിട്ടുണ്ട്. റിപ്പോർട്ടിൽ മൊഴിയുടെ ഉള്ളടക്കമേയുള്ളൂ. ആരു പറഞ്ഞുവെന്നില്ല. ഈ സാഹചര്യത്തിൽ ഇരകളെ കണ്ടെത്തലും സമ്മർദ്ദം ചെലുത്താതെ മൊഴി രേഖപ്പെടുത്തലും പ്രത്യേക അന്വേഷണസംഘത്തിനു വെല്ലുവിളിയാണ്.

# പോർട്ട്ബ്ലെയറിന്റെ പേര് ശ്രീവിജയപുരം എന്നായി

ന്യൂഡൽഹി: കേന്ദ്ര ഭരണപ്രദേശമായ ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെ തലസ്ഥാനമായ പോർട്ട്ബ്ലെയറിന്റെ പേരുമാറ്റി കേന്ദ്രസർക്കാർ. ശ്രീവിജയപുരം എന്നാണ് പുതിയപേര്. കൊളോണിയൽ മുദ്രകളിൽ നിന്ന് രാജ്യത്തെ മോചിപ്പിക്കുന്നതിനായുള്ള പേരുമാറ്റങ്ങളുടെ ഭാഗമാണിതെന്നും ഈസ്റ്റ് ഇന്ത്യാ കമ്പനിയിലെ ക്യാപ്റ്റൻ ആർച്ചിബാൾഡ് ബ്ലെയറോടുള്ള ആദരസൂചകമായാണ് ആൻഡമാൻ തലസ്ഥാനത്തിന് പോർട്ട്ബ്ലെയർ എന്നപേരു നല്കിയിരിക്കുന്നത്. പേരുമാറ്റാനുള്ള തീരുമാനം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷായാണ് എക്സിൽ പ്രഖ്യാപിച്ചത്. നേരത്തെയുള്ള പേര് കൊളോണിയൽ പാരമ്പര്യത്തിൽ നിന്നുണ്ടായതാണെന്നും ശ്രീവിജയപുരം എന്ന പേര് സ്വാതന്ത്ര്യസമരത്തിൽ നാം നേടിയ വിജയത്തിന്റെ സൂചകമാണെന്നും അതിൽ ആൻഡമാൻ ദ്വീപുകൾക്ക് നിർണായക പങ്കുണ്ടെന്നും അമിത്ഷാ പറഞ്ഞു. സ്വാതന്ത്ര്യസമര ചരിത്രത്തിൽ സമാനതകളില്ലാത്ത സ്ഥാനമാണ് ആൻഡമാൻ നിക്കോബാർ ദ്വീപുകൾക്കുള്ളത്. ചോള സാമ്രാജ്യത്തിന്റെ നാവിക ആസ്ഥാനമായിരുന്നു ദ്വീപ് മേഖല. ഇന്ന് രാജ്യത്തിന്റെ തന്ത്രപ്രധാന വികസന ലക്ഷ്യങ്ങളുടെ സുപ്രധാന കേന്ദ്രമാണിത്. നേതാജി സുഭാഷ് ചന്ദ്ര ബോസ് ആദ്യമായി ത്രിവർണപതാക ഉയർത്തിയത് ഇവിടെയാണ്. സ്വാതന്ത്ര്യത്തിനായി പോരാടിയ വീർ സവർക്കർ ഉൾപ്പെടെയുള്ള സ്വാതന്ത്ര്യസമര സേനാനികളെ പാർപ്പിച്ചിരുന്ന സെല്ലുലാർ ജയിലും (കാലാപാനി) ഇവിടെയാണെന്നും അമിത്ഷാ എക്സിൽ കുറിച്ചു. രാഷ്ട്രപതി ഭവനിലെ ദർബാർഹാൾ, അശോക്ഹാൾ എന്നിവ യഥാക്രമം ഗണതന്ത്ര മണ്ഡപം, അശോക് മണ്ഡപ് എന്നിങ്ങനെ പുനർനാമകരണം ചെയ്യപ്പെട്ടിരുന്നു.

# മാർ റാഫേൽ തട്ടിലിന് ഗ്രേറ്റ്ബിട്ടണിൽ ഊഷ്മള വരവേൽപ്പ്

ലണ്ടൻ: സീറോമലബാർ സഭാ മേജർ ആർച്ച് ബിഷപ്പായശേഷം ആദ്യമായി ഗ്രേറ്റ് ബ്രിട്ടൻ സീറോമലബാർ രൂപതയിൽ അജപാലന സന്ദർശനത്തിനെത്തിയ മാർ റാഫേൽ തട്ടിലിന് ലണ്ടനിലെ ഹീത്രൂ വിമാനത്താവളത്തിൽ ഊഷ്മള സ്വീകരണം നല്കി. ബിഷപ് മാർ ജോസഫ് സ്രാമ്പിക്കലിന്റെ നേതൃത്വത്തിൽ പ്രോട്ടോ സിഞ്ചെല്ലൂസ് റവ. ഡോ. ആന്റണി ചുണ്ടെലിക്കാട്ട്, ഫിനാൻസ് ഓഫീസർ ഫാ. ജോ മൂലശേരി വിസി, ഫാ. ജോസ് അഞ്ചാനിക്കൽ എന്നിവർ ചേർന്നു സ്വീകരിച്ചു.

സെപ്റ്റംബർ 28 വരെ നീണ്ടുനിൽക്കുന്ന സന്ദർശനത്തിൽ രൂപതയുടെ വിവിധ ഇടവകകളും മിഷൻ കേന്ദ്രങ്ങളും അദ്ദേഹം സന്ദർശിക്കും. പതിനേഴ് മിഷനുകളുടെയും ബ്രിസ്റ്റോളിലെ പുതിയ ഇടവകയുടെയും പ്രഖ്യാപനം നടത്തുന്ന മേജർ ആർച്ച്ബിഷപ് രൂപതാ വൈദികസമ്മേളനത്തിലും പങ്കെടുക്കും.

15-ന് വൂൾവർ ഹാംപ്ടണിൽ ആയിരത്തിയഞ്ഞൂറിൽപ്പരം യുവജനങ്ങൾ പങ്കെടുത്ത ഹന്തൂസാ എസ്എംവൈഎം കൺവൻഷനും 16-ന് ബിർമിംഗ്ഹാമിൽ ഗ്രേറ്റ് ബ്രിട്ടൻ രൂപത പുതുതായി വാങ്ങിയ മാർ യൗസേഫ് അജപാലന ഭവനത്തിന്റെയും രൂപതാ ആസ്ഥാനത്തിന്റെയും ആശീർവാദ കർമ്മവും നിർവഹിച്ചു.

21-ന് ബിർമിങ്ങാമിലെ ബെഥേൽ കൺവൻഷൻ സെന്ററിൽ നടക്കുന്ന തൈബൂസ വിമൻസ് ഫോറം വാർഷിക കൺവൻഷന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും. വെസ്റ്റ്മിനിസ്റ്റർ കാർഡിനൽ അഭിവന്ദ്യ വിൻസന്റ് നിക്കോൾസ്, ഇംഗ്ലണ്ടിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് മിഗ്വൽ മൗറി എന്നിവരുമായും മാർ റാഫേൽ തട്ടിൽ കൂടിക്കാഴ്ച നടത്തും.



ഗ്രേറ്റ് ബ്രിട്ടൻ രൂപതയിൽ അജപാലന സന്ദർശനത്തിനെത്തിയ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലിന് ലണ്ടനിലെ ഹീത്രൂ വിമാനത്താവളത്തിൽ ബിഷപ് മാർ ജോസഫ് സ്രാമ്പിക്കലിന്റെ നേതൃത്വത്തിൽ സ്വീകരണം നല്കിയപ്പോൾ.

# ജർമ്മനിയിലെ ഐടി ഭീമനുമായി കേരളം ധാരാണാപത്രം ഒപ്പിട്ടു

തിരുവനന്തപുരം: കേരളത്തിലെ സ്റ്റാർട്ടപ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ആഗോള ഐടി സേവന ദാതാവായ അഡെസോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി കേരള സ്റ്റാർട്ടപ് മിഷൻ ധാരണാപത്രം ഒപ്പിട്ടു.

കേരള സ്റ്റാർട്ടപ് മിഷന്റെ സ്റ്റാർട്ടപ് ഇൻഫിനിറ്റി സെന്റർ ജർമനിയിൽ ആരംഭിക്കാൻ കരാർ വഴിയൊരുക്കും. ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ സംസ്ഥാന ഇലക്ട്രോണിക്സ് വിവര സാങ്കേതിക വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു. ഖേൽക്കറിന്റെ സാന്നിദ്ധ്യത്തിൽ കെഎസ്‌യുഎം സിഇഒ അനൂപ് അംബികയും അഡെസോ ഇന്ത്യ ഡയറക്ടർ ഷാലി ഹസനും ഒപ്പുവെച്ചു.

അഡെസോ ഇന്ത്യ മാനേജിങ് ഡയറക്ടർ പ്രമോദ് മുരളീധരൻ, അഡെസോ വെഞ്ചേഴ്സ് മാനേജിങ് ഡയറക്ടർ മാൾട്ടെ ഉംഗർ, അഡെസോ എസ്ഇ ബോർഡിന്റെ ഉപദേഷ്ടാവ് ടോർസ്റ്റൺ വെഗെനർ, അഡെസോ ഇന്ത്യ സീനിയർ മാനേജർ സൂരജ് രാജൻ കെഎസ്‌യുഎം ഹെഡ് ബിസിനസ് ലിങ്കേജസ് അശോക് പഞ്ഞിക്കാരൻ എന്നിവരും പങ്കെടുത്തു. ഒരു വർഷത്തേക്ക് സാധുതയുള്ള ധാരണാപത്രം അനുസരിച്ച് കെഎസ്‌യുഎമ്മും അഡെസോയും കേരളത്തിന്റെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിൽ സഹകരിക്കും. കെഎസ്‌യുഎം സ്റ്റാർട്ടപ്പുകൾക്ക് ജർമ്മനിയിൽ വ്യവസായ ശൃംഖല വർദ്ധിപ്പിച്ച് മെച്ചപ്പെട്ട വിപണി ലഭ്യമാക്കുന്നതിന് അഡെസോ സൗകര്യമൊരുക്കും.

അഡെസോയുടെ ഇന്നൊവേഷൻ അജൻഡകളെക്കുറിച്ചുള്ള വിവരങ്ങൾ കെഎസ്‌യുഎം പരിപാടികളിലൂടെ പ്രദർശിപ്പിക്കും. വിപണിയിൽ അഡെസോയുടെ ബ്രാൻഡ് കവറേജ് വർദ്ധിപ്പിക്കുന്നതിനും കെഎസ്‌യുഎം സഹായിക്കും. ലോകമെമ്പാടും അറുപതിലധികം സ്ഥലങ്ങളിലായി 10,100-ലധികം ജീവനക്കാരുള്ള ബഹുരാഷ്ട്ര സോഫ്റ്റ്‌വെയർ കമ്പനിയാണ് അഡെസോ എസ്ഇ.




വഴിത്താരകൾ

കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട്
പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇനി ലോകം നിങ്ങളെ അറിയട്ടെ

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# SECOND ANNUAL MALU MASTERS GOLF TOURNAMENT

Mike Nella

The 2nd annual Malu Masters Golf Tournament was held on Saturday, September 7, 2024 at Shepherd's Crook Golf Course in Zion, IL. Organized by Michael Nellamattam, 44 of the top Malayalee golfers from around the country competed in an 18-hole handicap-adjusted tournament at one of the most challenging golf courses in the Chicagoland area. Several new side games were included in this year's tournament, including longest drive, longest putt, and closest to the pin, for which those winners were awarded prizes. For the first time, 11 junior forecaddies (ages 12-17) were incorporated into the tournament to increase youth participation and allow early exposure to the game of golf.









The purpose of this tournament was to grow the love of the game of golf in the Malayalee community and to have another avenue for healthy competition amongst Malayalee golfers of all ages.

We would like to thank our sponsors Daniel George of Limitless Creative and Felix Puthenpurayil of RBF Capital Placement for their generous contributions to the tournament. We are looking forward to bigger and better things for Malu Masters tournaments for years to come.

The winners of this year's tournament are as follows:

Champion: Sony Thomas

Longest Drive: Jose Thomas

Longest Putt: Silas Idiyalil

Sunny E. Thomas

Licensed Agent - New York Life Insurance Company

847-370-9279 | thomasse@ft.nyl.com

www.newyorklife.com/agent/thomasse

- 30+ Years of Industry Experience
- Protection & Insurance Solutions
  - Life Insurance
  - Long Term Care Insurance
  - Disability Income Insurance
- Fixed Immediate & Deferred Annuities


Proud to Offer

NEW YORK LIFE

"Helping you plan better, retire comfortably, protect your family, and create a legacy"

475 N Martingale Rd, Suite 1250, Schaumburg, IL 60173

Contact Us -
Virtual Meetings Available



Free Consultation



SUNNY FINANCIAL STRATEGIES, LLC

Tom Sunny, CFP®, CLU®, RICP®

Financial Adviser & Planner

847-414-9116 | tom@sunnyfinancial.com

- Comprehensive Financial Planning
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Professional Investment Management & Guidance
- Retirement Income/Retirement Savings
- Risk Management & Insurance
- Tax Planning Strategies
- Education Funds
- Estate Planning
- Business Plans/Employee Benefits/Medicare/Pension

www.sunnyfinancial.com

# രക്തബന്ധമില്ലാത്തവർക്കും അവയവദാനം നടത്താമെന്ന് ഹൈക്കോടതി

കൊച്ചി: രക്തബന്ധമില്ലാത്തവർക്കും നിബന്ധനകൾ പാലിച്ചാൽ അവയവദാനം ചെയ്യുന്നതിൽ തടസ്സമില്ലെന്നു ഹൈക്കോടതി. അവയവദാനത്തിനു സന്നദ്ധത അറിയിച്ചു നല്കിയ അപേക്ഷ ബന്ധപ്പെട്ട ഓഥറൈസേഷൻ കമ്മിറ്റി തിരസ്കരിച്ചതു ചോദ്യം ചെയ്തു സമർപ്പിച്ച ഒരുകൂട്ടം ഹർജികൾ തീർപ്പാക്കിയാണ് ജസ്റ്റിസ് വി.ജി. അരുണിന്റെ ഉത്തരവ്.

ജില്ലാതല ഓഥറൈസേഷൻ സമിതിക്കു രേഖകൾ സഹിതം നല്കിയിട്ടും അവയവമാറ്റത്തിനു അനുമതി നിഷേധിച്ചെന്നാണ് ഹർജിയിലെ ആരോപണം. അവയവം സ്വീകരിക്കേണ്ടവരുടെ അവസ്ഥ വളരെ ഗുരുതരമായിട്ടും അനുവദിക്കുന്നില്ലെന്നും ചൂണ്ടിക്കാട്ടി. മുത്തച്ഛൻ, മുത്തശ്ശി, മാതാപിതാക്കൾ, മക്കൾ, പേരക്കുട്ടികൾ, സഹോദരങ്ങൾ തുടങ്ങിയവർ തമ്മിൽ മാത്രമേ അവയവദാനം പാടുള്ളുവെന്നു നിയമത്തിൽ വ്യവസ്ഥയുള്ളതിനാലാണ് അപേക്ഷ നിരസിച്ചതെന്നായിരുന്നു സമിതിയുടെ വിശദീകരണം. എന്നാൽ, ഓഥറൈസേഷൻ സമിതിയുടെ മുൻകൂർ അനുമതി വേണമെന്ന വ്യവസ്ഥയോടെ രോഗിയുമായി വൈകാരികമായ അടുപ്പമടക്കം ചില പ്രത്യേക ബന്ധങ്ങളുള്ളവർക്കും നിയമപ്രകാരം അവയവദാനം ചെയ്യാമെന്ന കോടതി ഉത്തരവുകളുണ്ടെന്ന ഹർജിക്കാരുടെ അഭിഭാഷകൻ ടി.പി. സാജിതിന്റെ വാദം കോടതി അംഗീകരിച്ചു. സമിതിയുടെ മുൻകൂർ അനുമതിയില്ലാതെ അവയവം നീക്കം ചെയ്യാനാകില്ലെന്നും വ്യവസ്ഥയുണ്ട്.

ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിച്ച ഓഥറൈസേഷൻ സമിതിയുടെ ഉത്തരവ് നിലനിൽക്കുന്നതല്ലെന്നു കോടതി ചൂണ്ടിക്കാട്ടി. ഹർജിക്കാരുടെ അപേക്ഷകൾ പുനഃപരിശോധിച്ച് പത്തു ദിവസത്തിനകം തീരുമാനമെടുക്കാനും കോടതി നിർദേശിച്ചു.

## യെച്ചൂരിയെ കാണാൻ ഇപി ഇൻഡിഗോ വിമാനത്തിൽ പറന്നു



കോഴിക്കോട്: ഇൻഡിഗോ വിമാനക്കമ്പനി മൂന്നാഴ്ചത്തെ യാത്രാവിലക്ക് പ്രഖ്യാപിച്ചതിനെത്തുടർന്ന് വൈകാരികമായി പ്രതികരിച്ച സിപിഎം നേതാവ് ഇ.പി. ജയരാജൻ ഇപ്പോൾ എയറിലാണ്. സോഷ്യൽ മീഡിയായിൽ ജയരാജനെതിരെ ട്രോളുകൾ നിറയാനുള്ള കാരണം വ്യാഴാഴ്ച രാത്രി അദ്ദേഹം ഇൻഡിഗോ വിമാനത്തിൽ കരിപ്പൂരിൽ നിന്നും ന്യൂഡൽഹിയിലേക്ക് പറന്നതാണ്.

"ഇനി ആ വൃത്തികെട്ട കമ്പനിയുടെ വിമാനത്തിൽ ഞാൻ കയറില്ല. ഇൻഡിഗോ കമ്പനിയേക്കാൾ മാന്യമായ എത്രയോ കമ്പനികളുണ്ട് നാട്ടിൽ. ഇൻഡിഗോയിലെ യാത്ര ഇനി അവസാനിപ്പിക്കുകയാണ്" എന്ന് ഒരാവേശത്തിന് ഇ.പി. ഇൻഡിഗോയ്ക്കെതിരെ നേരത്തെ ആഞ്ഞടിച്ചുവെങ്കിലും പാർട്ടി അഖിലേന്ത്യാ ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ വിയോഗമറിഞ്ഞ് ന്യൂഡൽഹിയിലേക്കു പുറപ്പെടാൻ ശ്രമിച്ച അദ്ദേഹത്തിന് മറ്റു വിമാനങ്ങളൊന്നും ലഭ്യമായിരുന്നില്ല. ഒടുവിൽ വാക്കുകൾ ഇരുമ്പുലക്കയല്ലെന്ന ചൊല്ല് അന്വർത്ഥമാക്കി ഇ.പി. രാത്രി പത്തരയോടെ കരിപ്പൂരിൽ നിന്ന് ഇൻഡിഗോയിലാണ് പറന്നുയർന്നത്. ഇൻഡിഗോ വിമാനക്കമ്പനിയേക്കാൾ തനിക്ക് വലുത് സീതാറാം യെച്ചൂരിയാണെന്ന് അദ്ദേഹം പിന്നീട് മാധ്യമപ്രവർത്തകരോട് പ്രതികരിച്ചു. ഇൻഡിഗോ വിമാനയാത്രയ്ക്കിടെ മുഖ്യമന്ത്രിക്കെതിരെ യൂത്ത് കോൺഗ്രസുകാർ പ്രതിഷേധിച്ചതുമായി ബന്ധപ്പെട്ടുണ്ടായ സംഭവങ്ങളെത്തുടർന്നാണ് ഇ.പിക്ക് ഇൻഡിഗോ വിലക്ക് ഏർപ്പെടുത്തിയത്. 2022 ജൂൺ 13-നായിരുന്നു വിലക്കിന് ആധാരമായ സംഭവം.

## ഡാളസിൽ വാഹനാപകടത്തിൽ ദമ്പതികൾ മരണപ്പെട്ടു



ഡാളസ്: സെപ്റ്റംബർ 7-ന് ശനിയാഴ്ച രാത്രി ഡാളസിലെ സ്പ്രിങ് ക്രീക്ക് പാർക്കർ റോഡിലുണ്ടായ വാഹനാപകടത്തിൽ ഗുരുതരമായി പരുക്കേറ്റ് തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്ന വിക്ടർ വർഗീസ് (സുനിൽ-45), സഹധർമ്മിണി ഖുശ്ബു വർഗീസ് എന്നിവർ അന്തരിച്ചു.

എഴുമറ്റൂർ മാൻകിളിമുറ്റം സ്വദേശി പരേതനായ ഏബ്രഹാം വർഗീസിന്റെയും അമ്മിണി വർഗീസിന്റെയും മകനാണ് മരണപ്പെട്ട വിക്ടർ, ദമ്പതികൾക്ക് രണ്ട് മക്കളുണ്ട്.


**വാർത്ത: സണ്ണി മാളിയേക്കൽ**

# ഐ.പി.സി ഫാമിലി കോൺഫറൻസ് സ്മരണിക പുറത്തിറക്കുന്നു

**നിബു വെള്ളവന്താനം**

ന്യൂയോർക്ക്: ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ ചരിത്രങ്ങൾ ഉൾപ്പെടുത്തി ഇരുപതാമത് വർഷത്തിലേക്ക് പ്രവേശിക്കുന്ന ഐപിസി ഫാമിലി കോൺഫറൻസ് സ്മരണിക പുറത്തിറക്കുന്നു. 2025 വരെയുള്ള ഐപിസി കുടുംബ സംഗമത്തിന്റെ യാത്രകളുടെ ഓർമ്മ പുതുക്കുവാനാണ് സുവനീർ പുറത്തിറക്കുന്നത്. ജൂലൈ 17 മുതൽ 20 വരെ കാനഡയിലെ എഡ്മന്റണിൽ നടത്തപ്പെടുന്ന കോൺഫറൻസിൽ സുവനീർ പ്രകാശനം ചെയ്യും.

ഓർമകളുടെ ഒരു പിടി അടയാളങ്ങൾ അക്ഷരങ്ങളായും ചിത്രങ്ങളായും അകത്താളുകളിൽ പ്രത്യക്ഷമാകുന്ന സുവനീറിന്റെ ചീഫ് എഡിറ്ററായി ബ്രദർ രാജൻ ആര്യപ്പള്ളിൽ പ്രവർത്തിക്കും. പ്രസിദ്ധീകരണത്തിന് തെരഞ്ഞെടുക്കുമ്പോൾ മൗലികവും ലളിതവുമായ സൃഷ്ടികൾക്ക് പ്രത്യേക പരിഗണന ലഭിക്കുന്നതാണ്. തെരഞ്ഞെടുത്തവ ആശയം ചോർന്നുപോകാതെ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുവാനുള്ള അവകാശം എഡിറ്റോറിയൽ ബോർഡിൽ നിക്ഷിപ്തമായിരിക്കും.




ഇതുവരെ നടന്നിട്ടുള്ള കോൺഫറൻസുകളുടെ കൺവീനർ, സെക്രട്ടറി, ട്രഷറർ, യൂത്ത് കോ-ഓർഡിനേറ്റർ, ലേഡീസ് കോ-ഓർഡിനേറ്റർ എന്നിവർ തങ്ങളുടെ ഫോട്ടോയും ഫോൺ നമ്പറും പ്രസിദ്ധീകരണത്തിനായി അയച്ചുതരേണ്ടതാണെന്ന് ഭാരവാഹികൾ അറിയിച്ചു. സൃഷ്ടികൾ ഇംഗ്ലീഷിലോ മലയാളത്തിലോ അയയ്ക്കാവുന്നതാണ്.

പരസ്യങ്ങളും സാഹിത്യസൃഷ്ടികളും 2024 ഡിസംബർ 31-നു മുമ്പായി ipcfc.souvenir@gmail.com എന്ന ഇ-മെയിലിൽ അയച്ചുതരണം. പരസ്യങ്ങളുടെ ചെക്കുകൾ IPC Family Conference എന്ന പേരിൽ ട്രഷററുടെ വിലാസത്തിൽ നല്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: രാജൻ ആര്യപ്പള്ളിൽ 678 571 6398, നിബു വെള്ളവന്താനം 516 643 3085, ഫിന്നി ഏബ്രഹാം 405 204 4131.

കോൺഫറൻസിന്റെ ദേശീയ ഭാരവാഹികളായി പാസ്റ്റർ സാം വർഗീസ് (നാഷണൽ ചെയർമാൻ), ബ്രദർ ഫിന്നി ഏബ്രഹാം (നാഷണൽ സെക്രട്ടറി), ബ്രദർ ഏബ്രഹാം മോനീസ് ജോർജ് (നാഷണൽ ട്രഷറർ), സിസ്റ്റർ സൂസൻ ജോൺസൻ (ലേഡീസ് കോ-ഓർഡിനേറ്റർ), റോബിൻ രാജു (യൂത്ത് കോ-ഓർഡിനേറ്റർ) എന്നിവർ പ്രവർത്തിക്കുന്നു.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ആർച്ച് ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി ഫൗണ്ടേഷൻ അവാർഡ് ഡോ. മാത്യു പാറയ്ക്കലിന്



ആർച്ച് ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി

**ജോസ് കണിയാലി**

കോട്ടയം: കോട്ടയം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ സ്മരണാർത്ഥമുള്ള ആർച്ച് ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി ഫൗണ്ടേഷന്റെ പൊതുജന സേവനത്തിലെ മികവിനുള്ള ഈ വർഷത്തെ അവാർഡ് പ്രമുഖ ഡോക്ടറും കോട്ടയം മെഡിക്കൽ കോളജ് മെഡിസിൻ വിഭാഗം മുൻ മേധാവിയുമായ ഡോ. മാത്യു പാറയ്ക്കലിന്.

സെപ്റ്റംബർ 28–ന് ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് കോട്ടയം ദർശന ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനത്തിൽ ആന്ധ്രാപ്രദേശ് ഗവർണർ ജസ്റ്റീസ് എസ്. അബ്ദുൾ നസീർ പുരസ്കാരം സമ്മാനിക്കും.

ആർച്ച് ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി ഫൗണ്ടേഷൻ ചെയർമാൻ ജസ്റ്റീസ് സിറിയക് ജോസഫ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കേന്ദ്രമന്ത്രി ജോർജ് കുര്യനും ചങ്ങനാശ്ശേരി അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്ത മാർ തോമസ് തറയിലും വിശിഷ്ടാതിഥികളായിരിക്കും.


കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് അനുസ്മരണ പ്രഭാഷണം നടത്തും. ഫൗണ്ടേഷൻ ട്രസ്റ്റിയും മുൻ അംബാസിഡറുമായ ടി.പി. ശ്രീനിവാസനെ ചടങ്ങിൽ ആദരിക്കും.

ആർച്ച് ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി ഫൗണ്ടേഷന്റെ മാനേജിംഗ് ട്രസ്റ്റി തോമസ് ചാഴികാടൻ എക്സ് എംപി, മറ്റു ട്രസ്റ്റിമാരായ ഷെവലിയർ അഡ്വ. ജോയ് ജോസഫ് കൊടിയൻതറ, അഡ്വ. മോൻസ് ജോസഫ് എം.എൽ.എ, പ്രൊഫ. മേരി രമണി തറയിൽ, കെ.ജെ. ജോസഫ് കുന്നശ്ശേരി എന്നിവർ സമ്മേളനത്തിൽ സന്നിഹിതരാവും.


ഡോ. ജോസഫ് സണ്ണി, സിറിയക് ചാഴികാടൻ എന്നിവരാണ് സമ്മേളനത്തിന്റെ സംഘാടകർ.




കേന്ദ്രമന്ത്രി ജോർജ് കുര്യൻ



ജസ്റ്റീസ് സിറിയക് ജോസഫ്



ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്



ഡോ. മാത്യു പാറയ്ക്കൽ



നിയുക്ത ആർച്ച് ബിഷപ്പ്
മാർ തോമസ് തറയിൽ



ജസ്റ്റീസ്
എസ്. അബ്ദുൾ നസീർ




അഡ്വ. മോൻസ് ജോസഫ്
എം.എൽ.എ



തോമസ് ചാഴികാടൻ
എക്സ് എംപി



മുൻ അംബാസിഡർ
ടി.പി. ശ്രീനിവാസൻ



അഡ്വ. ജോയ് ജോസഫ്
കൊടിയൻതറ



പ്രൊഫ. മേരി രമണി
തറയിൽ



കെ.ജെ. ജോസഫ്
കുന്നശ്ശേരി






Citywide Mortgage of America Corp.

Servicing Illinois, Florida, California, and Indiana

**Joseph Mullappallil**
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

**Jeremy Karedan**
Mortgage Broker/Owner
jeremy@citywidema.com
773-202-2600

We can provide you a
PRE-APPROVAL IN MINUTES

Purchase
Jumbo Loan
Refinance
Cashout

WWW.CITYWIDEMA.COM

EQUAL HOUSING LENDER

Illinois Residential Mortgage Licensee

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



**Shijo Mullappallil**
Attorney at Law
smullapp23@gmail.com
Cell: 847-650-8241

**General Practice including:** Real Estate Law, Wills, Trust Estate Planning, and Contracts

# ന്യൂയോർക്ക് കേരളാ സമാജത്തിന്റെ ഓണാഘോഷം അവിസ്മരണീയമായി



ന്യൂയോർക്ക്: കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് ഈ വർഷത്തെ ഓണാഘോഷവും ഓണസദ്യയും വർണ്ണാഭമായി നടത്തി. പ്രശസ്ത സിനിമാ സംവിധായകൻ ബ്ലെസ്സിയുടെയും പത്തനംതിട്ട യുഡിഎഫ് ചെയർമാനും കേരളാ കോൺഗ്രസ് ജില്ലാ പ്രസിഡണ്ടുമായ അഡ്വ. വർഗീസ് മാമ്മന്റെയും മഹനീയ സാന്നിദ്ധ്യത്തിൽ കേരളാ സമാജം പ്രസിഡണ്ട് സിബി ഡേവിഡിന്റെയും ട്രസ്റ്റി ബോർഡ് ചെയർമാൻ സണ്ണി പണിക്കരുടെയും നേതൃത്വത്തിൽ വിവിധ ആഘോഷങ്ങളോടെ നടന്ന ഓണാഘോഷം അവിസ്മരണീയമായി. ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടെ മാവേലിത്തമ്പുരാനെ ആനയിച്ച് മുഖ്യാതിഥികളും സമാജം ചുമതലക്കാരും സംബന്ധിച്ച എല്ലാവരും ചേർന്ന് പ്രദക്ഷിണമായി എൽമോണ്ടിലുള്ള വിൻസെന്റ് ഡിപോൾ മലങ്കര കത്തോലിക്കാ കത്തീഡ്രലിന്റെ വിശാലമായ മനോഹര ഓഡിറ്റോറിയത്തിലേക്ക് പ്രവേശിച്ചു. ശനിയാഴ്ച രാവിലത്തെ ചെറു ചാറ്റൽമഴയെ അവഗണിച്ച് പ്രദക്ഷിണം കൃത്യം പതിനൊന്നു മണിക്കു തന്നെ ആരംഭിക്കുവാൻ സാധിക്കുംവിധം എല്ലാവരും സമയത്തു തന്നെ വേദിയിൽ എത്തിച്ചേർന്നു.



സമാജത്തിന്റെ അമ്പത്തിരണ്ടാമത് പ്രസിഡണ്ട് സിബി ഡേവിഡ് പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. കലാതരംഗിണി റിയാ ജോണിന്റെ കലാഹാർട്സ് സ്കൂൾ ഓഫ് ഇന്ത്യൻ ഡാൻസിലെ കലാകാരികൾ അവതരിപ്പിച്ച തിരുവാതിരയും ക്ലാസിക്കൽ ഡാൻസും പൊതുയോഗത്തിന് മുന്നോടിയായി അവതരിപ്പിച്ചത് പരിപാടിക്ക് ആഘോഷപരിവേഷം നല്കി. സദസ്സിലിരുന്ന സമാജത്തിന്റെ ഒന്നാമത് (സ്ഥാപക) പ്രസിഡണ്ടായിരുന്ന പ്രൊഫ. ജോസഫ് ചെറുവേലിൽ തെളിച്ചു നല്കിയ ദീപം ഏറ്റുവാങ്ങി അമ്പത്തിരണ്ടാമത് പ്രസിഡണ്ട് സിബി ഡേവിഡ് സ്റ്റേജിലേക്ക് പ്രവേശിച്ച് നിലവിളക്കിന് തീനാളം പകർന്നു തെളിയിച്ച അപൂർവ്വ നിമിഷം ചരിത്രത്തിന്റെ ഭാഗമായി. തനതായ കേരളത്തനിമയിൽ ഐശ്വര്യത്തിന്റെയും സമ്പുഷ്ടിയുടെയും പ്രതീകമായി നിറപറയും പൂക്കതിരും സാക്ഷിനിർത്തി മുഖ്യാതിഥികളും സമാജം ചുമതലക്കാരും ഫൊക്കാനാ, ഫോമാ പ്രതിനിധികളും മാവേലിയും ചേർന്ന് നിലവിളക്കു കൊളുത്തിയപ്പോൾ സാക്ഷികളായി ഓഡിറ്റോറിയത്തിൽ നിറഞ്ഞുനിന്ന സദസ്സ് ഹർഷാരവത്തോടെ ആഘോഷത്തെ വരവേറ്റു. സമാജം വൈസ് പ്രസിഡണ്ട് മേരി ഫിലിപ്പും സെക്രട്ടറി സജി ഏബ്രഹാമും മാസ്റ്റർ ഓഫ് സെറിമണിയായി സമയോചിതമായിത്തന്നെ പരിപാടികൾ നിയന്ത്രിച്ചു. ചടങ്ങിൽ പങ്കെടുത്ത ഏവരെയും സെക്രട്ടറി സജി ഏബ്രഹാം സ്വാഗതം ചെയ്തു.

"ഈവർഷം പങ്കെടുക്കുന്ന എന്റെ ആദ്യ ഓണാഘോഷ പരിപാടിയാണ് ഇത്. ഇവിടെ അവതരിപ്പിച്ച കലാപരിപാടികളും നിങ്ങളുടെ എല്ലാവരുടെയും ഒത്തൊരുമയോടെയുള്ള ഓണാഘോഷ നടത്തിപ്പിന്റെ ആവേശവും കൂട്ടായ്മയും തന്നെയാണ് ഈ ഓണത്തിന്റെ മുഖ്യസന്ദേശം. ഈ ഒത്തൊരുമയാണ് മാവേലിയുടെ കാലത്തുണ്ടായിരുന്ന പ്രത്യേകതയും. എന്റെ സിനിമകൾക്ക് അമേരിക്കയിലെ നല്ലവരായ നിങ്ങളേവരും നല്കുന്ന പിന്താങ്ങലിനും പ്രോത്സാഹനങ്ങൾക്കും ഞാൻ കടപ്പെട്ടിരിക്കുന്നു. എല്ലാവർക്കും ഐശ്വര്യത്തിന്റെയും സാഹോദര്യത്തിന്റെയും ഓണാശംസകൾ നേരുന്നു." ഏവർക്കും ഓണാശംസകൾ നേർന്നുകൊണ്ട് മുഖ്യാതിഥി ബ്ലെസ്സി തന്റെ മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു.

**മാത്യുക്കുട്ടി ഈശോ**

"ഓണാഘോഷത്തിന്റെ തറവാടായ കേരളത്തിൽ ഒന്നോ രണ്ടോ ദിവസത്തിൽ ആഘോഷങ്ങൾ നടക്കുമ്പോൾ പ്രവാസികളായ മലയാളികൾ താമസിക്കുന്ന അമേരിക്കയിലും മറ്റ് പല രാജ്യങ്ങളിലും മാസങ്ങളോളമാണ് ആഘോഷം നടക്കുന്നത്. നിങ്ങളുടെ ഈ വർഷത്തെ ഓണാഘോഷത്തിൽ പങ്കെടുക്കാൻ ലഭിച്ച അവസരം ഏറ്റവും സന്തോഷം നല്കുന്നതാണ്. എല്ലാവർക്കും ഓണാശംസകൾ നേരുന്നു." വിശിഷ്ടാതിഥി അഡ്വ. വർഗീസ് മാമ്മൻ പറഞ്ഞു.






പ്രസിഡണ്ട് സിബി ഡേവിഡ്, ട്രസ്റ്റീബോർഡ് ചെയർമാൻ സണ്ണി പണിക്കർ എന്നിവർ പൊതുയോഗത്തിൽ സംസാരിച്ചു. കമ്മിറ്റി അംഗം ലീലാ മാരേട്ട് ആശംസകൾ നേർന്നു. വിൻസന്റ് ഡി പോൾ പള്ളി വികാരി ഫാ. നോബി അയ്യനേത്ത് ഓണാശംസകൾ നേരുകയും ആഘോഷങ്ങളിൽ ഉടനീളം പങ്കെടുക്കുകയും ചെയ്തത് ഏവർക്കും അനുഗൃഹീതമായ അനുഭവം നല്കി. ആഘോഷപരിപാടികളോടൊപ്പം കേരളാ സാരികളുടെയും മുണ്ടുകളുടെയും പ്രദർശന-വില്പന ബൂത്തിൽ നിന്നും (ശേഷം 30-ാം പേജിൽ)

# കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ ഓണാഘോഷം ഊഷ്മളമായി

**പി.പി. ചെറിയാൻ**

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ ഈ വർഷത്തെ ഓണാഘോഷം കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ആളുകളുടെ പങ്കാളിത്തം കൊണ്ടും മേന്മയാർന്ന കലാപരിപാടികൾ കൊണ്ടും തികച്ചും വ്യത്യസ്തത പുലർത്തി. ചടുലമായ പൂക്കളം, സ്വാദിഷ്ടമായ ഓണസദ്യ, ആഹ്ലാദകരമായ പ്രകടനങ്ങൾ, മെഗാതിരുവാതിര എന്നിവയും പരിപാടിയുടെ എല്ലാ വശങ്ങളും സന്തോഷവും ചിരിയും പങ്കിട്ട സംസ്കാരത്തിന്റെ ഊഷ്മളതയും നിറഞ്ഞതായിരുന്നു. എല്ലാ സന്നദ്ധ പ്രവർത്തകരുടെയും പങ്കാളികളുടെയും സമർപ്പണം ഈ ആഘോഷത്തെ എല്ലാവർക്കും മറക്കാനാവാത്ത അനുഭവമാക്കി മാറ്റി.




മുത്തുക്കുടകളുടെയും ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും പുലികളികളുടെയും അകമ്പടിയോടെ മാവേലിത്തമ്പുരാനെ ആനയിച്ച് മുഖ്യാതിഥിയും അസോസിയേഷൻ ഭാരവാഹികളും ആഘോഷത്തിൽ സംബന്ധിച്ച എല്ലാവരും ചേർന്ന് പ്രദക്ഷിണമായി വിശാലമായ മനോഹരമായി അലങ്കരിച്ചിരുന്ന ഓഡിറ്റോറിയത്തിലേക്ക് പ്രവേശിച്ചു. ഇന്ത്യൻ-അമേരിക്കൻ ദേശീയ ഗാനാലാപനത്തിനുശേഷം അസോസിയേഷൻ അംഗങ്ങൾ, വോളണ്ടിയർമാർ എന്നിവർ ചേർന്ന് അവതരിപ്പിച്ച മെഗാ തിരുവാതിര ഓഡിറ്റോറിയത്തിൽ നിറഞ്ഞുനിന്ന സദസ്സ് ഹർഷാരവത്തോടെയാണ് സ്വീകരിച്ചത്.

സെപ്റ്റംബർ 14-ന് ശനിയാഴ്ച ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ്മാ ചർച്ച് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ അസോസിയേഷൻ പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ അദ്ധ്യക്ഷത വഹിച്ചു. കേരളത്തിൽ നിന്നും എത്തിച്ചേർന്ന സിപിഐ ജനറൽ സെക്രട്ടറി ബിനോയ് വിശ്വം (കേരള) മുഖ്യാതിഥിയായിരുന്നു.

തുടർന്ന് മുഖ്യാതിഥിയും പ്രസിഡണ്ട് പ്രദീപ് നാഗനൂലിലും സെക്രട്ടറി മൻജിത് കൈനിക്കരയും കമ്മിറ്റി അംഗങ്ങളും കേരളത്തിനിമയിൽ ഐശ്വര്യത്തിന്റെയും സമ്പുഷ്ടിയുടെയും പ്രതീകമായി നിറപറയും പൂക്കതിരും സാക്ഷിനിർത്തി ചേർന്ന് നിലവിളക്ക് കൊളുത്തിയതോടെ ഓണാഘോഷത്തിനു തുടക്കമായി.

കേരള അസോസിയേഷൻ ഓഫ് ഡാളസ് ഓണാഘോഷം വൻ വിജയമാക്കിയതിൽ നിങ്ങളോരോരുത്തർക്കും ഞങ്ങൾ നന്ദിയുള്ളവരാണ്. നിങ്ങളുടെ ആവേശകരമായ പങ്കാളിത്തവും പിന്തുണയും കൂട്ടായ മനോഭാവവും ഓണത്തിന്റെ യഥാർത്ഥ സത്തയെ സജീവമാക്കി: പ്രസിഡണ്ട് അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

ഈ വർഷം പങ്കെടുക്കുന്ന എന്റെ ആദ്യ ഓണാഘോഷ പരിപാടിയാണിതെന്നും ഇവിടെ അവതരിപ്പിച്ച കലാപരിപാടികളും നിങ്ങളുടെ എല്ലാവരുടെയും ഒത്തൊരുമയോടെയുള്ള ഓണാഘോഷ നടത്തിപ്പിന്റെ ആവേശവും കൂട്ടായ്മയും തന്നെയാണ് ഈ ഓണത്തിന്റെ മുഖ്യസന്ദേശമെന്നും ഈ ഒത്തൊരുമയാണ് മാവേലിയുടെ കാലത്തുണ്ടായിരുന്ന പ്രത്യേകതയെന്നും ബിനോയ് വിശ്വം ഓർമ്മപ്പെടുത്തി. എല്ലാവർക്കും ഐശ്വര്യത്തിന്റെയും സാഹോദര്യത്തിന്റെയും ഓണാശംസകൾ മുഖ്യാതിഥി ബിനോയ് വിശ്വം നേർന്നു.

ഓണാഘോഷത്തിന്റെ തറവാടായ കേരളത്തിൽ ഒന്നോ രണ്ടോ ദിവസത്തിൽ ആഘോഷങ്ങൾ നടക്കുമ്പോൾ പ്രവാസികളായ മലയാളികൾ താമസിക്കുന്ന അമേരിക്കയിലും മറ്റ് പല വിദേശരാജ്യങ്ങളിലും മാസങ്ങളോളമാണ് ആഘോഷം നടക്കുന്നത്. നിങ്ങളുടെ ഈ വർഷത്തെ ഓണാഘോഷത്തിൽ പങ്കെടുക്കുവാൻ ലഭിച്ച അവസരം ഏറ്റവും സന്തോഷം നല്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



ഡാളസ് ബോട്ട് ക്ലബ്-നെഹ്റു ട്രോഫി വള്ളംകളി മത്സരം, ഗ്രൂപ്പ് ഡാൻസ് (സംസ്കൃതി അക്കാദമി ഓഫ് പെർഫോമിംഗ് ആർട്സ്), ഗ്രൂപ്പ് ഡാൻസ്-റിഥം ഓഫ് ഡാളസ്, സംഘഗാനം-ഓണ കിനാവുകൾ ടീം, 10. ഗ്രൂപ്പ് ഡാൻസ്-നർത്തന ഡാൻസ് ഗാർലൻഡ്, ഗ്രൂപ്പ് ഡാൻസ്-നദന ഡാൻസ് അക്കാദമി, തിരുവോണ ചുവട് കൊറിയോഗ്രാഫി ജോബി വർഗീസ് ഗ്രാസിം എം.ആർ.ഇന്ത്യ, ഗ്രൂപ്പ് ഡാൻസ്-മല്ലൂസ് ബോയ്സ്, അക്കാദമിക് അവാർഡ് വിതരണം, ഓണസദ്യ, കളി-സിബി തലക്കുളം, സോളോ-ബഷീർ തവനൂർ, ഗ്രൂപ്പ് ഡാൻസ്-സെമി ക്ലാസിക്കൽ ഡാൻസ്-(നർത്തന നൃത്തം), ഗ്രൂപ്പ് -ഡാൻസ്-ബീറ്റ് ബ്രേക്കറുകൾ, വയലിൻ പ്ലേ 20, സോളോ-ഷാജി തോമസ് എന്നീ പരിപാടികളും ഓണാഘോഷത്തിന്റെ മാറ്റ് വർദ്ധിപ്പിച്ചു.

കേരള അസോസിയേഷൻ ഓഫ് ഡാളസ് ഓണാഘോഷം വൻ വിജയമാക്കിയതിൽ നിങ്ങളോരോരുത്തർക്കും ഞങ്ങൾ നന്ദിയുള്ളവരാണ്. നിങ്ങളുടെ ആവേശകരമായ പങ്കാളിത്തവും പിന്തുണയും കൂട്ടായ മനോഭാവവും

(ശേഷം 24-ാം പേജിൽ)

## വീട്ടുരുചികൾ

**ജോർജി സാമുവൽ, മാവേലിക്കര**

**വീട്ടിലെ ഊണുകൾ:** ഈ അടുത്ത് നാട്ടിൽ പോയപ്പോൾ കുറച്ച് ദിവസങ്ങൾ ആശുപത്രിയും പരിസരങ്ങളുമായി സുഹൃദ്ബന്ധം സ്ഥാപിച്ചപ്പോഴാണ് വീട്ടിലെ ഊണുകൾ നല്ല രസമുകുളങ്ങളായി നാവിലേക്കും മനസ്സിലേക്കും കയറിവരുന്നത്.

ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിക്കുന്നതിനു പകരം ഒരു വീട്ടിൽ, ആ വീട്ടിലെ ആൾക്കാർ പാകം ചെയ്ത സ്വാദ്, അധികം ലാഭേച്ഛ ഇല്ലാതെ വിളമ്പുന്ന ഇടങ്ങൾ ആണ് വീട്ടിലെ ഊണുകൾ. നല്ല കുത്തരി ചോറ്, സാമ്പാർ, മോര്, പരിപ്പ്, എല്ലാവിധ പ്രശസ്ത 'ശേരി'കളും.

നല്ല വറുത്ത് മൊരിഞ്ഞ പൊടിമീൻ, നമ്മുടെ സ്വകാര്യ അഹങ്കാരം ബീഫ് റോസ്റ്റ്, ഫ്രൈ, ഉലത്തു-അയല, ആവോലി, മത്തി/ചാള, പലവിധ തോരനുകൾ, കക്ക ഇറച്ചി, ഫ്രീയായിട്ട് കിട്ടുന്ന മീൻ ചാർ-മീൻചാറിൽ ഭാഗ്യമുണ്ടെങ്കിൽ കിട്ടുന്ന മത്തി കഷ്ണങ്ങൾ, പിന്നെ നല്ല ചൂട് കരിങ്ങാലി വെള്ളവും... ആഹാ അന്തസ്സ്!

ഇരിക്കാൻ സ്ഥലം ഉടനെ കിട്ടണമെന്നില്ല. ഒരാളുടെ ഊണ് ഏതു സ്റ്റേജിൽ എത്തി എന്ന് നോക്കി, ആ കസേര പിടിക്കണം. ചിലേടത്തു ബംഗാളികൾ ആതിഥേയരായി നമ്മളെ ഒഴിഞ്ഞ സ്ഥലത്ത് കൊണ്ടിരുത്തും, കസേരകളിക്കാൻ നിൽക്കണ്ട! എന്റെ മുഖത്തിന്റെ ഒരു ഐശ്വര്യം കൊണ്ട് എനിക്കു പെട്ടെന്നു തന്നെ കസേരകൾ കിട്ടിയിരുന്നു.

രുചിയോടൊപ്പം പരസ്പര സ്നേഹത്തിന്റെ നേർക്കണ്ണാടി ആയിരുന്നു ഓരോ തീൻമേശയും. നമുക്ക് ഒരു വിഭവം അടുത്ത ആള് കഴിക്കുന്ന കണ്ടിട്ട് 'കൊള്ളാമോ ചേട്ടാ' എന്ന് ചോദിക്കേണ്ട താമസം. ആ പ്ലേറ്റ് നമ്മുടെ മുമ്പിലേക്ക് നീക്കി തരുവാ, കൊള്ളാം, ഇച്ചിരെ എടുത്തോ... എല്ലാം സാധാരണ അന്നത്തെ അന്നത്തിനു വേണ്ടി ഓടുന്ന മനുഷ്യൻ. ഒരു നേരത്തെ ഭക്ഷണം അവനവന് താങ്ങുന്ന വിലയ്ക്ക് രുചിയോടെ കഴിക്കാൻ പറ്റുന്ന ഇടങ്ങൾ (പറ്റ് നടക്കില്ല).

ഇലയിലാണ് ഊണെങ്കിൽ ഇല പുറത്തു കൊണ്ടു കളയാനുള്ള ഭാരിച്ച ഉത്തരവാദിത്തം നമ്മളിൽ നിക്ഷിപ്തമാണ്. ഹാൻഡ്വാഷ് കുപ്പിയിലെ പത നിറച്ച പച്ചവെള്ളം ഒരു നല്ല പരിപാടിയാണ്.

ഒരു കപ്പലണ്ടി മിഠായിയും രണ്ട് ലോട്ടറി ടിക്കറ്റും മേടിച്ചു മുണ്ടും മടക്കി കുത്തി ഇറങ്ങുമ്പോൾ വാൾ സ്ട്രീറ്റിലെ വഴിയോരകച്ചവടക്കാരെയും (NYC Street Food) ഞാൻ ഓർത്തു. ധർമ്മം ഒന്ന് തന്നെ.

മനപ്പൂർവം ഫോട്ടോ എടുത്തില്ല. ഈ കൊടുത്തിരിക്കുന്നത് ഗൂഗിൾ ബ്രോ തന്നതാ. രുചികൾ തേടി പിടിച്ച് എന്നെ കൊണ്ടുനടന്ന ചങ്ക് ബ്രോ ഷാജിക്ക് സ്നേഹവും പകുതി കപ്പലണ്ടി മിഠായിയും...!

# ഓണമേളങ്ങളും നാല്പതാം പിറന്നാളും – മങ്കയിൽ ഉത്സവാഘോഷം

**ബിന്ദു ടിജി**

കാലിഫോർണിയ: മലയാളി അസോസിയേഷൻ ഓഫ് നോർത്തേൺ കാലിഫോർണിയ (മങ്ക) പൊന്നോണവും നാല്പതാം പിറന്നാളും അതിമനോഹരമായി ആഘോഷിച്ചു. സെപ്റ്റംബർ ഏഴിന് പ്രീമിയർ ഷബോട്ട് തിയേറ്ററിൽ വെച്ച് നടന്ന ആഘോഷപരിപാടികളുടെ മുഖ്യസ്പോൺസർ




ഷൈജു വർഗീസ് (റിയാലിറ്റി എക്സ്പെർട്ട്സ്) ആയിരുന്നു. ഏകദേശം ആയിരത്തി അഞ്ഞൂറോളം പേർ ഗൃഹാതുരത്വം നിറഞ്ഞ ഓണമേളക്കൊഴുപ്പിൽ പങ്കുചേർന്നു. ബേ ഏരിയയിലെ ഭൂരിഭാഗം മലയാളികളെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള ഒരു അപൂർവ്വ മേള തന്നെയായിരുന്നു ഈ വർഷത്തെ മങ്കയുടെ ഓണാഘോഷം.

കലാമണ്ഡലം ശിവദാസൻ മേനോൻ ആയിരുന്നു മുഖ്യാതിഥി. ഫ്രിമോണ്ട് സിറ്റി കൗൺസിൽ മെംബർ രാജ് സെൽവന്റെ വിശിഷ്ട സാന്നിദ്ധ്യം മങ്കയ്ക്ക് അനുഗ്രഹമായി. ക്ഷണിക്കപ്പെട്ട അതിഥിയായി ഗീത റാം (മുൻ ഒബാമ അഡ്മിനിസ്ട്രേഷൻ നിയുക്ത ഉദ്യോഗസ്ഥ) പങ്കെടുത്തു. ഷിനോയ്സ് കിച്ചൻ ഒരുക്കിയ ഇരുപത്തിയഞ്ചോളം വിഭവങ്ങളടങ്ങിയ രുചികരമായ പരമ്പരാഗത ഓണസദ്യയും ബേ ഏരിയയിലെ പ്രതിഭാധനരായ കലാകാരന്മാരും കലാകാരികളും ഒരുക്കിയ വർണ്ണമനോഹരമായ കലാ-സാംസ്കാരിക പരിപാടികളും ജനഹൃദയങ്ങളിൽ ജന്മനാടിന്റെ ഓർമ്മകളുണർത്തി.

ഓർമ്മകളിൽ സൂക്ഷിക്കാൻ മാവേലിക്കൊപ്പം ഓണവേഷങ്ങളിൽ ഉള്ള ചിത്രം എടുക്കലും വുൾഫ് ഇന്ത്യ ബസാർ സ്പോൺസർ ചെയ്ത പായസം മത്സരവും ജനപ്രിയ പരിപാടികളായിരുന്നു. പതിനേഴു പേർ വിവിധയിനം പായസങ്ങളുമായി മത്സരത്തിനു മുന്നോട്ടുവന്നു.

നാല്പതാം വാർഷികത്തിന്റെ ഭാഗമായി പ്രസിഡണ്ട് സുനിൽ വർഗ്ഗീസിന്റെ നേതൃത്വത്തിൽ മങ്ക ബോർഡ്, മുൻ പ്രസിഡണ്ടുമാരെ ആദരിച്ചു.

ബേ ഏരിയ സമൂഹത്തിൽ ഇക്കഴിഞ്ഞ അൻപത്തിയഞ്ചു വർഷത്തെ സ്തുത്യർഹമായ സാമൂഹിക സേവനത്തിനു മങ്ക ടീം രാജ് നായർക്ക് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നല്കി ആദരിച്ചു.


അത്യാകർഷകമായ ഈ ആഘോഷപരിപാടികൾക്ക് നേതൃത്വം നല്കി ആസൂത്രണം നിർവഹിച്ചത് കഠിനാദ്ധ്വാനികളും സാമൂഹിക സേവനത്തിൽ അർപ്പണബോധവുമുള്ള മങ്ക ബോർഡ് ഓഫ് ഡയറക്ടേഴ്സ് ആയ ജോൺ പുലിക്കോട്ടിൽ, സ്മിത രാമചന്ദ്രൻ,



ജിതേഷ് ചന്ദ്രൻ, ജോബി പൗലോസ്, മങ്ക സെക്രട്ടറി പ്രിൻസ് നെച്ചികാട്ട്, ട്രഷറർ മേരി ദാസൻ ജോസഫ്, വൈസ് പ്രസിഡണ്ട് പദ്മപ്രിയ പാലോട്ട്, ജോയിന്റ് സെക്രട്ടറി ജോൺസൺ ജോൺ, ബോർഡ് മെംബേഴ്സ് ആയ കവിത പ്രമോദ്, ജോൺ പോൾ വർക്കി, ലിജ ഷോം, ലിസി ജോൺ, ഹരി പുതുശ്ശേരി, ജാസ്മിൻ പരോൾ എന്നിവരും ചേർന്ന ടീമിന്റെ അശ്രാന്ത പരിശ്രമമാണ്. ഉത്സവമേളങ്ങളിൽ കേരളത്തിന്റെ തനിമ സമ്മാനിക്കുവാൻ ടീമംഗങ്ങൾ ചെയ്ത സേവനം പ്രശംസനീയമാണ്. മീഡിയ പാർട്ണർ ആയ ഫ്ളവേഴ്സ് ടിവി യുഎസ്എയ്ക്കും എലിസ്ഡാ മീഡിയയ്ക്കും മങ്കയുടെ ആത്മാർത്ഥമായ നന്ദി. ബേ ഏരിയ മലയാളികളുടെ മനസ്സിൽ ഈ നിസ്വാർത്ഥ സേവനം മധുരമുള്ള ഓർമ്മയായി എന്നെന്നും നിലനില്ക്കും. മങ്കയുടെ അടുത്ത ആഘോഷപരിപാടികൾക്കും വീണ്ടും ഒരു സ്നേഹസംഗമത്തിനും ആകാംക്ഷയോടെ കാത്തിരിക്കുന്ന ബേ ഏരിയ മലയാളികൾ.





# 'പാട്ടം' ഹ്രസ്വചിത്രത്തിന് നാല് പുരസ്കാരങ്ങൾ




കൊല്ലം: കൊല്ലം റിയൽ ആർട്ടിസ്റ്റ് മൂവി അസോസിയേഷൻ സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച ഫിലിം ആൻഡ് ഡോക്യുമെന്ററി മത്സരത്തിൽ 'പാട്ടം' എന്ന ഹ്രസ്വചിത്രത്തിന് നാല് പുരസ്കാരങ്ങൾ ലഭിച്ചു. ഏറ്റവും മികച്ച ഹ്രസ്വചിത്രം, ഏറ്റവും മികച്ച നടൻ, ഏറ്റവും മികച്ച സിനിമ ഫോട്ടോഗ്രാഫർ, സ്പെഷൽ ജൂറി മെൻഷൻ എന്നീ പുരസ്കാരങ്ങ



ളാണ് ലഭിച്ചത്. ഈ ചിത്രത്തിന്റെ കഥയും തിരക്കഥയും ടി.പി. കുര്യന്റേതാണ്. പ്രധാന വേഷം ചെയ്തിരിക്കുന്നത് യുഎസ്എയിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർ ഗബ്രിയേൽ തട്ടിലാണ്. രാഹുൽ വാഴയിലാണ് മികച്ച ഫോട്ടോഗ്രാഫർ. പ്രശസ്ത സിനി



മാതാരം ശിവജി ഗുരുവായൂരിന് ജൂറിയുടെ പ്രത്യേക പരാമർശവും ലഭിച്ചു. ധാരാളം ഹ്രസ്വചിത്രങ്ങൾ ചെയ്തിട്ടുള്ള സിരിൻസൺ ആണ് ഈ ഷോർട്ട് ഫിലിമിന്റെയും സംവിധായകൻ. ഗാനങ്ങൾ രചിച്ചിരിക്കുന്നത് പ്രശസ്ത സിനിമ ഗാനരചയിതാവ് ഏങ്ങണ്ടി




യൂർ ചന്ദ്രശേഖരൻ. സൗണ്ട് ഡിസൈൻ ചെയ്തിരിക്കുന്നത് റിച്ചാർഡ് അന്തിക്കാട്. ഈ ചിത്രം നിർമ്മിച്ചിരിക്കുന്നത് തട്ടിൽ ഫിലിംസാണ്.

# STAGE SET FOR NAINA BIENNIAL CONFERENCE IN ALBANY

Paul D Panakal
Paudom88@gmail.com

Albany: The Indian American Nurses Association (IANA) is finalizing preparations to welcome nurses from across the United States for the much-anticipated biennial conference of the National Association of Indian Nurses in America (NAINA). Scheduled for October 4 and 5, the two-day event will be hosted at The Desmond – Crowne Plaza, according to Suja Thomas, president of NAINA. This marks the 9th biennial conference for NAINA, aimed at fostering the professional advancement of nurses by showcasing the latest innovations in nursing theory, practice, and education. Attendees can expect a diverse lineup of esteemed nurse leaders and subject matter experts who will provide insights on a variety of topics pertinent to the nursing profession. The conference themed "Innovate, Integrate, Inspire," will also offer numerous networking opportunities for nursing professionals committed to enhancing healthcare outcomes in America.

The significant presence of Indian American nurses across the healthcare landscape has been increasingly recognized, as they excel in various fields including research, administration, education, and advanced practice.


Suja Thomas


Cheryl A. Peterson


Dr. Debbie Hatmaker


Dr. Colleen Walsh


Dr. Alicia Georges


Dr. Glenda Kelman


Harilal Nair


Mukul Bakhshi


Simmy King

The first day of the conference will focus on strategies to drive nursing excellence through the integration of research and technological advancements. Panel discussions featuring prominent nurse scholars from across the country will explore the future of healthcare. On the second day, discussions will center around the critical role of nursing in promoting equity, advocacy, and innovation, as well as the impact of wearable technologies on nursing efficiency and outcomes.

A significant focus will also be placed on nursing's evolving role in health and well-being in the context of artificial intelligence.

Both days will feature concurrent sessions covering pressing topics in nursing, including steroid-induced hyperglycemia in oncology patients, new management models for GERD in outpatient settings, collaborative leadership, and the implications of COVID-19 on cardiac health.

Notable speakers at the conference will include Dr. Debbie Hatmaker, Chief Nursing Officer of the American Nurses Association; Dr. Colleen Walsh-Irwin, co-chair of the AANP Cardiology Specialty Practice Group; Dr. Glenda Kelman, chair and professor of nursing at Russell Sage College; and nursing pioneer Dr. Alicia Georges, among others. Leading the organization of this significant event are esteemed Indian American nursing leaders, including NAINA president Suja Thomas, vice president Sandra Immanuel, secretary Umamaheswari Venugopal, treasurer and national convenor Tara Shajan, and hosting chapter president Dr. Ambili Nair. Registration is currently underway at nainausa.org, as excitement builds for this pivotal gathering in the nursing community.

# മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ ഓണാഘോഷം



ചിക്കാഗോ: മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷന്റെ ഈ വർഷത്തെ ഓണാഘോഷം നടി ആൻ അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. മോർട്ടൻഗ്രോവ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ അസോസിയേഷൻ പ്രസിഡണ്ട് റോയി നെടുംചിറ അദ്ധ്യക്ഷത വഹിച്ചു. ഫാ. സിജു മുടക്കോടിൽ ഓണസന്ദേശം നല്കി വർണ്ണശബളമായ ഘോഷയാത്രയോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.

റോയി നെടുംചിറ

ചിക്കാഗോയിലുള്ള വിവിധ സംഘടനാ നേതാക്കൾ ആഘോഷങ്ങളിൽ പങ്കെടുത്തു. അത്തപ്പൂക്കളം, ചെണ്ടമേളം, ഓണസദ്യ, മാവേലിയുടെ എഴുന്നള്ളത്ത് എന്നിവ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. വയനാടിന് ഒരു കൈത്താങ്ങ് പദ്ധതിയുടെ ഉദ്ഘാടനം മിഡ്‌വെസ്റ്റ് ട്രഷറർ സാബു തറത്തട്ടേലിൽ നിന്ന് നടി ആൻ അഗസ്റ്റിനും ഫാ. സിജു മുടക്കോടിലിൽ എന്നിവർ ചെക്ക് സ്വീകരിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു.

വൈസ് പ്രസിഡണ്ട് പോൾസൺ കുളങ്ങര സ്വാഗതം ആശംസിച്ചു. ശ്രുതി മഹേഷ് പ്രാർത്ഥനാഗീതം ആലപിച്ചു. സെക്രട്ടറി മഹേഷ് കൃഷ്ണൻ എംസിയായിരുന്നു. മുൻ പ്രസിഡണ്ട് സ്റ്റീഫൻ കിഴക്കേക്കുറ്റ്, എൻ.എസ്.എസ് ചിക്കാഗോ പ്രസിഡണ്ട് അരവിന്ദ് പിള്ള, കെ.സി.എസ് പ്രസിഡണ്ട് ജെയിൻ മാക്കിൽ എന്നിവർ ആശംസകളർപ്പിച്ചു. ട്രഷറർ സാബു തറത്തട്ടേൽ നന്ദിപ്രസംഗം നടത്തി. തുടർന്ന് കലാപരിപാടികൾക്ക് തുടക്കം കുറിച്ചു. ടീം മാജിക്ക് സ്മിനി പാട്ടത്തിൽ, ശ്രുതി ആൻഡ് ശ്രേയ മഹേഷ്, സെറഫിൻ ബിനോയി, ഓംകാരം ചിക്കാഗോ, മണവാളൻ ചിക്കാഗോ ടീം എന്നിവരുടെ കലാസദ്യയും നടത്തപ്പെട്ടു.



# മറിയം സംഗമം ആത്മീയ ഉണർവാക്കി ബെൻസൻവിൽ ഇടവക





ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് മേരി നാമധാരികളുടെ 'മറിയം സംഗമം' നടത്തപ്പെട്ടു. വിവിധ കൂടാരയോഗങ്ങളിലെ സ്ത്രീജനങ്ങളുടെ നേതൃത്വത്തിലാണ് പരിശുദ്ധ മാതാവിന്റെ പിറവിത്തിരുനാൾ ഏറ്റെടുത്ത് നടത്തപ്പെട്ടത്. ആഘോഷമായ തിരുനാൾ കുർബാനയും മരിയൻ പ്രദക്ഷിണവും കുട്ടികളുടെ വിവിധ കലാപരിപാടികളും അന്നേദിവസം നടത്തപ്പെട്ടു. വിമൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാവർക്കും സ്നേഹവിരുന്നും ഒരുക്കി. ഈ വർഷം പ്രത്യേകമായി നടത്തിയ മറിയം സംഗമം ഏവരിലും കൂടുതൽ ആത്മീയ ഉണർവ് പകർന്നു. വിമൻസ് മിനിസ്ട്രിയുടെ സമർപ്പണബുദ്ധിയോടെയുള്ള ഇത്തരം പ്രവർത്തനങ്ങൾ ഇടവക സമൂഹത്തിന്റെ ആത്മീയ വളർച്ചയ്ക്ക് കൂടുതൽ ഉപകരിക്കുമെന്ന് മേഴ്സി ചെമ്മലക്കുഴിയുടെ നേതൃത്വത്തിലുള്ള വിമെൻസ് മിനിസ്ട്രിയെ അഭിനന്ദിച്ചുകൊണ്ട് ഫാ. ബിൻസ് ചേത്തലിൽ അറിയിച്ചു.

# ക്നാനായ യുണൈറ്റഡിന് ക്രിക്കറ്റ് കിരീടം

ഏലിയാമ്മ പുന്നൂസ്

ചിക്കാഗോ: ചിക്കാഗോ നഗരം ആർപ്പുവിളികളോടെ സ്വീകരിച്ച പ്രഥമ ചിക്കാഗോ എക്യുമെനിക്കൽ ക്രിക്കറ്റ് ലീഗിന്റെ പേരെന്റ് പട്രോളിയം വെസ്റ്റ്മോന്റ് ബിപി സ്പോൺസർ ചെയ്ത കിരീടം, ശക്തരായ സീറോ മലബാർ ക്രിക്കറ്റ് ടീമിനെ നാലു വിക്കറ്റിനു തകർത്ത് ക്നാനായ യുണൈറ്റഡ് ടീം സ്വന്തമാക്കി. സീറോ മലബാർ ടീം റണ്ണർ അപ്പ് ആയപ്പോൾ ജാക്കബൈറ്റ് യുണൈറ്റഡ്, സെന്റ് തോമസ് സ്റ്റാർ സീക്കേഴ്സ് ടീമുകൾ മൂന്നാം സ്ഥാനം പങ്കിട്ടു.

ചിക്കാഗോ പ്രദേശത്തുള്ള ക്രിസ്തീയ സഭകളുടെ കൂട്ടായ്മയായ ചിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരള ചർച്ചസിന്റെ യൂത്ത് ഫോറം, കാരൾ സ്ട്രീം മക്കാസലിൻ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ 2024 സെപ്റ്റംബർ 7,8 തീയതികളിൽ സംഘടിപ്പിച്ച ചിക്കാഗോ എക്യുമെനിക്കൽ ക്രിക്കറ്റ് ലീഗ് (CECL) ഫൈനലിൽ ബെൽവുഡ്, മാർതോമാ ശ്ലീഹാ സീറോ മലബാർ കത്തീഡ്രൽ ക്രിക്കറ്റ് ടീമിനെതിരെയുള്ള അവസാന ഓവർ ത്രില്ലർ മത്സരത്തിൽ നാലു വിക്കറ്റിനു തോൽപിച്ച്, മോർട്ടൻ ഗ്രോവ് സെന്റ് മേരീസ്, ബെൻസെൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ ഇടവകകളുടെ സംയുക്ത ക്രിക്കറ്റ് ടീമായ ക്നാനായ യുണൈറ്റഡ് ചാമ്പ്യന്മാരായി.



സ്കോർ:
സീറോ മലബാർ- 47/5(10)
ക്നാനായ യുണൈറ്റഡ്-48/6(9.2)

ചിക്കാഗോയിലെ 14 ദേവാലയങ്ങളിൽനിന്നുള്ള 135-ഓളം ക്രിക്കറ്റ് കളിക്കാർ ഉൾപ്പെട്ട CMTC ടസ്കേഴ്സ്, ക്നാനായ യുണൈറ്റഡ്, സീറോ മലബാർ, ലോമ്പാർഡ് സ്റ്റാർ സീക്കേഴ്സ്, ജാക്കോബൈറ്റ് യുണൈറ്റഡ്, ഓർത്തഡോക്സ് ഔട്ട്ലാസ്, ഗ്രിഗോറിയൻ ഗ്ലാഡിയേറ്റേഴ്സ്, സെന്റ് തോമസ് വാരിയേഴ്സ്, CSI ചാർജേഴ്സ് എന്നീ ടീമുകൾ പരസ്പരം മത്സരിച്ച ഈ ടൂർണമെന്റിൽ സീറോ മലബാർ ടീം ക്യാപ്റ്റൻ വിനീഷ് വർഗീസ് (66 റൺസ്, 4 വിക്കെറ്റ്) മാൻ ഓഫ് ദി സീരീസ് ആയി.

(ശേഷം 30-ാം പേജിൽ)

# കാനം അച്ചൻ: മലങ്കര പെന്തെക്കോസ്ത് സമൂഹത്തിൽ തുല്യതകളില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമ

രാജു പൊന്നോലിൽ

അറ്റ്ലാന്റ: മലങ്കര പെന്തെക്കോസ്ത് സമൂഹത്തിൽ തുല്യതകളില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമയും നിർമ്മല സുവിശേഷത്തിന്റെ പ്രഭാഷകനുമായിരുന്നു അന്തരിച്ച കാനം അച്ചനെന്ന് നോർത്ത് അമേരിക്കൻ ഐ.പി.സി ഗ്ലോബൽ മീഡിയ ചാപ്റ്റർ വിലയിരുത്തി.

ദുരുപദേശങ്ങളുമായി ഒരു നീക്കുപോക്കിനും തയ്യാറാകാത്ത വചനത്തിൽ അധിഷ്ഠിതമായ ഉറച്ച നിലപാടുള്ള വ്യക്തിത്വമായിരുന്നു അദ്ദേഹം.

കാനം അച്ചന്റെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് അറ്റ്ലാന്റയിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ പ്രസിഡണ്ട് പാസ്റ്റർ റോയി വാകത്താനം അനുസ്മരണ പ്രമേയം അവതരിപ്പിച്ചു.



വൈസ് പ്രസിഡണ്ട് രാജൻ ആര്യപ്പള്ളിൽ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി നിബു വെള്ളവന്താനം, റീജിയൻ പ്രസിഡണ്ട് പാസ്റ്റർ കെ.സി. ജോൺ, മീഡിയ കോ-ഓർഡിനേറ്റർ രാജു പൊന്നോലിൽ എന്നിവർ അനുസ്മരണങ്ങൾ പങ്കുവെച്ചു.

# ആസൂത്രണത്തിലും ആവിഷ്കരണത്തിലും ശ്രദ്ധനേടി എകെഎംജി കൺവൻഷൻ

**പി. ശ്രീകുമാർ**

സാൻ ഡിയാഗോ: അമേരിക്കയിലെ മലയാളി ഡോക്ടർമാരുടെ സംഘടനയായ എകെഎംജിയുടെ (അസോസിയേഷൻ ഓഫ് കേരള മെഡിക്കൽ ഗ്രാജുവേറ്റ്) 45-ാം വാർഷിക സമ്മേളനം അതുല്യമായ അനുഭവം നൽകി



യാണ് സാൻ ഡിയാഗോയിൽ അരങ്ങേറിയത്. മികച്ച ആസൂത്രണം, മെച്ചപ്പെട്ട വിഭവങ്ങൾ, മികവാർന്ന അവതരണം. എല്ലാ അർത്ഥത്തിലും കൺവൻഷൻ സംഘടനയുടെ ശക്തിയും പ്രസക്തിയും വിളിച്ചു പറയുന്നതായി. അമേരിക്കയിലും കാനഡയിൽനിന്നുമായി 500-ൽ അധികം ഡോക്ടർമാരാണ് മൂന്നു ദിവസത്തെ കൺവൻഷനിൽ ഒത്തുചേർന്നത്.

പ്രസിഡണ്ട് ഡോ. സിന്ധു പിള്ള, കൺവൻഷൻ ചെയർമാൻ ഡോ. രവി രാഘവൻ, സാൻ ഡിയാഗോ ഡിസ്ട്രിക് അറ്റോർണി സമ്മർ സ്റ്റീഫൻ, മുൻ സാരഥികളായിരുന്ന ഡോ. രാധാ മേനോൻ, ഡോ. ജോർജ് തോമസ്, ഡോ. ഇനാസ് ഇനാസ്, ഡോ. രവീന്ദ്ര നാഥൻ, ഡോ. റാം തിനക്കൽ, ഡോ. വെങ്കിട് അയ്യർ എന്നിവർ ചേർന്ന് നിലവിളക്ക് തെളിച്ചതോടെയാണ് പരിപാടികൾ തുടങ്ങിയത്. ഘോഷയാത്ര, സമുദ്ര കപ്പലിലെ ഡിന്നർ, ഓണസദ്യ, യോഗ സെഷനുകൾ, സ്ത്രീകളുടെയും കുട്ടികളുടെയും ഫോറങ്ങൾ, ബിസിനസ് സംവാദങ്ങൾ, സാഹിത്യ ഫോറങ്ങൾ, ചിത്രപ്രദർശനം, ചുവർചിത്ര ശില്പശാല, ഫാഷൻ ഷോ, കാമ്പസ് ടാലന്റ്





നൈറ്റ്, കലാവിരുന്ന്... കൺവൻഷനെ വിജയിപ്പിക്കുന്ന എല്ലാ ഘടകങ്ങളും പാകത്തിൽ സമന്വയിപ്പിക്കാൻ സംഘാടകർക്കായി.

ആരോഗ്യപ്രവർത്തകരുടെ ഒത്തുചേരൽ എന്ന നിലയിൽ പ്രൊഫഷണൽ നൈപുണ്യങ്ങൾ മികവുറ്റ രീതിയിൽ വികസിപ്പിക്കാനുള്ള സെഷനിൽ അതത് മേഖലയിലെ മുൻനിരക്കാരെ തന്നെ എത്തിക്കാനായി. ഡോ. ഹരി പരമേശ്വരൻ, ഡോ. നിഗിൽ ഹാറൂൺ, ഡോ. വെങ്കിട് എസ്. അയ്യർ, സുബ്രഹ്മണ്യ ഭട്ട്, വിനോദ് എ. പുല്ലാർക്കട്ട്, ഡോ. ആശാ കരിപ്പോട്ട്, ഡോ. നജീബ് മൊഹിദീൻ, പ്രമോദ് പിള്ള, ഡോ. ഇനാസ് ഇനാസ്, അക്ഷത് ജെയിൻ, ഡോ. അംബിക അഷ്റഫ്, ഹർഷ് ഡി. ത്രിവേദി, ഡോ. നിഷ നിഗിൽ ഹാറൂൺ എന്നിവർ ആരോഗ്യമേഖലയിലെ പുതിയ സാങ്കേതികവിദ്യകൾ, ചികിത്സാ രീതികൾ, ശാസ്ത്രീയ ഗവേഷണങ്ങൾ, മികച്ച പ്രാക്ടീസ് മാർഗങ്ങൾ എന്നിവയെ കുറിച്ചുള്ള പുതിയ അറിവുകളും പരിചയങ്ങളും പങ്കുവെച്ചു. കൺവൻഷൻ സുവനീർ കൺവൻഷൻ ചെയർമാൻ ഡോ. രവി രാഘവനിൽ നിന്ന് സ്വീകരിച്ച് ഡിസ്ട്രിക് അറ്റോർണി സമ്മർ സ്റ്റീഫൻ പ്രകാശനം ചെയ്തു.

കാൻസർ രംഗത്ത് ലോകപ്രശസ്തനായ മലയാളി ഡോ. എം.വി. പിള്ളയ്ക്ക് എകെഎംജി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് സമ്മാനിച്ചത് വലിയൊരു ഗുരുദക്ഷിണ അർപ്പിക്കലായി. അമേരിക്കയിലെ പ്രമുഖ കാൻസർ രോഗ വിദഗ്ദ്ധനും തോമസ് ജഫർസൺ യൂണിവേഴ്സിറ്റി ഓങ്കോളജി ക്ലിനിക്കൽ പ്രൊഫസറുമായ ഡോ. എം.വി. പിള്ള ലോകാരോഗ്യ സംഘടനാ കാൻസർ കെയർ കൺസൾട്ടന്റാണ്. ഇന്റർനാഷണൽ നെറ്റ്വർക്ക് ഫോർ കാൻസർ (ശേഷം 30-ാം പേജിൽ)

# ഡോ. എം.വി. പിള്ളയ്ക്ക് എകെഎംജി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്

**പി. ശ്രീകുമാർ**

സാൻ ഡിയാഗോ: അമേരിക്കയിലെ മലയാളി ഡോക്ടർമാരുടെ സംഘടനയായ എകെഎംജിയുടെ (അസോസിയേഷൻ ഓഫ് കേരള മെഡിക്കൽ ഗ്രാജുവേറ്റ്) ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് കാൻസർ രംഗത്ത് ലോകപ്രശസ്തനായ മലയാളി ഡോ. എം.വി. പിള്ളയ്ക്ക് സമ്മാനിച്ചു. സാൻ ഡിയാഗോയിൽ നടന്ന 45-ാം വാർഷിക സമ്മേളനത്തിൽ സംഘടനയുടെ പ്രസിഡണ്ട് ഡോ. സിന്ധുപിള്ള പുരസ്കാരം കൈമാറി. അവാർഡല്ല ഗുരുദക്ഷിണ അർപ്പിക്കലാണെന്ന് ഡോ. സിന്ധു പറഞ്ഞു.



അമേരിക്കയിലെ പ്രമുഖ കാൻസർ രോഗ വിദഗ്ദ്ധനും തോമസ് ജഫർസൺ യൂണിവേഴ്സിറ്റി ഓങ്കോളജി ക്ലിനിക്കൽ പ്രൊഫസറുമായ ഡോ. എം.വി. പിള്ള ലോകാരോഗ്യ സംഘടനാ കാൻസർ കെയർ കൺസൾട്ടന്റാണ്. ഇന്റർ നാഷണൽ ഫോർ കാൻസർ ട്രീറ്റ്മെന്റ് ആൻഡ് റിസർച്ച് പ്രസിഡണ്ട്, ഗ്ലോബൽ വൈവസ് നെറ്റ്വർക്കിന്റെ മുതിർന്ന ഉപദേഷ്ടാവ്, കേരളത്തിൽ സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ തലവൻ, ലോകാരോഗ്യ സംഘടനയുടെ ഗ്ലോബൽ ബ്രസ്റ്റ് കാൻസർ ഇൻഷ്യേറ്റീവ് കൺസൾട്ടന്റ്, ചെങ്ങന്നൂർ കെ.എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉപദേശക സമിതി ചെയർമാൻ, തിരുവനന്തപുരം ആർസിസി ഗവേണിംഗ് കൗൺസിൽ അംഗം തുടങ്ങി അനുഷ്ഠിക്കാത്ത പദവികൾ ചുരുക്കം.

ആതുര സേവന രംഗത്തും സാഹിത്യരംഗത്തും ഒരുപോലെ പ്രശോഭിക്കുന്ന ഡോ. എം.വി. പിള്ളയെ തേടി നിരവധി പുരസ്കാരങ്ങളും എത്തിയിട്ടുണ്ട്. നാലു പതിറ്റാണ്ട് പിന്നിട്ട പ്രവാസജീവിതത്തിനിടയിലും കേരളത്തിന്റെ സംസ്കാരത്തെയും ഭാഷയെയും നെഞ്ചോട് ചേർക്കുന്ന അദ്ദേഹം, സ്വതസിദ്ധമായ നർമ്മംകൊണ്ട് രോഗികൾക്കും ഉറ്റവർക്കും പകരുന്ന സാന്ത്വനം ചികിത്സാവൈദഗ്ധ്യംപോലെതന്നെ പേരുകേട്ടതാണ്.

# ലാനയുടെ സാഹിത്യോത്സവം – 2024 ഇ. സന്തോഷ്കുമാർ മുഖ്യാതിഥി

**വർഗീസ് കോരസൺ**

ന്യൂയോർക്ക്: ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (LANA) യുടെ പ്രാദേശിക സമ്മേളനം ന്യൂയോർക്കിലെ അക്ഷര നഗരിയിൽ നവംബർ ഒന്നു മുതൽ മൂന്നു വരെ നടത്തപ്പെടുന്നു. ന്യൂയോർക്കിലെ കേരളാ സെന്റർ ആണ് അക്ഷര നഗരിയായി അണിഞ്ഞൊരുങ്ങുന്നത്. മലയാളത്തിലെ പ്രമുഖ എഴുത്തുകാരൻ ഇ. സന്തോഷ്കുമാർ മുഖ്യാതിഥിയായി എത്തിച്ചേരുന്ന സമ്മേളനത്തിൽ നോർത്ത് അമേരിക്കയിലെ മലയാളി എഴുത്തുകാരുടെയും സാഹിത്യ പ്രേമികളുടെയും വലിയ നിരതന്നെ പങ്കെടുക്കും.



ഇ. സന്തോഷ്കുമാർ

ഇ. സന്തോഷ് കുമാർ, മലയാള സാഹിത്യകാരന്മാരുടെ മുൻനിരയിൽ എത്തപ്പെട്ട എഴുത്തുകാരനാണ്. 2006-ലും 2012-ലും കേരള സാഹിത്യ അക്കാദമി അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. അദ്ദേഹത്തിന്റെ 'ചാവുകളി', 'അന്ധകാരനഴി', 'ജ്ഞാനഭാരം', പാവകളുടെ വീട്' എന്നീ രചനകൾ ഇതിനകം തന്നെ മലയാള വായനക്കു പുതിയ വാതായനങ്ങൾ സമ്മാനിച്ചു.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വളർന്നുവന്ന മലയാളത്തിലെ എഴുത്തുകാരുടെ പുതിയ തലമുറയോടൊപ്പമാണ് അദ്ദേഹം പൊതുവെ തിരിച്ചറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ രചനയിൽ രണ്ട് മുഴുനീള നോവലുകളും ആറ് നോവലെറ്റുകളും അറുപതിലധികം ചെറുകഥകളും ഉൾപ്പെടുന്നു.

മൂന്നുദിവസം നീണ്ടുനിൽക്കുന്ന സാഹിത്യോത്സവത്തിൽ കഥ, കവിത തുടങ്ങി സാഹിത്യമേഖലയിലെ പുതിയ പ്രവണതകൾ, വൈവിധ്യമാർന്ന ചർച്ചകൾ, പഠനകളരികൾ, വിനോദങ്ങൾ ഒക്കെ ക്രമീകരിച്ചിട്ടുണ്ട്. ഭാഷയെ സ്നേഹിക്കുന്നവർക്ക് ഒഴിച്ചുകൂടാനാവാത്ത വിഭവങ്ങൾ ചേർത്തിണക്കിയ സമ്പൂർണ്ണ സമ്മേളനം നോർത്ത് അമേരിക്കയിലെ എഴുത്തുകാർക്ക് ഓർമ്മയിൽ സൂക്ഷിക്കാനുള്ള അനുഭവം ആകുമെന്നു സംഘാടകർ അറിയിക്കുന്നു.

സമ്മേളനത്തിൽ ലാനയ്ക്ക് നേതൃത്വം നൽകിയ അതിന്റെ മുൻകാല പ്രവർത്തകരെ ആദരിക്കുകയും അനുസ്മരിക്കുകയും ചെയ്യും.

സമ്മേളനത്തിന് ജേക്കബ് ജോൺ, മനോഹർ തോമസ്, ജെ. മാത്യൂസ്, സാംസി കൊടുമൺ, സന്തോഷ് പാലാ, രാജു തോമസ്, കെ.കെ. ജോൺസൺ, കോരസൺ വർഗീസ്, ജോസ് കാടാപ്പുറം, നിർമലാ ജോസഫ് തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾ ലാനയുടെ ലിങ്കിൽ ലഭ്യമാണ് (lanalit.com). മനോഹർ തോമസ് (917-9742670), ജെ. മാത്യൂസ് (914-4501442).

Registration Link:

https://docs.google.com/forms/d/e/1FAIpQLSdgUziQ8PfZc7NGpROcFnxRY8IK mNcUS-FHdsC1Y3YkL5xCQ/viewform?usp=sharing

# ഐ.പി.സി മിഡ്‌വെസ്റ്റ് റീജിയൻ കൺവൻഷന് അനുഗ്രഹസമാപ്തി






ഡാളസ്: ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും കാത്തുസൂക്ഷിച്ച് ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപരായി വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കണമെന്ന ആഹ്വാനത്തോടെ ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ 2024 കോൺഫറൻസിന് തിരശ്ശീല വീണു. ഓഗസ്റ്റ് 30, 31, സെപ്റ്റംബർ ഒന്ന് തീയതികളിൽ ഡാളസിൽ മെസ്കിറ്റിലുള്ള ശാരോൺ ഇവന്റ് സെന്ററിൽ വെച്ചാണ് റീജിയൻ കോൺഫറൻസ് നടന്നത്. കോൺഫറൻസിൽ മലയാളം സെഷനിൽ പാസ്റ്റർമാരായ ടി. ജെ. ശാമുവൽ, ഫെയ്ത്ത് ബ്ലസൻ, ഇംഗ്ലീഷ് സെഷനിൽ മൈക്ക് പാറ്റ്സ് സഹോദരി സമ്മേളനത്തിൽ സിസ്റ്റർ ഷീബ ചാൾസ് എന്നിവർ മുഖ്യപ്രസംഗകരായിരുന്നു. ഞായറാഴ്ച നടന്ന സംയുക്ത ആരാധനയ്ക്ക് ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ പ്രസിഡണ്ട് പാസ്റ്റർ ഷിബു തോമസ് നേതൃത്വം നല്കി.

ഇരുപത്താറ് സഭകളാണ് ഈ റീജിയനിൽ. പാസ്റ്റർ ഷിബു തോമസ് പ്രസി

**ഫിന്നി രാജു**

ഡണ്ട്, പാസ്റ്റർ ജെയിംസ് പൊന്നോലിൽ വൈസ് പ്രസിഡണ്ട്, പാസ്റ്റർ കെ.വി. തോമസ് സെക്രട്ടറി, ഫിന്നി സാം ജോ. സെക്രട്ടറി, ജോഷിൻ ദാനിയേൽ ട്രഷറർ, ബാബു കൊടുന്തറ ജനറൽ കൗൺസിൽ മെംബർ, ഫിന്നി രാജു ഹ്യൂസ്റ്റൺ മീഡിയ കോ-ഓർഡിനേറ്റർ, സാക് ചെറിയാൻ മിഷൻ കോ-ഓർഡിനേറ്റർ, കെ.വി. ഏബ്രഹാം ചാരിറ്റി കോ-ഓർഡിനേറ്റർ എന്നിവരും പി.വൈ.പി.എ പ്രവർത്തനങ്ങൾക്ക് ഷോണി തോമസ് പ്രസിഡണ്ട്, വെസ്ലി ആലുംമൂട്ടിൽ വൈസ് പ്രസിഡണ്ട്, അലൻ ജെയിംസ് സെക്രട്ടറി, റോഷൻ വർഗീസ് ട്രഷറർ, വിന്നി ഫിലിപ്പ് ജോ. സെക്രട്ടറി, ജെസ്വിൻ ജെയിംസ് താലന്ത് കൺവീനർ, ജസ്റ്റിൻ ജോൺ സ്പോർട്സ് കോ-ഓർഡിനേറ്റർ, സിസ്റ്റേഴ്സ് ഫെലോഷിപ്പിന് കൊച്ചുമോൾ ജെയിംസ് പ്രസിഡണ്ട്, ബ്ലെസി സാം വൈസ് പ്രസിഡണ്ട്, രേഷ്മ തോമസ് സെക്രട്ടറി എന്നിവരും നേതൃത്വം നല്കുന്നു.

# കോങ്ങൂർപ്പിള്ളി ശങ്കരനാരായണൻ നമ്പൂതിരിക്കും ഉമേഷ് നരേന്ദ്രനും കെഎൽഎസ്സിന്റെ ആദരവ്

ഡാളസ്: ഡാളസ് കേരളാ ലിറ്ററി സൊസൈറ്റി അവതരിപ്പിച്ച അക്ഷരശ്ലോക സദസ്സിൽ അമേരിക്കയിലും കേരളത്തിൽ നിന്നുമുള്ള നൂറിൽപ്പരം അക്ഷരശ്ലോക ആസ്വാദകരും ഭാഷാസ്നേഹികളും പങ്കെടുത്തു. ഓഗസ്റ്റ് 31-നായിരുന്നു കെ.എൽ.എസ്സിന്റെ മൂന്നാമത്തെ അക്ഷരശ്ലോക പരിപാടി.

**മാർട്ടിൻ വിലങ്ങോലിൽ**

സൂം ഓൺലൈനിലൂടെ പങ്കെടുക്കാനും അവസരം ഒരുക്കി.

അക്ഷരശ്ലോക നിയമങ്ങൾ പൂർണ്ണമായി പാലിച്ചു നടത്തപ്പെട്ട പരിപാടിയിൽ പ്രശസ്ത അക്ഷരശ്ലോക വിദഗ്ദ്ധനായ ഉമേഷ് നരേന്ദ്രൻ (യുഎസ്എ) പ്രധാന അവതാരകനായി പങ്കെടുത്തു. ഒപ്പം അക്ഷരശ്ലോക രംഗത്ത് അറിയപ്പെടുന്ന കെ. ശങ്കരനാരായണൻ നമ്പൂതിരിയും ഡാളസിൽ എത്തി പങ്കുചേർന്നു.





അക്ഷരശ്ലോക രംഗത്ത് ദീർഘകാല പരിചയവും പ്രാഗത്ഭ്യവും നേടിയ കോങ്ങൂർപ്പിള്ളി ശങ്കരനാരായണൻ നമ്പൂതിരിക്ക് പൊന്നാടയും പ്രശംസാഫലകവും നല്കി കെ.എൽ.എസ്സ് ആദരിച്ചു. പ്രസിഡണ്ട് ഷാജു ജോൺ കൈമാറിയ പ്രസ്തുത പ്രശംസാഫലകത്തിൽ ഹരിദാസ് മംഗലപ്പള്ളി എഴുതിയ ശ്ലോകം ഇപ്രകാരം ചേർത്തിരുന്നു.

'അതിശയമികവോടെയക്ഷരശ്ലോകദീപ-
ദ്യുതി തിരിതെളിയിച്ചും സ്നേഹമേറെപ്പകർന്നും
മതിസമമുലകെങ്ങും തൂകി മോദിച്ചു വാഴും
ക്ഷിതിസുര! ഇവിടം ത്വത് പ്രാഭവത്താൽ സുധന്യം!'

ഒപ്പം അവതാരകനായി സ്തുത്യർഹ സേവനമനുഷ്ഠിച്ച ഉമേഷ് നരേന്ദ്രനും കെ.എൽ.എസ്സിന്റെ ആദരവ് ഏറ്റുവാങ്ങി. കെ.എൽ.എസ്സിന്റെ ഇതുവരെയുള്ള എല്ലാ അക്ഷരശ്ലോക പരിപാടികളും ഉമേഷിന്റെ നേതൃത്വത്തിലാണ് നടന്നിട്ടുള്ളത്. ഉമേഷ് നരേന്ദ്രന്റെ ലളിത അവതരണം ആസ്വാദ്യകരമാക്കിയ ഈ മലയാള ശ്ലോകസദസ്സിൽ അമേരിക്കയിൽ നിന്നു തന്നെയുള്ള അക്ഷരശ്ലോക വിദഗ്ദ്ധരായ ഹരിദാസ് മംഗലപ്പള്ളി, രാജേഷ് വർമ്മ, ബിന്ദു വർമ്മ, സീമ രാജീവ് (കാനഡ), എന്നിവരും സൂമിൽ പങ്കുചേർന്നു.

കേരളത്തിൽ നിന്ന് മറ്റനേകർക്കൊപ്പം കെ. വേലപ്പൻപിള്ളയും (വിദ്യാധിരാജാ അക്ഷരശ്ലോക സമിതി, കണ്ണമ്മൂല തിരുവനന്തപുരം), അക്ഷരശ്ലോക കലാ പരിശീലകനായ എ.യു. സുധീർ കുമാറും (എറണാകുളം) അദ്ദേഹത്തിന്റെ ശിഷ്യകളായ ആരാധ്യ എസ് വാര്യരും ഗായത്രിയും പരിപാടിയിൽ പങ്കെടുത്തു. സ്ഫുടവും ചടുലവുമായി ശ്ലോകം ചൊല്ലി ചെറിയ കുട്ടികളായ ആരാധ്യയും ഗായത്രിയും വേറിട്ട പ്രകടനത്തിൽ ശ്രദ്ധേയരായി. കുട്ടികൾക്ക് പാരിതോഷികമായി അരിയന്നൂർ ഉണ്ണികൃഷ്ണന്റെ 'സാരസ്വതം' എന്ന ശ്ലോകസമാഹാര ഗ്രന്ഥങ്ങൾ കെ.എൽ.എസ്സ് സമ്മാനിച്ചു. ശ്രോതാക്കൾക്കും ശ്ലോകങ്ങൾ ചൊല്ലുവാൻ അവസരമുണ്ടായിരുന്നു. മനോഹർ തോമസ്, ഹരിദാസ് തങ്കപ്പൻ എന്നിവരും കെ.എൽ.എസ് ലാന പ്രതിനിധികളായി ശ്ലോകങ്ങൾ ചൊല്ലി. ഖജാൻജി സി.വി. ജോർജ് കൃതജ്ഞതാപ്രസംഗം മുഴുവനും ശ്ലോകഭാഷയിൽ ചൊല്ലിയത് അതീവശ്രദ്ധേയമായി.

# മോൺ. ജോർജ് കുരുക്കൂർ അന്തരിച്ചു



കോതമംഗലം: പ്രമുഖ സഭാ, ബഹുഭാഷാ പണ്ഡിതനും എഴുത്തുകാരനുമായ മോൺ. ഡോ. ജോർജ് കുരുക്കൂർ (83) അന്തരിച്ചു. മാറാടി കുരുക്കൂർ ഔസേപ്പ്-അന്നമ്മ ദമ്പതികളുടെ മകനാണ്. 1968 മാർച്ച് 15-ന് പൗരോഹിത്യം സ്വീകരിച്ചു. 1990 മുതൽ 2021 വരെ കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയമായ പിഒസിയിൽ അപ്പസ്തോലിക പ്രബോധനങ്ങളുടെ വിവർത്തകനായി സേവനമനുഷ്ഠിച്ചു. മംഗലപ്പുഴ, കാർമൽഗിരി സെമിനാരികളിലും കോതമംഗലം സെന്റ് ജോസഫ് മൈനർ സെമിനാരിയിലും ദീർഘകാലം അധ്യാപകനായിരുന്നു. സഭയ്ക്കു നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് 2016-ൽ ഫ്രാൻസിസ് മാർപാപ്പ മോൺസിഞ്ഞോർ പദവി നൽകി ആദരിച്ചു.

മുതലക്കോടം, കല്ലൂർക്കാട്, പൈങ്ങോട്ടൂർ പള്ളികളിൽ അസി. വികാരി, കുത്തുപാറ, ചെല്ലിയാംപാറ, തെന്നത്തൂർ, നടുക്കര, ചാലാശേരി, പള്ളിക്കാമുറി, പെരുമ്പള്ളിച്ചിറ ഇടവകകളിൽ വികാരി, മുതലക്കോടം അക്വിനാസ് കോളജിൽ അധ്യാപകൻ എന്നീ നിലകളിലും സേവനം ചെയ്തിട്ടുണ്ട്. സഹോദരങ്ങൾ: ചാക്കോ (റിട്ട. ഹെഡ്മാസ്റ്റർ ഗവ. ഈസ്റ്റ് ഹൈസ്കൂൾ മൂവാറ്റുപുഴ), സ്റ്റീഫൻ (റിട്ട. ഹെഡ്മാസ്റ്റർ സെന്റ് മേരീസ് ഹൈസ്കൂൾ മാങ്കുളം), മാത്യു (റിട്ട. മാനേജർ ജില്ലാ സഹകരണ ബാങ്ക് എറണാകുളം).

# ഇന്ത്യൻ രാഷ്ട്രീയത്തിലെ വെള്ളിനക്ഷത്രം



പ്രത്യേക ലേഖകൻ

കമ്യൂണിസ്റ്റുകാരനായി ഉറച്ചുനിന്നുകൊണ്ടുതന്നെ സാധാരണ കമ്യൂണിസ്റ്റുകളേക്കാൾ ഇന്ത്യയോളം വളർന്ന ബഹുമുഖപ്രതിഭയും രാഷ്ട്രീയ തന്ത്രജ്ഞനും ദേശീയ രാഷ്ട്രീയത്തിലെ സൗമ്യമുഖവുമായിരുന്നു സീതാറാം യെച്ചൂരി എന്ന മഹാനേതാവ്.

ഇടതുപക്ഷത്തിന്റെ നായകനും മുഖവുമായിരിക്കെത്തന്നെ കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷത്തിന്റെ ഇടങ്ങളിൽ നിറഞ്ഞുനിന്ന നേതാവിന്, എല്ലാ പാർട്ടികളുടെയും നേതാക്കളുമായി ഊഷ്മളവും സൗഹൃദപരവുമായ അടുത്ത ബന്ധം കാത്തുസൂക്ഷിക്കാനായി. സോഷ്യലിസവും കമ്യൂണിസവും സിപിഎമ്മും പ്രതിസന്ധിയിലൂടെ കടന്നുപോയ സമയത്ത് 62-ാം വയസിൽ സിപിഎം ദേശീയ ജനറൽ സെക്രട്ടറിയായി ചുമതലയേറ്റ യെച്ചൂരിയാണു പാർട്ടിക്ക് പുതിയ കാഴ്ചപ്പാടും പ്രായോഗികതയും സമ്മാനിച്ചത്.



ഇന്ത്യൻ കമ്യൂണിസത്തിന്റെ ജനകീയമുഖമായിരുന്ന യെച്ചൂരിയുടെ നയതന്ത്രജ്ഞത നിറഞ്ഞ ഇടപെടലുകൾക്ക് പ്രത്യേകമായൊരു സൗന്ദര്യമുണ്ടായിരുന്നു. ഏതു പ്രശ്നത്തെയും സമചിത്തതയോടെ നേരിടാൻ അപാര കഴിവുണ്ടായി. പ്രായോഗികതയും സൈദ്ധാന്തികതയും സമന്വയിപ്പിച്ച സംഘടനാപാടവവും രാഷ്ട്രീയ തന്ത്രജ്ഞതയും അപൂർവമായി. ഇന്ത്യൻ രാഷ്ട്രീയത്തിൽ വെള്ളിനക്ഷത്രം പോലെ നിറഞ്ഞുനിൽക്കുമ്പോഴും സാധാരണക്കാർക്കും കമ്യൂണിസ്റ്റുകൾക്കും പ്രതിപക്ഷ നിരയ്ക്കാകെയും മഹാവൃക്ഷം പോലെ തണലേകി. ബിജെപി-ആർഎസ്എസ് നേതൃത്വം നൽകുന്ന വലതുപക്ഷത്തെ അധികാരത്തിൽനിന്ന് അകറ്റിനിർത്താൻ ആരുമായും കൂട്ടുചേരാമെന്ന യെച്ചൂരിയുടെ ചിന്താഗതിയാണ് ഇന്ത്യൻ രാഷ്ട്രീയത്തിൽ പിന്നീട് വൻ മാറ്റങ്ങൾക്കു കാരണമായത്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ വൻഭൂരിപക്ഷത്തോടെ ബിജെപി 2014-ൽ കേന്ദ്രത്തിൽ അധികാരം പിടിച്ചതുമുതൽ ഭരണഘടനയും ജനാധിപത്യവും സോഷ്യലിസ്റ്റ് ആശയങ്ങളും വലിയ ഭീഷണി നേരിടുകയാണെന്ന് അദ്ദേഹം മറയില്ലാതെ പറഞ്ഞിരുന്നു. ബിജെപിക്കും ആർഎസ്എസിനും വർഗീയതയ്ക്കുമെതിരെയുള്ള നിലപാടുകളിൽ യെച്ചൂരി ഒരിക്കലും വെള്ളം ചേർത്തില്ല.

ബിജെപിക്കെതിരെ യെച്ചൂരി സ്വീകരിച്ച അചഞ്ചലമായ നിലപാടുകളാണ് കോൺഗ്രസുമായി പോലും ഒന്നിച്ചുനീങ്ങാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. കമ്യൂണിസ്റ്റ് പാർട്ടിക്കുള്ളിൽ പോലും ചിലപ്പോഴെങ്കിലും സംശയമുണർത്തിയ യെച്ചൂരിയുടെ പ്രായോഗിക രാഷ്ട്രീയത്തിനു പക്ഷേ ഇന്ത്യൻ രാഷ്ട്രീയത്തിൽ വലിയ പ്രാധാന്യമുണ്ടായിരുന്നു. കോൺഗ്രസ് നേതൃത്വത്തിൽ 'ഇന്ത്യ' സഖ്യം അനിവാര്യമാണെന്ന നിലപാട് ശരിവെക്കുന്നതായിരുന്നു 2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ മോദിയും ബിജെപിയും നേരിട്ട തിരിച്ചടികളെന്നു കഴിഞ്ഞ മാസം ആദ്യവും യെച്ചൂരി പറഞ്ഞു.

സോണിയ ഗാന്ധി, മൻമോഹൻ സിംഗ്, പ്രണബ് മുഖർജി അടക്കമുള്ള കോൺഗ്രസ് നേതാക്കളുമായി പുലർത്തിയ സൗഹൃദമാണ് ഹമീദ് അൻസാരിയെ ഉപരാഷ്ട്രപതിയാക്കുന്നതിലടക്കം പല നിർണായക തീരുമാനങ്ങളിലും പ്രതിഫലിച്ചത്.

സിബിഎസ്ഇ ഹയർ സെക്കൻഡറി പരീക്ഷയിൽ ഇന്ത്യയിൽ ഒന്നാം റാങ്ക് നേടിയ യെച്ചൂരിക്ക് പഠനത്തിലും രാഷ്ട്രീയത്തിലും പൊതുജീവിതത്തിലും എക്കാലവും വ്യത്യസ്തത പുലർത്താനായി. പ്രശസ്തമായ ഡൽഹി സെന്റ് സ്റ്റീഫൻസ് കോളജിൽനിന്ന് സാമ്പത്തികശാസ്ത്രത്തിൽ ബിരുദവും ജവഹർലാൽ നെഹ്റു സർവകലാശാലയിൽനിന്ന് ഇതേ വിഷയത്തിൽ എംഎയും പാസായപ്പോഴും രാഷ്ട്രീയത്തിലായിരുന്നു താത്പര്യം. ഇന്ത്യയിലോ വിദേശത്തോ വൻ ശമ്പളമുള്ള ജോലി കിട്ടുമായിരുന്നെങ്കിലും അതെല്ലാം ഉപേക്ഷിച്ചു തനി സാധാരണക്കാരനായാണ് ഇന്ത്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അമരക്കാരനായത്.

തികഞ്ഞ ഇന്ത്യക്കാരനാണു താനെന്ന് എപ്പോഴും അദ്ദേഹം പറയുമായിരുന്നു. മതേതരവാദിയായ ഇന്ത്യൻ കമ്യൂണിസ്റ്റ് ആണെന്നായിരുന്നു യെച്ചൂരിയുടെ ഒരു പ്രയോഗം. വേദഹി ബ്രഹ്മണരായ സർവേശ്വര സോമയാജലു യെച്ചൂരിയുടെയും കൽപകത്തിന്റെയും മകനായി ചെന്നൈയിൽ 1952 ഓഗസ്റ്റ് 12-ന് ജനിച്ച സീതാറാമിന് കുട്ടിക്കാലം മുതൽ മതപരമായ ആചാരങ്ങളോടു താത്പര്യമില്ലായിരുന്നു. പേരിന്റെ വാലറ്റത്തുനിന്നു ജാതി മുറിച്ചുമാറ്റിയാണ് സീതാറാം യെച്ചൂരിയായത്. ചെന്നൈയിൽ ജനിച്ച്, ഹൈദരാബാദിൽ വളർന്ന്, ഡൽഹിയിൽ ഉന്നതവിദ്യാഭ്യാസവും രാഷ്ട്രീയവും നടത്തിയ തനിക്ക് പ്രത്യേകിച്ചൊരു ജന്മനാടോ സംസ്ഥാനമോ ഇല്ലെന്നും ഇന്ത്യയാണു ജന്മദേശമെന്നും അദ്ദേഹം പലപ്പോഴും പറഞ്ഞിരുന്നു.

1970-കളിൽ ജെഎൻയു വിദ്യാർഥി യൂണിയന്റെ പ്രസിഡണ്ടായിരുന്നു യെച്ചൂരി. പ്രകാശ് കാരാട്ടിനൊപ്പം ജെഎൻയുവിനെ ഇടതുപക്ഷ കോട്ടയാക്കി മാറ്റിയതിന് ഉത്തരവാദി അദ്ദേഹമാണ്. 1974-ൽ എസ്എഫ്ഐയിൽ ചേർന്ന യെച്ചൂരി സിപിഎമ്മിൽ അംഗമായി. എസ്. രാമചന്ദ്രൻപിള്ള, പ്രകാശ് കാരാട്ട്, സീതാറാം യെച്ചൂരി എന്നിവരെ സിപിഎം കേന്ദ്ര ഓഫീസ് കേന്ദ്രീകരിച്ചു പ്രവർത്തിക്കാൻ നിർദേശിച്ചത് സാക്ഷാൽ ഇഎംഎസ് നമ്പൂതിരിപ്പാടായിരുന്നു. വി.എസ്.- പിണറായി പക്ഷങ്ങൾക്കിടയിൽ എക്കാലത്തും റഫറിയുടെ റോളായിരുന്നു യെച്ചൂരിക്ക്. കളിക്കളത്തിൽ യെച്ചൂരി മുഴക്കിയ അനുനയത്തിന്റെ വിസിൽ ഇല്ലായിരുന്നെങ്കിൽ ഒരുപക്ഷേ, പാർട്ടി നെല്ലും പതിരുമായി തിരിയുമായിരുന്നുവെന്ന് മുതിർന്ന നേതാക്കൾ ഇന്നും ഓർക്കുന്നു. പാർട്ടിയിലെ വിഭാഗീയത ഒരു പൊട്ടിത്തെറിയിലേക്കു പോകാതെനോക്കിയത് യെച്ചൂരിയാണ്. ഓരോ ഘട്ടത്തിലും യെച്ചൂരി പുലർത്തിയ രാഷ്ട്രീയപക്വത ഇരുപക്ഷങ്ങളെയും ചെങ്കോടിത്തണലിൽ ചേർത്തുനിർത്തി. ഇരുപക്ഷവും കൊണ്ടും കൊടുത്തും മുന്നേറുമ്പോഴും രാഷ്ട്രീയമായി അദ്ദേഹം വി.എസിനോട് അടുത്തുനിന്നു.

വലതുപക്ഷത്തെ അധികാരത്തിൽനിന്ന് അകറ്റിനിർത്താനുള്ള തന്ത്രങ്ങളുടെ ഭാഗമായിരുന്നു 1996-ലെ ഐക്യമുന്നണി സർക്കാർ രൂപവത്കരണം. യെച്ചൂരിയും പി. ചിദംബരവും ചേർന്നാണ് അന്നത്തെ ഐക്യമുന്നണി സർക്കാരിന്റെ പൊതുമിനിമം പരിപാടിയുടെ കരട് തയാറാക്കിയത്. 2014-ൽ കോൺഗ്രസ് നേതൃത്വത്തിലുള്ള ആദ്യ യുപിഎ സർക്കാരിന് സിപിഎം പിന്തുണ നൽകുന്നതിലും യെച്ചൂരി നിർണായക പങ്ക് വഹിച്ചു. അമേരിക്കയുമായുള്ള ആണവ കരാറിന്റെ പേരിൽ ഡോ. മൻമോഹൻ സിംഗിന്റെ ആദ്യ സർക്കാരിന് സിപിഎം പുറത്തുനിന്നു നൽകിയിരുന്ന പിന്തുണ പിൻവലിക്കാനുള്ള പ്രകാശ് കാരാട്ട് അടക്കമുള്ള നേതൃത്വത്തിന്റെ കർശന തീരുമാനത്തോട് പാർട്ടിക്കുള്ളിൽ വിയോജിക്കുകയും ചെയ്തു.

നമ്മൾ ജനിച്ച ഇന്ത്യയെന്ന രാജ്യം അതേ ഇന്ത്യയായി നിലനിൽക്കുമെന്ന് ഉറപ്പാക്കണമെന്നതാണു പ്രധാനമെന്ന് യെച്ചൂരി ആവർത്തിച്ചിരുന്നു. ഇതിനായി ബിജെപിക്കെതിരെ പ്രതിപക്ഷ പാർട്ടികളുടെ സഖ്യം അനിവാര്യമാണെന്ന് ഏറ്റവുമൊടുവിൽ 'ഇന്ത്യ' സഖ്യത്തിന്റെ രൂപീകരണകാലത്ത് യെച്ചൂരി പറഞ്ഞു.



സീതാറാം യെച്ചൂരിക്കു പകരക്കാരൻ ഉണ്ടാകില്ല. യെച്ചൂരിയെപ്പോലുള്ള നല്ല നേതാക്കൾ ഇന്ത്യക്ക് ആവശ്യമാണ്. ഇന്ത്യ കണ്ട ഏറ്റവും സ്വീകാര്യനായ കമ്യൂണിസ്റ്റ് നേതാവായ സീതാറാം യെച്ചൂരിക്കു പ്രണാമം.

# വാഷിങ്ടൺ ഇടവകയിലെ പഴയകാല അംഗങ്ങളുടെ ഒത്തുചേരൽ നടത്തി

**രാജൻ വാഴപ്പള്ളിൽ**

വാഷിങ്ടൺ ഡിസി: അമേരിക്കയുടെ തലസ്ഥാന നഗരിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാനമായി നിലകൊള്ളുന്ന വാഷിങ്ടൺ സെ. തോമസ് ഇടവകയിൽ പഴയകാല അംഗങ്ങളുടെ ഒത്തുചേരൽ സമ്മേളനം ഇടവക മെത്രാപ്പോലീത്താ സഖറിയാ മാർ നിക്കോളോവോസ് ഉദ്ഘാടനം ചെയ്തു. സെപ്റ്റംബർ ഏഴിന് പ്രാർത്ഥനയ്ക്കുശേഷം നടന്ന സമ്മേളനത്തിൽ ഇടവക വികാരി ഫാ. കെ.ഒ. ചാക്കോ (റെജി അച്ചൻ) അദ്ധ്യക്ഷനായിരുന്നു. ഐസക് ജോൺ സ്വാഗതവും മുൻകാല അംഗങ്ങളായിരുന്ന സി. ഡി. വർഗീസ്, ഏബ്രഹാം ജോഷ്വാ, ജോർജ് വർഗീസ് എന്നിവർ മുൻകാല അനുഭവങ്ങൾ വിവരിക്കുകയും ആശംസകൾ നേരുകയും ചെയ്തു. ഇടവകയെ പ്രതിനിധീകരിച്ച് ജോർജ് പി. തോമസ് ആശംസകൾ അറിയിച്ചു.

സമീപ ഇടവകകളായ ബാൾട്ടിമോർ സെന്റ് തോമസ്, വിർജീനിയ സെന്റ് മേരീസ്, ദമാസ്കസ് സെന്റ് തോമസ്, സെന്റ് ബർണബാസ്, വാഷിങ്ടൺ മാർത്തോമ്മാ ഇടവക എന്നിവിടങ്ങളിൽ നിന്നും നിരവധി അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു.

ഇടവേളയിൽ നിർമ്മല തോമസിന്റെ നേതൃത്വത്തിൽ മർത്തമറിയം സമാജ അംഗങ്ങൾ ഗാനം ആലപിക്കുകയും സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്ന ഇടത്തിൽ ജീവൻ നിലനില്ക്കുമെന്ന നൂറ്റിമുപ്പത്തിമൂന്നാം സങ്കീർത്തനം ഉദ്ധരിച്ചുകൊണ്ട് ഈപ്പൻ വർഗീസ് ഏവർക്കും നന്ദി അറിയിച്ചു. ബിക്സാ കുര്യൻ എംസിയായി യോഗം നിയന്ത്രിച്ചു.





# ഡൊമിനിക് അജിത്ത് ജോണിന് ട്രൈസ്റ്റേറ്റ് കേരളാ ഫോറം പേഴ്സൺ ഓഫ് ദി ഈയർ അവാർഡ്

**ജോർജ് ഓലിക്കൽ**

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് ഏരിയായിലെ മലയാളി സംഘടനകളുടെ ഐക്യവേദിയായ കേരളാ ഫോറത്തിന്റെ സംയുക്ത ഓണാഘോഷ വേദിയിൽ അമേരിക്കൻ മലയാളികളിൽ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ രംഗത്ത് പുലർത്തിയ മികവിന് ഡൊമിനിക് അജിത്ത് ജോണിനെ പേഴ്സൺ ഓഫ് ദി ഈയർ അവാർഡ് നല്കി ആദരിച്ചു. പ്രശസ്ത സിനിമാ താരവും സാംസ്കാരിക പ്രവർത്തകയും സ്ത്രീപക്ഷ സിനിമാ വക്താവും കേരളാ ഫോറത്തിന്റെ ഓണാഘോഷങ്ങളിലെ മുഖ്യാതിഥിയുമായിരുന്ന ശ്വേത മേനോനും കേരളാഫോറം ചെയർമാൻ അഭിലാഷ് ജോണും ചേർന്നാണ് അവാർഡ് സമ്മാനിച്ചത്.

ഇരുപത്തിയൊന്നു വർഷം പിന്നിടുന്ന ട്രൈസ്റ്റേറ്റ് കേരളാഫോറം ഇതിനോടകം സംയുക്ത ഓണാഘോഷത്തിലൂടെയും കേരളദിനാഘോഷത്തിലൂടെയും അമേരിക്കൻ മലയാളികളുടെ ഇടയിൽ സവിശേഷ സ്ഥാനം കണ്ടെത്തിയിട്ടുണ്ട്.

ട്രൈസ്റ്റേറ്റ് കേരളാഫോറത്തിന്റെ വിശിഷ്ടമായ അവാർഡിന് അമേരിക്കയിലെ മലയാളി സമൂഹത്തിലെ പ്രഗത്ഭരായ നിരവധി വ്യക്തികളിൽ നിന്നും നോമിനേഷൻ ലഭിച്ചിരുന്നു. ട്രൈസ്റ്റേറ്റ് കേരളാഫോറത്തിന്റെ ചെയർമാനും മുൻ ചെയർമാന്മാരും അടങ്ങിയ സമിതിയാണ് പേഴ്സൺ ഓഫ് ദി ഈയർ അവാർഡ് നിർണ്ണയിച്ചത്. അവാർഡ് കമ്മിറ്റി ചെയർമാനായി ജോർജ് ഓലിക്കൽ പ്രവർത്തിച്ചു. പേഴ്സൺ ഓഫ് ദി ഈയർ അവാർഡ് ജേതാവ് ഡൊമിനിക് അജിത്ത് ജോൺ ബഹുമുഖ പ്രതിഭയാണ്. മലയാളികൾ അധികം കടന്നുചെല്ലാത്ത അമേരിക്കൻ മിലിട്ടറിയിൽ ചേർന്ന് വിവിധ യുദ്ധ സന്നാഹങ്ങളുടെ ഭാഗമാകുകയും അമേരിക്കയിലെ പ്രകൃതി ദുരന്ത മുഖങ്ങളിൽ കമാൻഡിങ് ഓഫീസറായി സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുള്ള അദ്ദേഹം ഇപ്പോൾ ഓപ്പറേഷൻ മിഷൻ വിജിലന്റ് ഗാർഡായി ജോലി ചെയ്യുന്നു. ഇലക്ട്രോണിക് എൻജിനീയറിംഗിൽ ബിരുദാനന്തര ബിരുദമുള്ള അദ്ദേഹത്തിന് ചെന്നൈയിലെ സത്യഭാമ കോളജിൽ നിന്നും മികച്ച അദ്ധ്യാപകനുള്ള അവാർഡും ലഭിച്ചിട്ടുണ്ട്.



## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.88 |
| യൂറോ | 93.28 |
| സ്റ്റെർലിംഗ്പൗണ്ട് | 110.72 |
| സ്വിസ് ഫ്രാങ്ക് | 99.30 |
| സിംഗപ്പൂർ ഡോളർ | 64.76 |
| കനേഡിയൻ ഡോളർ | 61.78 |
| ഒമാൻ റിയാൽ | 217.89 |
| ബഹ്റൈൻ ദിനാർ | 222.59 |
| സൗദി റിയാൽ | 22.35 |
| യു.എ.ഇ. ദിർഹം | 22.84 |
| കുവൈത്ത് ദിനാർ | 275.08 |



# RAHUL GANDHI: A PROFILE IN COURAGE

George Abraham

Courage has its complexities but has a certain level of power attached to it. As has been said, 'Profiles in Courage resound with timeless lessons on the most cherished virtues and are potent reminders of the strength of the human spirit'. Standing up for principles in today's world is both challenging and often costly. It mandates individuals to act according to their conscience. Yes, it can inspire a whole new generation to follow that example. Rahul Gandhi brings forth that image of a man who would not bow even to the most powerful for expediency or to fulfill his own personal ambitions.



Undoubtedly, Rahul Gandhi may be the most vilified man in contemporary Indian politics. Over the years, he has been an object of sarcasm and constant attack by a paid social media gang. The BJP may have successfully painted Rahul Gandhi as "Pappu," an entitled beneficiary of dynasty politics. The widespread anger against the entrenched elite, who are far removed from the realities of the ordinary people, may also have aided that campaign to demonize him. To err is human; he may have made his share of mistakes, but this level of hatred and cynicism orchestrated by the governing party of India is quite unconscionable..

However, the Bharat Jodo Yatra (BJY), the 4080-kilometer march under the banner of 'uniting India' from Kanyakumari to Srinagar, proved to be a phenomenal one that has turned the heads of the public. The 2024 Elections have proved that point and may have saved our republic and its revered Constitution. The march took place at a time when the people of India were increasingly polarized over religion and the Modi administration's failure in governance that resulted in the mishandling of the COVID-19 pandemic, high unemployment among the youth, rising inflation, and marginalization of minorities.



George Abraham

BJY appeared to have captured the imagination of the ordinary Indians and reflected their yearnings for peaceful coexistence with everyone regardless of their faith, caste, language, or regional differences. One also wonders if Rahul Gandhi is such an ineffective and failed leader, why the BJP is so focused on targeting him. The truth is he is one of the few at the forefront exposing the duplicity and wrong doings of this administration. He is totally unafraid to expose corruption at the highest places of power and even confront the Prime Minister on issues like Rafael's purchases or the Adani scam inside parliament.

(see page 30)

# MAYOR ROBIN ELACKATT TO BE CHIEF GUEST FOR KCAG SILVER JUBILEE

Thomas Kalladanthyil

KCAG Silver Jubilee organizing committee announced Robin J. Elackatt, Mayor of Missouri City, in Texas has happily agreed to be one of the chief guests to honor the significant event. The mega event planned on November 2nd will be attended by the Consul General Shri Babu Lakshmanan, KCCNA President Shaji Edat, and the chairman of Commissioners of Walton County Mr. David Thompson.

Mayor Robin J. Elackatt was sworn in as the 12th Mayor of Missouri City on Monday, Dec. 21, 2020. With over 15 years of dedicated service, Mayor Elackatt has been a steadfast advocate for various City initiatives, including securing additional resources for Texas Parkway/Cartwright Road corridor revitalization, promoting budget accountability and transparency, emphasizing the need for ongoing citywide infrastructure maintenance, fostering business development, and enhancing public safety through the establishment of the Public Safety Annex and upgrading Fire Stations to better serve the community.

Mayor Elackatt's leadership has been characterized by his commitment to inclusivity, innovation, and community engagement. He has launched several community outreach programs to ensure that all residents have a voice in local government. His administration has focused on expanding recreational facilities, improving mobility, and maintaining and enhancing infrastructure, making Missouri City a more vibrant and livable place. In addition to his public service, Mayor Elackatt has a robust professional background in business and healthcare administration. He owns a small business, which underscores his commitment to local economic development. His wife Tina, a Physician Assistant, shares his dedication to community service. Together, they are the proud parents of two wonderful young daughters who are actively involved in local schools and extracurricular activities.



The Elackatt family is deeply rooted in their faith and are active members of St. Angela Merici Catholic Church. Mayor Elackatt's service go back to his youth where he served as the first President of both KCYL Chicago and KCYLNA, an association based on his heritage. He also served as the President of Colony Lakes Homeowner's Association and served as the Vice Chairman of Missouri City's Parks and Recreation Board. Prior to becoming the Mayor, he also served 3 consecutive terms in office as the elected Council Member of Missouri City representing District C.

Under Mayor Elackatt's leadership, Missouri City has received numerous accolades for its community development efforts and safety initiatives. His administration continues to strive for excellence, ensuring that Missouri City remains a welcoming and thriving community for all its residents.







OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

240 E. LAKE STREET, SUITE 109B, ADDISON, IL 60101

BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

## സുനിത ഭാസ്കർ അഡീഷണൽ ഡയറക്ടർ ജനറൽ



കോട്ടയം: കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന് കീഴിലുള്ള ഫീൽഡ് ഓപ്പറേഷൻസ് ഡിവിഷന്റെ (എഫ്ഒഡി) അഡീഷണൽ ഡയറക്ടർ ജനറലായി സുനിത ഭാസ്കർ ചുമതലയേറ്റു.

ന്യൂഡൽഹിയിലെ എഫ്ഒഡി ആസ്ഥാനത്ത്, അഡീഷണൽ ഡയറക്ടർ ജനറലായി കേരളത്തിൽനിന്ന് നിയമിക്കപ്പെടുന്ന ആദ്യ വനിതയാണ്. 1996 ബാച്ച് ഐഎഎസ് ഓഫീസറാണ് 52 കാരിയായ സുനിത. നിലവിൽ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ ഡെപ്യൂട്ടി ഡയറക്ടർ ജനറലായി കേരളത്തിന്റെയും ലക്ഷദ്വീപിന്റെയും ചുമതല വഹിക്കുന്നു.

പാലാ മുത്തോലിയിൽ നെടുംപുറത്ത് അഡ്വ. കെ.പി. ചാക്കോച്ചന്റെയും റിട്ട. പ്രൊഫ. പി.സി. മേരിയുടെയും മകളാണ്. ഭർത്താവ് ഭാസ്കർ മിശ്ര യൂണിസെഫിൽ ഗ്ലോബൽ ടെക്നിക്കൽ ലീഡ് ആയി സേവനമനുഷ്ഠിക്കുന്നു. മക്കൾ: അഡ്വ. അഞ്ജലി ഭാസ്കർ (ബെംഗളൂരു), അനന്യ ഭാസ്കർ, (പി.ജി. സോഷ്യൽ വർക്ക്, ലിവർപൂൾ ഹോപ്പ് യൂണിവേഴ്സിറ്റി).

# മഴ തടയാൻ കേന്ദ്രപദ്ധതി

ന്യൂഡൽഹി: കൃത്രിമമായി മഴ പെയ്യിക്കുന്നതു പോലെതന്നെ കനത്ത മഴയെ തടഞ്ഞു നിർത്താനും കേന്ദ്ര സർക്കാർ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നു.

അഞ്ചു വർഷത്തിനുള്ളിൽ മഴനിയന്ത്രണം അടക്കം കാലാവസ്ഥാ നിരീക്ഷണരംഗത്തും വൻ കുതിച്ചുചാട്ടം ലക്ഷ്യമിട്ട് കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയം തുടക്കം കുറിച്ച 'മിഷൻ മൗസം' പദ്ധതിയുടെ ഭാഗമാണ് ക്ലൗഡ് സീഡിങ് പരീക്ഷണങ്ങൾ. പദ്ധതിയുടെ ഗവേഷണങ്ങൾക്കായി ആദ്യഘട്ടത്തിൽ രണ്ടായിരം കോടി രൂപയും അനുവദിച്ചു.

മേഘങ്ങൾക്കുള്ളിലെ ചൂട് വർദ്ധിപ്പിച്ച് മഴത്തുള്ളികളാകുന്നത് തടയുക, കാന്തിക മണ്ഡലങ്ങൾ ഉപയോഗിച്ച് മേഘങ്ങളെ വിഘടിപ്പിക്കുക തുടങ്ങിയവയാണ് മഴ നിയന്ത്രണത്തിനായി പരീക്ഷിക്കുക.

പദ്ധതി വിജയകരമായാൽ തുടർച്ചയായി കനത്ത മഴ പെയ്യുന്ന പ്രദേശങ്ങളിൽ മഴ നിർത്താനും ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവ തടയാനും സാധിക്കും. മഴയ്ക്കൊപ്പം ഇടിമിന്നൽ, ആലിപ്പഴ വർഷം എന്നിവ നിയന്ത്രിക്കാനും സാധിക്കുമെന്നാണ് ഗവേഷകർ കരുതുന്നത്. അഞ്ചു വർഷത്തെ ദൗത്യം രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കുമെന്നും കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയം സെക്രട്ടറി എം. രവി ചന്ദ്രൻ പറഞ്ഞു.

ഡോപ്ലർ റഡാറുകൾ ഉൾപ്പെടെ കൂടുതലായി സ്ഥാപിച്ച് കാലാവസ്ഥാ നിരീക്ഷണ ശൃംഖല വിപുലീകരിക്കുകയാണ് 2026 മാർച്ച് വരെ നീളുന്ന ആദ്യഘട്ടം. ഉപഗ്രഹങ്ങളും വിമാനങ്ങളും ഉപയോഗിച്ചുള്ള നിരീക്ഷണമാണ് രണ്ടാം ഘട്ടം.

## വയനാട് ദുരന്തം

(3-ാം പേജിൽനിന്നും)

നിർമാണത്തിന് ഒരു കോടി, ടോർച്ച്, മഴക്കോട്ട്, കുട, ഗംബൂട്ടുകൾ തുടങ്ങിയവയ്ക്ക് 2.98 കോടി രൂപ എന്നിങ്ങനെയാണ് കണക്കാക്കിയിരിക്കുന്നത്. ദുരന്തസ്ഥലം പ്രധാന പട്ടണങ്ങളിൽ നിന്ന് അകലെയായതിനാലാണ് ചെലവ് കുത്തനെ വർദ്ധിച്ചതെന്നും റിപ്പോർട്ടിൽ പറയുന്നു.

തെരച്ചിലിനും ദുരന്തത്തിൽ അകപ്പെട്ടവരെ രക്ഷപ്പെടുത്തുന്നതിനുമായി 150 യന്ത്രങ്ങളാണ് ഉപയോഗിച്ചത്. ഐബിഡെി, ഡ്രോൺ, റഡാറുകൾ തുടങ്ങിയവയ്ക്കു മൂന്നുകോടി, ജെസിബി, ഹിറ്റാച്ചി, ക്രെയിനുകൾ എന്നിവയ്ക്ക് 15 കോടി, മൃതദേഹങ്ങളുടെ ഡിഎൻഎ പരിശോധനയ്ക്ക് മൂന്നു കോടി രൂപ എന്നിങ്ങനെയാണ് ചെലവ്.

ക്യാമ്പിലുള്ളവർക്ക് ഭക്ഷണത്തിന് എട്ട് കോടി, വസ്ത്രങ്ങൾക്ക് 11 കോടി, വൈദ്യസഹായത്തിന് എട്ടുകോടി രൂപയും ജനറേറ്ററിന് ഏഴു കോടി രൂപയുമാണ് ചെലവ്. സൈനികർ, ദുരിതബാധിതർ, മൃതദേഹങ്ങൾ, വിഐപികളുടെ സന്ദർശനം എന്നിവയ്ക്കായി വ്യോമസേനയ്ക്ക് 17 കോടി രൂപ, ദുരന്തമേഖലയിൽ അകപ്പെട്ട വീടുകളിൽ ഒരു മാസത്തേക്ക് കുടിവെള്ളവിതരണത്തിന് മൂന്നു കോടി, ഉരുൾപൊട്ടൽ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് ദിവസം 60 ലക്ഷം രൂപ വീതം രണ്ടു മാസത്തേക്ക് 36 കോടി രൂപയുമാണ് ചെലവ് വരിക. വെള്ളക്കെട്ടുകൾ നീക്കുന്നതിന് മൂന്നുകോടി രൂപയും ചെലവുണ്ട്.

കാർഷിക ഭൂമിയിൽനിന്നു ചെളിയും മറ്റും നീക്കം ചെയ്യുന്നതിന് ഹെക്ടറിന് 18,000 രൂപ കണക്കിൽ ആകെ ചെലവായത് 64.62 ലക്ഷം രൂപ. കാർഷിക ഭൂമി നഷ്ടമായവർക്ക് ഹെക്ടറിന് 47,000 രൂപ കണക്കിൽ 47 ലക്ഷം. പ്രദേശത്ത് ഏലം, കാപ്പി കർഷകർക്ക് 80.77 ലക്ഷം രൂപ, മറ്റു വിളകൾ നശിച്ചുപോയവർക്ക് 6.30 ലക്ഷം, പശുക്കളെ നഷ്ടമായവർക്ക് 84.37 ലക്ഷം, ആടുകൾ നഷ്ടപ്പെട്ടവർക്ക് 6.48 ലക്ഷം, കോഴിക്കർഷകർക്ക് ഒരു ലക്ഷം, കന്നുകാലികൾക്കുള്ള ക്യാമ്പ് നടത്തിപ്പിന് 78,000 രൂപയും ചെലവായതായി കണക്കുകൾ കാണിക്കുന്നു.

## കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ ഓണാഘോഷം

(15-ാം പേജിൽനിന്നും)

ഓണത്തിന്റെ യഥാർത്ഥ സത്തയെ സജീവമാക്കിയതായും ചടുലമായ പൂക്കളവും സ്വാദിഷ്ടമായ ഓണസദ്യ, ആഹ്ലാദകരമായ പ്രകടനങ്ങൾ, മെഗാതിരുവാതിര എന്നിവ വരെ പരിപാടിയുടെ എല്ലാ വശങ്ങളും സന്തോഷവും ചിരിയും നമ്മുടെ പങ്കിട്ട സംസ്കാരത്തിന്റെ ഊഷ്മളതയും നിറഞ്ഞതായിരുന്നു. എല്ലാ സന്നദ്ധപ്രവർത്തകരുടെയും പങ്കാളികളുടെയും സമർപ്പണം ഈ ആഘോഷത്തെ എല്ലാവർക്കും മറക്കാനാവാത്ത അനുഭവമാക്കി മാറ്റി.

എല്ലാം സുഗമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ തിരശ്ശീലയ്ക്ക് പിന്നിൽ അക്ഷീണം പ്രവർത്തിച്ച സ്പോൺസർമാർക്കും സാംസ്കാരിക പ്രവർത്തകർക്കും ഇവന്റ് സംഘാടകർക്കും സെക്രട്ടറി മൻജിത് കൈനിക്കര പ്രത്യേക നന്ദി അറിയിച്ചു.

നിങ്ങളുടെ സംഭാവനകൾ വിലമതിക്കാനാവാത്തതായിരുന്നു. ഈ ആഘോഷത്തിന്റെ വിജയം നിങ്ങളുടെ കഠിനാദ്ധ്വാനത്തിന്റെ തെളിവാണെന്നും ആഘോഷത്തിന്റെ ചൈതന്യവും സൗഹൃദവും പ്രതിഫലിപ്പിക്കുമ്പോൾ നമ്മുടെ മനോഹരമായ പാരമ്പര്യങ്ങൾ ആഘോഷിക്കുകയും നമ്മുടെ സമൂഹത്തിന്റെ ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യും.

ഓണക്കാലത്തും തുടർന്നുള്ള സമയത്തും നിങ്ങൾക്കെല്ലാവർക്കും സന്തോഷവും ആരോഗ്യവും സമൃദ്ധിയും നേരുന്നതായി അദ്ദേഹം കൂട്ടിച്ചേർത്തു. ആർട്ട് ഡയറക്ടർ സുബി ഫിലിപ്പ്, ജോബി വർഗീസ്, പ്രമീള അജയ്, ദേവേന്ദ്ര അനൂപ് എന്നിവർ പരിപാടികൾ നിയന്ത്രിച്ചു. ജെയ്സി ജോർജ്, വിനോദ് ജോർജ്, ബേബി കൊടുവത്ത്, ദീപക് നായർ, ദീപു രവീന്ദ്രൻ, സാബു മാത്യു, ഫ്രാൻസിസ് തോട്ടത്തിൽ, ഹരിദാസ് തങ്കപ്പൻ, അനശ്വരൻ മാംമ്പിള്ളി, രാജൻ ഐസക് എന്നിവർ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു. രണ്ടായിരത്തിലധികം പേർ ഇലയിട്ട് ഓണവിഭവങ്ങൾ അടങ്ങിയ ഓണസദ്യ മതിവരുവോളം ആസ്വദിച്ചാണ് പിരിഞ്ഞുപോയത്.

## രാജിവെക്കുന്നു

(3-ാം പേജിൽനിന്നും)

മഹാരാഷ്ട്ര തെരഞ്ഞെടുപ്പിനൊപ്പം നവംബറിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് ആവശ്യപ്പെടുകയാണ്. അതുവരെ പാർട്ടിയിൽനിന്നു മറ്റൊരാൾ മുഖ്യമന്ത്രിയാകും. അടുത്ത രണ്ടു മൂന്നു ദിവസത്തിനുള്ളിൽ എംഎൽഎമാരുടെ യോഗം ചേരും. അവർ മുഖ്യമന്ത്രിയെ തീരുമാനിക്കും" കെജ്‌രിവാൾ പറഞ്ഞു.

എഎപിയെയും അരവിന്ദ് കെജ്‌രിവാളിനെയും തകർക്കാനാണ് അവർ എന്നെ ജയിലിൽ അടച്ചത്. എന്നെ ജയിലിൽ അടയ്ക്കുന്നതിലൂടെ പാർട്ടിയെയും ഡൽഹി സർക്കാരിനെയും തകർക്കാനാകുമെന്ന് അവർ കരുതി. പക്ഷേ, നമ്മുടെ പാർട്ടി തകർന്നില്ല. ജയിലിൽനിന്ന് രാജിവെക്കാതിരുന്നത് ഇന്ത്യൻ ഭരണഘടനയെ സംരക്ഷിക്കാൻ വേണ്ടിയാണ്. അവരുടെ ആ ഫോർമുലയെ എനിക്കു തോല്പിക്കണമായിരുന്നു. എന്തുകൊണ്ട് സർക്കാരിന് ജയിലിൽ ഇരുന്ന് ഭരിച്ചുകൂടായെന്ന് സുപ്രീംകോടതി ചോദിച്ചു. സർക്കാരിന് ജയിലിൽ നിന്നു ഭരിക്കാനാകുമെന്നു സുപ്രീംകോടതി തന്നെ തെളിയിച്ചു: കെജ്‌രിവാൾ പറഞ്ഞു.

മുഖ്യമന്ത്രി സ്ഥാനം രാജിവെക്കാനുള്ള കെജ്‌രിവാളിന്റെ തീരുമാനത്തിനെതിരെ ബിജെപിയും കോൺഗ്രസും രംഗത്തെത്തി. 48 മണിക്കൂറിനുശേഷം മുഖ്യമന്ത്രിപദം രാജിവെക്കാനുള്ള തീരുമാനത്തെയാണ് ഡൽഹിയിലെ ബിജെപി നേതാക്കൾ ചോദ്യം ചെയ്തത്. കെജ്‌രിവാൾ തേടിയ 48 മണിക്കൂർ സമയം നിഗൂഢമാണെന്നും നിയമസഭയിൽ ഭൂരിപക്ഷമുള്ള ഒരു മുഖ്യമന്ത്രി ഇത്തരത്തിൽ ചെയ്യുന്നത് പരിഹാസ്യമാമെന്നും ബിജെപി എംപി സുധാൻഷു ത്രിവേദി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കെജ്‌രിവാളിന്റെ രാജിപ്രഖ്യാപനത്തെ രാഷ്ട്രീയ സ്റ്റണ്ട് എന്നാണ് കോൺഗ്രസ് വിശേഷിപ്പിച്ചത്. മുഖ്യമന്ത്രിയെന്ന നിലയിൽ തനിക്ക് അധികാരമില്ലാത്തതിനാലും സുപ്രീംകോടതിയുടെ വ്യവസ്ഥകൾക്ക് വിധേയനായതിനാലുമാണ് കെജ്‌രിവാൾ രാജിവെച്ചതെന്ന് ഡൽഹി പിസിസി അദ്ധ്യക്ഷൻ ദേവേന്ദർ യാദവ് പറഞ്ഞു.

## സീതാറാം യെച്ചൂരി ഓർമയായി

(3-ാം പേജിൽനിന്നും)


ബിഎ ഇക്കണോമിക്സ് ഒന്നാം ക്ലാസോടെ പൂർത്തിയാക്കി 1973-ൽ എംഎയ്ക്കു ജവഹർലാൽ നെഹ്റു സർവകലാശാലയിൽ (ജെഎൻയു) ചേർന്നതോടെ ഇടതു വിദ്യാർഥിരാഷ്ട്രീയത്തിലെത്തി. എംഎയ്ക്കുശേഷം ജെഎൻയുവിൽ പിഎച്ച്ഡിക്കു ചേർന്നെങ്കിലും അടിയന്തരാവസ്ഥയ്ക്കിടെ ഒളിവിൽ പോയതോടെ ഗവേഷണം മുടങ്ങി. അക്കാലത്താണ് മേനക ഗാന്ധിയെ ജെഎൻയു ക്യാംപസിൽ കയറുന്നതു തടഞ്ഞെന്ന പേരിൽ യെച്ചൂരി ഉൾപ്പെടെയുള്ളവരെ പോലീസ് പിടികൂടിയത്.

1977-ൽ അടിയന്തരാവസ്ഥയ്ക്കു ശേഷം യെച്ചൂരിയുടെ നേതൃത്വത്തിൽ നടന്ന സമരത്തെത്തുടർന്നാണ് ജെഎൻയു ചാൻസലർ പദവി ഇന്ദിരാഗാന്ധി രാജിവെച്ചത്. രാജി ആവശ്യം ഉന്നയിച്ച് തന്റെ വീട്ടിലേക്കു പ്രകടനമായെത്തിയ ജെഎൻയു വിദ്യാർഥികൾക്കടയിലേക്ക് ഇന്ദിര ഇറങ്ങിച്ചെന്നു. ഇന്ദിരയെ സാക്ഷിയാക്കി യെച്ചൂരി അവർക്കെതിരെ പ്രതീകാത്മക കുറ്റപത്രം വായിക്കുന്ന ചിത്രം വിഖ്യാതമാണ്. 1977-78-ൽ അദ്ദേഹം ജെഎൻയു വിദ്യാർഥി യൂണിയൻ അധ്യക്ഷനായി.

1984-ൽ എസ്എഫ്ഐ ദേശീയ പ്രസിഡണ്ടായി. അതേവർഷം 32 വയസ്സു മാത്രമുള്ളപ്പോൾ സിപിഎം കേന്ദ്ര കമ്മിറ്റിയിൽ പ്രകാശ് കാരാട്ടിനൊപ്പം സ്ഥിരം ക്ഷണിതാവായി; പിറ്റേവർഷം കേന്ദ്രകമ്മിറ്റി അംഗവും. പാർട്ടിയുടെ ഉന്നതവേദിയിലെത്താറായോ എന്നു യെച്ചൂരി സംശയിച്ചെങ്കിലും അന്നത്തെ ജനറൽ സെക്രട്ടറി ഇഎംഎസിനു സംശയമുണ്ടായിരുന്നില്ല. ആ പ്രതീക്ഷ ശരിവെച്ച പ്രവർത്തനമികവോടെ 1992-ൽ സിപിഎം പൊളിറ്റ് ബ്യൂറോ അംഗമായി.

സിപിഎമ്മിന്റെ ചരിത്രത്തിലെ ഏറ്റവും കടുത്ത പ്രതിസന്ധിയുടെ കാലത്ത് 2015 മുതൽ തുടർച്ചയായി മൂന്ന് തവണ പാർട്ടി ജനറൽ സെക്രട്ടറിയുമായി. പദവിയിലിരിക്കെ മരിക്കുന്ന ആദ്യ സിപിഎം ജനറൽ സെക്രട്ടറിയാണ്. 2005 മുതൽ 2017 വരെ ബംഗാളിൽനിന്നുള്ള രാജ്യസഭാംഗമായിരുന്നു.


## പി.ജെ. ഫിലിപ്പ് അന്തരിച്ചു



ഡാളസ്: വടശ്ശേരിക്കര പുത്തൻപറമ്പിൽ (പർവ്വതത്തിൽ) കുടുംബാംഗമായ പി.ജെ. ഫിലിപ്പ് (80) ഡാളസിൽ അന്തരിച്ചു. പരേതൻ ഡാളസ് ഗ്രേസ് ക്രിസ്ത്യൻ അസംബ്ലി സഭാംഗമായിരുന്നു. ഭാര്യ: ഡെയ്സി ഫിലിപ്പ്. മക്കൾ: ഷൈനി-ജോസ് ഡാനിയേൽ, ഫിന്നി ഫിലിപ്പ്-ബിൻസി, ജിറ്റ-ബെൻ ജോൺ.

കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളജിലും ബാംഗ്ലൂർ ബെറിയൻ ബൈബിൾ കോളജിലും തിരുവചനം അഭ്യസിച്ച പരേതൻ ചർച്ച് ഓൺ ദി റോക്കി (COTR) കോളജിന്റെ സ്ഥാപകപ്രസിഡണ്ടായിരുന്ന പരേതനായ ഡോ. പി.ജെ. ടൈറ്റസിന്റെ ഇളയസഹോദരനാണ്. ഭൗതികശരീരം 20-ന് വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ ഗാർലൻഡിലുള്ള ഐപിസി ഹെബ്രോൻ ആരാധനാലയത്തിൽ (1751Wall Street, Garland, Tx 75041)പൊതുദർശനത്തിനു വെക്കുന്നതും 21-ന് രാവിലെ 9 മണിക്ക് സംസ്കാര ശുശ്രൂഷകൾക്ക് ശേഷം ഡാളസ് ഗ്രീൻവിൽ അവന്യൂവിലുള്ള റെസ്റ്റ് ലാൻഡ് സെമിത്തേരിയിൽ (13005 Greenville Avenue, Dallas, Tx 75243) മൃതദേഹം സംസ്കരിക്കുന്നതുമാണ്. ഇരുദിവസങ്ങളിലുമുള്ള ശുശ്രൂഷകൾ തത്സമയം www.provisiontv.in-ൽ ലഭ്യമാണ്.

## കെ.കെ. ജോസഫ് അന്തരിച്ചു



ഡാളസ്: കെ.കെ. ജോസഫ് (തങ്കച്ചൻ-85) ഡാളസിൽ അന്തരിച്ചു. പത്തനംതിട്ട തോന്ന്യാമല കളീക്കമണ്ണിലായ കമുകുപുരയിടത്തിൽ കുടുംബാംഗമാണ്. കുന്നൂരിലെ ആദ്യകാല പ്രമുഖ കണ്ണടവ്യാപാരിയും നീലഗിരി ഒപ്റ്റിക്കൽസ് ഉടമയുമായിരുന്നു. കോയമ്പത്തൂർ, ഊട്ടി, മേട്ടുപാളയം, വീരപാണ്ടി എന്നീ സ്ഥലങ്ങളിൽ 50-ൽപരം വർഷം കണ്ണട വ്യവസായിയായിരുന്നു. ഭാര്യ: കല്ലിശേരി തേക്കാട്ടിൽ ലാലി ജോസഫ്. മക്കൾ: സുനിൽ, അനിൽ, നിഷി, സീന, ജോജി. സംസ്കാര ശുശ്രൂഷ 21-ന് ശനിയാഴ്ച ഒമ്പതു മണിക്ക് റോലറ്റ് ലിബർട്ടി ഗ്രോവ് റോഡ് ക്രോസ് വ്യൂ ചർച്ച് ഓഫ് ഗോഡിൽ.

ശുശ്രൂഷകൾ www.provisiontv.in-ൽ തത്സമയം ദർശിക്കാവുന്നതാണ്.

# SEEKING BRIDEGROOM

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

# SEEKING BRIDE

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures
WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDEGROOM CONTD.....

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

KERALA EXPRESS


# നിര്യാതരായി

## ടി.എം. സക്കറിയ

**ആലപ്പുഴ:** റീഗൽ ട്രേഡിങ് കമ്പനി ഉടമ തത്തംപള്ളി വഞ്ചിപ്പറമ്പിൽ ടി.എം. സക്കറിയ (75) അന്തരിച്ചു. ഭാര്യ സുജ സക്കറിയ. മക്കൾ: നീതു ജെബിസൺ, റിച്ചു സക്കറിയ, ജിത്തു സക്കറിയ (യുഎസ്). മരുമക്കൾ: ജെബിസൺ ഫിലിപ്പ് തട്ടാനിയത്ത്, ജിപ്സ കുര്യൻ ചെമ്പിൽ (മാന്നാർ), മെൽഡ സാജൻ കുന്നത്ത് (ചിങ്ങവനം).

**ചങ്ങനാശേരി:** ടൈംസ് ഓഫ് ഇന്ത്യ റിട്ട. അഡ്വർടൈസിങ് മാനേജർ വട്ടപ്പള്ളി കാട്ടടി കെ.ജെ. സെബാസ്റ്റ്യൻ (അലക്സാണ്ടർ-84) അന്തരിച്ചു.

## സർപ്പത്തിൽ ചാക്കോ



**താമ്പാ:** ആലപ്പുഴ വെളിയനാട് സർപ്പത്തിൽ ചാക്കോ (89) ഫ്ളോറിഡയിലെ താമ്പയിൽ അന്തരിച്ചു. ഭാര്യ അന്നമ്മ കണ്ണങ്കര കൊച്ചുപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: അനിൽ, സനിൽ (ഇരുവരും കാനഡ), അജിത്ത് (യുകെ), സജിത്ത് (താമ്പാ). മരുമക്കൾ: അഞ്ജു (വാഴക്കൽ, റാന്നി), സിനോൾ (പറപ്പള്ളിൽ, കട്ടച്ചിറ), സ്വപ്നാ (പഴൂമാലിൽ, നീറിക്കാട്), നിലീനാ (മുല്ലൂർ, മടമ്പം). സഹോദരങ്ങൾ: സ്റ്റീഫൻ സർപ്പത്തിൽ (വെളിയനാട്), ഫാ. ജോസ് സർപ്പത്തിൽ (ബാംഗ്ളൂർ), പാച്ചികുഞ്ഞ് സർപ്പത്തിൽ (കാലിഫോർണിയ), അന്നമ്മ ഉറുമ്പത്ത് (കാരിത്താസ്), ഫിലോമിന വട്ടക്കളം (ന്യൂയോർക്ക്), മറിയക്കുട്ടി മുണ്ടക്കൽ (നീറിക്കാട്), ത്രേസ്യാമ്മ ഇടത്തിപ്പറമ്പിൽ (കണ്ണങ്കര).

**മണിമല:** എംസി സഭാംഗം സിസ്റ്റർ റോഷ്നി തേക്കനാൽ (78) അന്തരിച്ചു.

**മള്ളൂശേരി:** പേരോത്ത് പരേതനായ പി.ടി. തോമസിന്റെ ഭാര്യ മേരി തോമസ് (84) അന്തരിച്ചു.

## എൻ.ജെ. ഫിലിപ്പ്

**ഉഴവൂർ:** നടക്കുഴക്കൽ എൻ.ജെ. ഫിലിപ്പ് (70) അന്തരിച്ചു. ഭാര്യ ഞീഴൂർ പാറേൽ എൽസ. മക്കൾ: ലിന്റ്, ലിയോ. മരുമക്കൾ: ടോണി കൊടിഞ്ഞിയിൽ (ഉഴവൂർ), മെൽവി തെക്കേപറമ്പിൽ ഏറ്റുമാനൂർ (എല്ലാവരും യുഎസ്).

**വൈക്കം:** കൊടിയാടി വലിയതറയിൽ വി.സി. ഇത്താക്ക് (അപ്പച്ചൻ-79) അന്തരിച്ചു.

**എടത്വ:** ചക്കിട്ടപറമ്പിൽ നെടുവംമാലിൽ ജോസ് ജോസഫ് (ജോസുകുട്ടി-64) അന്തരിച്ചു.

## പ്രഫ. ജെയിംസ് ലൂക്കോസ്

**ആലപ്പുഴ:** എടത്വ സെ. അലോഷ്യസ് കോളജ് റിട്ട. പ്രഫ. തത്തംപള്ളി തെക്കുംമുറിയിൽ ജെയിംസ് ലൂക്കോസ് (82) അന്തരിച്ചു. കരിസ്മാറ്റിക് നവീകരണപ്രസ്ഥാനത്തിന്റെ സോൺ സെക്രട്ടറി, ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ മോളിക്കുട്ടി ജെയിംസ് (റിട്ട. പ്രഫ. സെ. ജോസഫ് കോളജ് ആലപ്പുഴ). മക്കൾ: ഡോ. സീനു ലൂക്കോസ്, സീമ ലൂക്കോസ്, ഡോ. സ്മിത ലൂക്കോസ്, ആന്റണി ജോൺ കപ്പച്ചിൻ. മരുമക്കൾ: ടോംസ് മൈക്കിൾ (ജീസസ് യൂത്ത് ഇന്റർനാഷണൽ ഫോർമേഷൻ ടീം അംഗം), ശ്യാം (യുഎസ്), ഷെജിൻ തോമസ് (ശാലോം വേൾഡ് യുഎസ്).

## മറിയക്കുട്ടി പൈലി

**കലൂർ:** പയ്യാവ് മാടശ്ശേരിൽ മറിയക്കുട്ടി പൈലി (89) അന്തരിച്ചു. മൈലക്കൊമ്പ് മണ്ണിറ്റിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പൈലി. മക്കൾ: മേരി, ബേബി (യുഎസ്), എൽസി, ഫിലിപ്പ്, പോൾ, ജോസ് (ഒമാൻ), തെരേസ, ഡൊമിനിക് (സൗദി), ഗ്രെയ്സ് (യുകെ). മരുമക്കൾ: പൈങ്ങോട്ടൂർ താണിക്കാമറ്റത്തിൽ ജോർജ്, വത്സ കാഞ്ഞിരത്തിങ്കൽ (യുഎസ്), കാളിയാർ കൊച്ചുമുട്ടം സെബാസ്റ്റ്യൻ, പാറപ്പുഴ മേക്കുന്നേൽ ആൻസി, മീൻമുട്ടി പേരേപ്പാടൻ ഷാജി, കുളപ്പുറം കുമ്മംകോട്ടിൽ ജിജി, പൈങ്ങോട്ടൂർ കുളങ്ങാട്ടിൽ പൗലോസ്, കലൂർ കാരക്കുന്നേൽ സ്മിത, സജി മുളഞ്ഞനാനിയിൽ (യുകെ).

## വി.എസ്. തോമസ്

**ചങ്ങനാശേരി:** വലിയകുളം വലിയപറമ്പിൽ ഗോവ ഡയോസിയൻ സൊസൈറ്റി സ്കൂൾ റിട്ട. ഹെഡ്മാസ്റ്റർ വി.എസ് തോമസ് (സോയപ്പൻ-78) അന്തരിച്ചു. ഭാര്യ പായിപ്പാട് മുക്കാടൻ വത്സമ്മ. മക്കൾ: വിൻസന്റ് തോമസ് (യുഎസ്), അനോഷ് തോമസ് (മുംബൈ). മരുമക്കൾ: ദീപ ജോസ് (യുഎസ്), ഷൈനി ജോയി (മുംബൈ).

**ചങ്ങനാശേരി:** വിമുക്തഭടൻ പുതുച്ചിറ കളരിപ്പറമ്പിൽ കെ.ഒ. ജോർജ് (83) അന്തരിച്ചു.

**കോതമംഗലം:** റിട്ട. ഹെഡ്മിസ്ട്രസ് സിഎംസി പാവനാത്മാ പ്രോവിൻസ് കോതമംഗലം മഠാംഗം സിസ്റ്റർ പ്രാക്സിഡ (ഏലിക്കുട്ടി-88) അന്തരിച്ചു.

**പറവൂർ:** മുൻ എംപി കെ.പി. ധനപാലന്റെയും സുമത്തിന്റെയും മകൻ കെ.ഡി. ബ്രിജിത്ത് (വാവ-44) അന്തരിച്ചു.

**പയ്യപ്പാടി:** പുത്തൻപറമ്പിൽ പരേതനായ ഐപ്പ് കോരയുടെ ഭാര്യ അന്നമ്മ കോര (കുഞ്ഞമ്മ-98) അന്തരിച്ചു.

**തിരുവല്ല:** അഴിയിടത്തുചിറ പരുത്തിക്കപ്പടി ചേരിയിൽ ത്രേസ്യാമ്മ പോത്തൻ (89) അന്തരിച്ചു.

## പി.സി. തോമസ്

**മോനിപ്പള്ളി:** പുള്ളോർകുന്നേൽ പി.സി. തോമസ് (70) അന്തരിച്ചു. ഭാര്യ അറുനൂറ്റിമംഗലം കൊല്ലപ്പള്ളിയിൽ ലൗലി. മക്കൾ: ലിൻസി മനു, ലിജു തോമസ്. മരുമക്കൾ: മനു പേരിങ്ങേലിയിൽ (മാങ്ങിടപ്പള്ളി), ജോമരിയ ഇറപുറത്ത് (എല്ലാവരും യുഎസ്).

## ലൂക്കോസ് ജോസഫ്

**താമരശ്ശേരി:** കാരിക്കുന്നേൽ ലൂക്കോസ് ജോസഫ് (83) അന്തരിച്ചു. ഭാര്യ ഏലിക്കുട്ടി (പടത്തുകടവ് വട്ടത്തറ കുടുംബാംഗം). മക്കൾ: മോളി തോമസ്, ജോസ് ലൂക്കോസ് (യുകെ), സാബു ലൂക്കോസ് (താമരശേരി), ഷാജി (ഇരിട്ടി), ഷൈനി (ഓസ്ട്രേലിയ), സിജോ (യുഎസ്). മരുമക്കൾ: തോമസ് കുന്നേൽ (കുണ്ടുതോട്), ലാലിക്കുട്ടി കാരുവേലിൽ കുറുപ്പുന്തറ (യുകെ), സുസ്മിത ചുടലാങ്കൽ ഇരിട്ടി (സൗദി), സാബു പയ്യമ്പള്ളിൽ അങ്കമാലി (ഓസ്ട്രേലിയ), ദീപ കുളത്തിങ്കൽ നെന്മാറ (യുഎസ്).

## ദീപ ഷൈജു



**കുമാരനല്ലൂർ:** ചൂരക്കാട്ട് തലച്ചേൽ ഷൈജു ജോസഫിന്റെ ഭാര്യ ദീപ ഷൈജു (49) ഹൂസ്റ്റണിൽ അന്തരിച്ചു. ചെറുവാണ്ടൂർ ചെലമ്പിട്ടിശേരി കുടുംബാംഗമാണ്. മക്കൾ: ക്രിസ്റ്റോ ഷൈജു, ക്രിസ്റ്റീന ഷൈജു.

**പാറമ്പുഴ:** കെഎസ്ഇബി റിട്ട. എൻജിനീയർ തുരുത്തേലായ കൊട്ടാരത്തറയിൽ മാത്യു എം. കൊട്ടാരത്തറ (92) അന്തരിച്ചു.

## പി.എൽ. ജോസഫ്

**മള്ളൂശേരി:** മെഡിക്കൽ കോളജ് റിട്ട. ഉദ്യോഗസ്ഥൻ പനമറ്റത്തിൽ പി.എൽ. ജോസഫ് (72) അന്തരിച്ചു. കല്ലറ വടുകുന്നപ്പുഴ ലൂസി ജോസഫാണ് ഭാര്യ. മക്കൾ: ലിജോമോൻ ജോസഫ് (അയർലൻഡ്), ലിജിത ജോൺ (യുഎസ്), ലെനിൻ ജോസഫ് (അയർലൻഡ്). മരുമക്കൾ: ലിജിമോൾ ജോർജ് മാങ്കൂട്ടത്തിൽ (അരീക്കര), ജോജി ജോൺ മംഗലത്ത് (വഴിത്തല), ജെനി ജേക്കബ് നാലൊന്നുപടവിൽ (ഉഴവൂർ).

**പുന്നവേലി:** മുളയംവേലി ചീരമറ്റത്ത് സി.ജെ. ഇട്ടി (കുഞ്ഞച്ചൻ-98) അന്തരിച്ചു.

**പൊൻകുന്നം:** ഹൈക്കോടതി സീനിയർ അഭിഭാഷകൻ കല്ലംപറമ്പിൽ കെ.എ. ഹസൻ (78) അന്തരിച്ചു.

## മാളിയേക്കൽ ജോസഫ്

**അമ്പഴച്ചാൽ:** മാളിയേക്കൽ ജോസഫ് (91) അന്തരിച്ചു. ഭാര്യ മൂന്നാർ മംഗലപ്പിള്ളി കാർമ്മലി. മക്കൾ: സോഫി, അലോഷ്യസ് (യുഎസ്), മരുമക്കൾ: ജോണി, സ്വപ്ന (യുഎസ്).

## സാറാമ്മ തോമസ്



**ചിക്കാഗോ:** ഇരവിപേരൂർ അഞ്ചനാട്ട് പാസ്റ്റർ ഐസക് തോമസിന്റെ ഭാര്യ സാറാമ്മ തോമസ് (84) ചിക്കാഗോയിൽ അന്തരിച്ചു. റാന്നി ചെത്തോങ്കര പാട്ടമ്പലം കുടുംബാംഗമാണ്. മക്കൾ: ബെറ്റി വർഗീസ്, സൂസൻ കോശി, സണ്ണി തോമസ്. മരുമക്കൾ: ഈപ്പൻ വർഗീസ്, റെജി കോശി, മിനി തോമസ്. സഹോദരങ്ങൾ: ഏലിയാമ്മ കുര്യൻ, പാസ്റ്റർ പി.വി. കുരുവിള, പി.വി. സൈമൺ, പരേതരായ അന്നമ്മ ഏബ്രഹാം, പി.വി. സാമുവൽ, മറിയാമ്മ.

**തിടനാട്:** എഫ്സിസി കോൺഗ്രിഗേഷൻ ഭരണങ്ങാനം അൽഫോൻസ് ജ്യോതി പ്രോവിൻസിലെ ക്ലാരനഗർ തിടനാട് മഠാംഗം സിസ്റ്റർ സീത്താമരിയ (84) അന്തരിച്ചു.

**കൈപ്പുഴ:** ചാമക്കാലാ കിഴക്കേതിൽ പി.യു. ലൂക്കോസിന്റെ ഭാര്യ ത്രേസ്യാമ്മ ലൂക്കോസ് (84) അന്തരിച്ചു.

## സി.എ. വർഗീസ്

**ഇത്തിത്താനം:** പൊൻപുഴ ചിറത്തലാട്ട് സി.എ. വർഗീസ് (85) അന്തരിച്ചു. ഭാര്യ കോട്ടയം ഏകോണിൽ സൂസമ്മ വർഗീസ് (റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ). മക്കൾ: മിനി തോമസ്, മനോജ് സി. വർഗീസ്, സന്തോഷ് സി. വർഗീസ്. മരുമക്കൾ: ചാൾസ് തോമസ്, ഷൈനി വർഗീസ്, ജയ്ൻ വർഗീസ് (എല്ലാവരും യുഎസ്).

**കുറവിലങ്ങാട്:** പുലവേലിൽ ത്രേസ്യാമ്മ ജോസഫ് (തെയ്യാമ്മ-81) അന്തരിച്ചു

**കോലഞ്ചേരി:** സെ. പീറ്റേഴ്സ് കോളജ് ഇംഗ്ലീഷ് വിഭാഗം മുൻ മേധാവി വടയമ്പാടി പൂവേലിൽ പ്രഫ. ചെറിയാൻ പെട്രോസ് (76) അന്തരിച്ചു.

**ആലുവ:** ഫെഡറൽ ബാങ്ക് റിട്ട. മാനേജർ പെരിയാർ ഗാർഡൻസ് തട്ടിൽ വല്ലച്ചിറക്കാരൻ ടി.പി. ജോർജ് (82) അന്തരിച്ചു.

**തിരുവല്ല:** കാവുംഭാഗം പീടിയേക്കൽ മന്ത്രയിൽ പി.എം. സാമുവൽ (അനിയൻകുഞ്ഞ്-65) അന്തരിച്ചു.

## പി.കെ. ചെല്ലപ്പൻ

**പരിയാരം:** കൈതേപ്പാലം കുളത്തുങ്കൽ (പാറയിൽ) പി.കെ. ചെല്ലപ്പൻ (78) അന്തരിച്ചു. ഭാര്യ എറണാകുളം പണിക്കാശേരി ഷേർളി കുമാരി. മക്കൾ: ബിജു കെ. ചെല്ലപ്പൻ (യുഎസ്), ബിജേഷ് കെ. ചെല്ലപ്പൻ (ബെംഗ്ളൂരു). മരുമക്കൾ: പാർവതി സുന്ദർ അപർണ കൊല്ലം (യുഎസ്), എസ്.എച്ച്. പാർവതി നൂറാട്ട് കായംകുളം (ബാങ്ക് ഓഫ് ബറോഡ).

**മണർകാട്:** കരിമ്പനൂർ പരേതനായ കെ.യു. ജോണിന്റെ ഭാര്യ മറിയാമ്മ ജോൺ (കുഞ്ഞമ്മ-86) അന്തരിച്ചു.

**പത്തനാപുരം:** വ്യാപാരി വ്യവസായി ഏകോപന സമിതി യൂണിറ്റ് മുൻ ട്രഷറർ മഞ്ചള്ളൂർ പാരുപ്പള്ളിയിൽ മേരിലാൻഡിൽ പി. കുര്യൻ ചാക്കോ (88) അന്തരിച്ചു.

## അനിത വള്ളികുന്നേൽ

**നീറിക്കാട്:** യുഎസിൽ എൻജിനീയറായിരുന്ന മോനിപ്പള്ളിയിലായ വള്ളികുന്നേൽ അനിത വള്ളികുന്നേൽ (33) അന്തരിച്ചു. പെരിന്തൽമണ്ണ ഗവ. എച്ച്എസ്എസ് റിട്ട. പ്രിൻസിപ്പൽ തട്ടേൽപള്ളി യാക്കോബുകുട്ടിയുടെയും എം.സി. വത്സലയുടെയും (റിട്ട. പ്രിൻസിപ്പൽ ഗവ.എച്ച്എസ്എസ് മങ്കട) മകളാണ്.

**കോട്ടയം:** യൂണിയൻ ക്ലബിനു സമീപം പുന്നാപറമ്പിൽ ഫോറസ്റ്റ് കോട്ടേജിൽ പരേതനായ ജെ.പി. കുരുവിളയുടെ ഭാര്യ മോളി ജോസഫ് (89) അന്തരിച്ചു.

## കെ.ജെ. ജോർജ്

**നാഗപ്പുഴ:** ഗ്ലോബൽ ഇന്ത്യൻ വോയ്സ് പത്രത്തിന്റെ ചീഫ് എഡിറ്റർ കൊട്ടാരത്തിൽ (ഏഴാനിക്കാട്ട്) കെ.ജെ. ജോർജ് (68) ന്യൂയോർക്കിൽ അന്തരിച്ചു. കെ.എസ്.സി തൊടുപുഴ ന്യൂമാൻ കോളജ് യൂണിറ്റ് പ്രസിഡണ്ട്, സംസ്ഥാന കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ കൊച്ചുറാണി. മക്കൾ: ജിത്തു, ജിന്റു.

**മുക്കൂട്ടുതറ:** മുട്ടപ്പള്ളി നെല്ലൂർ മുൻ പഞ്ചായത്ത് അംഗം പരേതനായ എൻ.ജി. കൊച്ചുരാമന്റെ ഭാര്യ എം.ജെ. ലീലാമ്മ (81) അന്തരിച്ചു.

## ആലീസ് ഫിലിപ്പ്

**മാമ്മൂട്:** പാറുകണ്ണിൽ പരേതനായ പി.ജെ. ഫിലിപ്പിന്റെ ഭാര്യ ആലീസ് ഫിലിപ്പ് (74) അന്തരിച്ചു. കശത്തൂർ ചമ്മരപ്പള്ളി കുടുംബാംഗമാണ്. മക്കൾ: അഭിലാഷ്, ആശ. മരുമക്കൾ: എം. രമ്യ (ആര്യങ്കാവ് സെ. മേരീസ് യുപി സ്കൂൾ അധ്യാപിക), ഡിജോ സെബാസ്റ്റ്യൻ ഇലവുങ്കൽ കടപ്ലാമറ്റം (യുഎസ്).

**ചെന്നിത്തല സൗത്ത്:** അപ്പോസ്തലിക് പെന്തക്കോസ്ത് ചർച്ച് ശുശ്രൂഷകൻ ഓലകെട്ടിയമ്പലം കല്ലാപനയിൽ പാസ്റ്റർ കെ.പി. മനുവേൽ (73) അന്തരിച്ചു.

## മേരിക്കുട്ടി സെബാസ്റ്റ്യൻ

**തലയോലപ്പറമ്പ്:** പുത്തൻപുരയിൽ മേരിക്കുട്ടി സെബാസ്റ്റ്യൻ (78) അന്തരിച്ചു. ആർപ്പൂക്കര കലങ്ങാലിപ്പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എസ്. സെബാസ്റ്റ്യൻ. മക്കൾ: സെൽമി സെബാസ്റ്റ്യൻ, സെലസ്റ്റിൻ സെബാസ്റ്റ്യൻ (യുഎസ്), സെൽസി സെബാസ്റ്റ്യൻ. മരുമക്കൾ: മേരിദാസ് സെബാസ്റ്റ്യൻ മുള്ളുപുരയ്ക്കൽ (കുറവിലങ്ങാട്), ഷീബാ വർക്കി ഇടപ്പള്ളി (തലയോലപ്പറമ്പ്), ജോജി തോമസ് പുത്തൻവെളിയിൽ.

## തോമസ് ഏബ്രഹാം

**നീണ്ടൂർ:** തറയ്ക്കൽ (പ്രാലേൽ) തോമസ് ഏബ്രഹാം (75) അന്തരിച്ചു. ഭാര്യ ചേർപ്പുങ്കൽ ഇല്ലംപള്ളിൽ എത്സി. മക്കൾ: സിസ്മോൻ (യുഎസ്), ജോസ് (മർച്ചന്റ് നേവി), സിബിൽ (അയർലൻഡ്). മരുമക്കൾ: ഷൈനി ആലയ്ക്കൽ നിലമ്പൂർ (യുഎസ്), സിജി കടുന്തയിൽ പുന്നത്തുറ (അധ്യാപിക ഏറ്റുമാനൂർ), ജോമി ചായിലത്ത് കിഴക്കേനട്ടാശേരി.

## ചിന്നമ്മ ചാക്കോ

**നിരണം:** വാണിയപുരയിൽ ചിന്നമ്മ ചാക്കോ (69) അന്തരിച്ചു. പാണ്ടങ്കേരി കണ്ണമ്മാലിൽ കുടുംബാംഗമാണ്. ഭർത്താവ് ചാക്കോ വർഗീസ്. മക്കൾ: റവ. സന്തോഷ് വർഗീസ് (വികാരി, ഡിട്രോയിറ്റ് മർത്തമറിയം ചർച്ച്), സജിനാ വർഗീസ്. മരുമക്കൾ: പുതുപ്പള്ളി പുളിന്തറക്കുന്നേൽ ഡോണാ സന്തോഷ്, കീഴ്വന്മഴി കൊല്ലംപറമ്പിൽ പുത്തൻവീട് സുനിൽ തോമസ്.

**പൈക:** പിച്ചകശേരിൽ പരേതനായ വർഗീസ് ഏബ്രഹാമിന്റെ ഭാര്യ മേരി വർഗീസ് (78) അന്തരിച്ചു.

## എം.ഡി. സെബാസ്റ്റ്യൻ

**അതിരമ്പുഴ:** മലയിൽ എം.ഡി. സെബാസ്റ്റ്യൻ (77) അന്തരിച്ചു. ഭാര്യ കുറവിലങ്ങാട് മാലാന ലത. മക്കൾ: സൗമ്യ, രമ്യ. മരുമക്കൾ: ജിനോ (യുഎസ്), ലിയോ (ബെംഗ്ളൂരു).

**മാമ്മൂട്:** മുംബൈ ചെമ്പൂർ ഔർ ലേഡി പബ്ലിക് സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപകൻ നെല്ലിത്താനം എൻ.ജെ. വർഗീസ് (കുട്ടപ്പൻ-92) അന്തരിച്ചു.

**തിരുവല്ല:** പുത്തൻപറമ്പിൽ കണ്ടത്തിൽ എമിലിയുടെയും പരേതനായ തോമസ് വർഗീസിന്റെയും മകൻ രാഹുൽ വർഗീസ് (43) അന്തരിച്ചു.

**തൊടുപുഴ ഈസ്റ്റ്:** ന്യൂമാൻ കോളജ് ഫിസിക്സ് വിഭാഗം മേധാവി റിട്ട. പ്രഫസർ വടക്കുംമുറി മണിയാക്കുപാറ ഇ.ഡി. സെബാസ്റ്റ്യൻ (79) അന്തരിച്ചു.

**തൊടുപുഴ:** തെക്കുംഭാഗം അഞ്ചാനിക്കൽ ത്രേസ്യാമ്മ സെബാസ്റ്റ്യൻ (87) അന്തരിച്ചു.

**പാലാ:** വലിയവീട്ടിൽ സഖറിയാസ് (74) അന്തരിച്ചു.




# LAKE HOUSE FOR SALE IN TEXAS

Located 2 hours from DFW on Lone Star Lake. 6 Bedroom/ 3 full Bath, 3324 Sq Feet. Huge Den overlooking the lake. Granite counter tops. New carpet upstairs and new flooring downstairs. Patio in front of kitchen with Pergola. Gazebo located next to patio. 1/2 acre land with sprinkler system and fire pit. New boat house with boat slip and seating area with grill. 2 Car Garage with carport in the front.

$685,000 Only text, no phone calls.

**614-329-9361 John**

# വസ്തു വില്പനയ്ക്ക്

കോട്ടയം സംക്രാന്തി-ചെമ്മനംപടി ആറ്റുമാലി റോഡരുകിൽ river frontage ഉള്ളതും വെള്ളം കയറാത്തതുമായ 22.5 സെന്റ് വസ്തു മൊത്തമായോ പ്ലോട്ടുകളായോ വില്പനയ്ക്ക്. കോട്ടയം മെഡിക്കൽ കോളജിലേക്ക് 1200 മീറ്റർ മാത്രം.

**ഫോൺ: + 91 7012562340**

**Email - vidya99@yahoo.com**

# 7 CENT HOUSE PLOT FOR SALE AT PERANDUR, EDAPALLY, KOCHI

Road access, Close to HWY, Hospitals, Churches, and Temples, Airport. Reasonable Price.

**If interested please e mail at**

**skrish3299@yahoo.com**

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

# SEEKING A LIVE-IN CAREGIVER IN NASHVILLE, TENNESSEE

Seeking a live-In caregiver in Nashville, Tennessee, for my 75-year-old mother. She is mobile with the help of a walker, and needs help with daily activities and household work including cooking. Accommodation, food and attractive salary offered.

**Please contact**

**shinakp@gmail.com** or

call **615-423-7332**

# LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

*Favors Received*



*Inserted by: Firm Believer, Chicago*

*Favors Received*



*Inserted by: Firm Believer, Chicago*

*Favors Received*



*Inserted by: Firm Believer, Atlanta*

*Favors Received*



*Inserted by: Firm Believer, Atlanta*

**Visit Our Website: www.keralaexpress.com for Classified Advt.**

## കഥ ഇതുവരെ

പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. മല്ലികയുടെ സഹോദരന്റെ മകളുടെ ഭർത്താവ് ഡിവൈഎസ്പി ഹേമചന്ദ്രന്റെ ബുദ്ധിയായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പ്രതിയായി. കല്ലാറ്റുപടിക്കലെ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുത്തു. പിടിയിലാകുമെന്നുറപ്പായപ്പോൾ ബാലകൃഷ്ണമേനോൻ സ്വയം വെടിവെച്ചു മരിച്ചു. കിളിമാനൂരിലെ മാനസികാരോഗ്യകേന്ദ്രത്തിൽവെച്ച് മാളവികയെ കണ്ട അല്ലിമ അമ്മയെ ഒപ്പംനിന്നു ശുശ്രൂഷിക്കണമെന്നു വാശിപിടിക്കുന്നു...

# കാണാത്ത തീരങ്ങൾ

ജോയ്സി

**114**

അല്ലിമയെ എന്തുപറഞ്ഞു സമാധാനിപ്പിക്കണമെന്ന് സന്ദീപിന് അറിയില്ല. അവൾ ചുമരുംചാരി മാറിൽ കൈകെട്ടി കുനിഞ്ഞ മുഖത്തോടെ നിൽക്കുകയാണ്. ആരോടോ പിണങ്ങി നിൽക്കുന്നതുപോലെയേ തോന്നൂ. കർച്ചീഫ് ചുരുട്ടിപ്പിടിച്ചിരിക്കുന്ന കൈ ഇടയ്ക്ക് കണ്ണിനടുത്തേക്കു നീങ്ങുന്നതു കാണുമ്പോൾ മാത്രമേ അവളുടെയുള്ളിൽ കരച്ചിലുണ്ടെന്നു മനസ്സിലാകൂ. സന്ദീപ് അവളോടു പതിയെ സംസാരിച്ചു.

“അല്ലീ... നിന്റെ സങ്കടമൊക്കെ എനിക്കു മനസ്സിലാകും. പക്ഷേ, നമുക്ക് എന്തു ചെയ്യാൻ പറ്റും. അല്ലീടമ്മയെ വേണമെങ്കിൽ നമുക്ക് ഏറ്റെടുക്കാം. പക്ഷേ, എവിടെ താമസിപ്പിക്കും? ഇങ്ങോട്ടു കൊണ്ടുവരാൻ പറ്റ്വോ?”

അല്ലിമ മുഖമുയർത്തി അവനെ നോക്കി. ഇല്ലെന്നു തലയാട്ടി.

“നിന്നെ സ്വന്തം കുഞ്ഞിനെപ്പോലെ വളർത്തിയ ഒരമ്മയുടെ മുന്നിലേക്ക് നിന്റെ പെറ്റമ്മയെ കൊണ്ടുവന്നു ശുശ്രൂഷിക്കാമെന്നു വെച്ചാൽ അവർക്കു നോവും. ആന്റിക്കുമാത്രമല്ല അങ്കിളിനും.”

“അങ്ങനൊന്നും വേണ്ട സന്ദുവേട്ടാ. അച്ഛനും അമ്മേം സമ്മതിച്ചാൽപോലും ഞാൻ സമ്മതിക്കില്ല.”

“പിന്നെയുള്ളത് ചന്ദ്രബാബുവിന്റെ അച്ഛനും അമ്മയുമാണ്. നിന്റെ ഗ്രാൻഡ് പേരന്റ്സ്. അവർക്ക് മാളവികയെ ഏറ്റെടുക്കാനുള്ള സാമ്പത്തികസ്ഥിതിയില്ല. ഏറ്റെടുത്താ മാത്രം പോരല്ലോ. ചികിത്സിക്കണ്ടേ. അനിച്ചേട്ടന്റെ കാര്യം അറിയാമല്ലോ. ജയിലീന്നിറങ്ങീട്ട് അധിക കാലമായിട്ടില്ല. വേറെയും കേസുകൾ നടക്കുന്നുണ്ട്. എന്നാണു തിരിച്ച് ജയിലിലേക്കു പോകേണ്ടിവരുക എന്നറിയില്ല.”

“എനിക്കറിയാം അവരെക്കൊണ്ടു പറ്റില്ല.”

“പിന്നെ എന്തുചെയ്യും അല്ലീ... നിന്റെ മനസ്സിൽ എന്തെങ്കിലും ഐഡിയാ ഉണ്ടോ?” അല്ലിമ രണ്ടുനിമിഷം ആലോചിച്ചു. “അവർക്ക് ഏറ്റെടുക്കാൻ പറ്റില്ലേ, അമ്മേടെ വീട്ടുകാർക്ക്? അമ്മേടമ്മയൊക്കെ ഒണ്ടല്ലോ. അവരൊക്കെ പണക്കാരല്ലേ. പൈസയ്ക്കു ബുദ്ധിമുട്ടില്ല. അവിടത്തെ മുത്തശ്ശീടെ സ്വന്തം മകളല്ലേ.”

അല്ലിമയുടെ ചോദ്യം ന്യായമാണെന്ന് സന്ദീപിനറിയാം. പക്ഷേ, തടസ്സങ്ങളുണ്ട്. അതേപ്പറ്റി പറയാൻ ഭാവിച്ചപ്പോൾ അല്ലിമ വീണ്ടും സംസാരിച്ചു.

“ആ മുത്തശ്ശിക്ക് സ്വന്തം മകൾ ജീവിച്ചിരിപ്പുണ്ടോന്നു പോലും അറിയില്ലായിരുന്നല്ലോ. മകള് ജീവനോടെയുണ്ടെന്നു കാണുമ്പോ എന്തുമാത്രം സന്തോഷം തോന്നേണ്ടതാ. അപ്പോൾത്തന്നെ പോയി കൂട്ടിക്കൊണ്ടു വരേണ്ടതല്ലേ. അതും ഇങ്ങനൊരു ദയനീയാവസ്ഥേൽ കെടക്കുമ്പോ...”

“അല്ലിമ ഒന്നു മനസ്സിലാക്കണം. അവരുടെ ആൾക്കാർതന്നെയാണ് ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന അവസ്ഥയിലേക്ക് മാളവികയെ തള്ളിയിട്ടത്. ആ അച്ഛനും മകനും ജയിലിൽ പോയി കെടക്കുന്നതെന്തിനാ..... ചന്ദ്രബാബുവിനോടു ചെയ്ത കൊടും ക്രൂരത കാരണം. എന്നിട്ട് അവര്തന്നെ മാളവികയെ ഏറ്റെടുത്തു സംരക്ഷിക്ക്വോ. മാത്രമല്ല, അവര് ജയിലിലുമാണ്.”

“മുത്തശ്ശിയൊണ്ടല്ലോ വീട്ടിൽ. അവർക്ക് എന്തെങ്കിലും ചെയ്യാൻ പറ്റില്ലേ?”

“അല്ലിയെന്താ ഉദ്ദേശിക്കുന്നെ?”

“അങ്ങനെ ചെയ്താ. ഞാനവിടെ പോയിനിന്ന് അമ്മയെ നോക്കിക്കോളാം.”

“അല്ലീ, ഇപ്പഴും അവർക്ക് നീയും നിന്റമ്മയും ശത്രുക്കളാണ്.”

“പുരുഷൻമാർക്കല്ലേ ശത്രുത. അവിടുത്തെ സ്ത്രീകൾക്കില്ലല്ലോ.”

“പക്ഷേ, സ്വത്തും അധികാരവും ഇപ്പോഴും പുരുഷൻമാരുടെ കയ്യിലാണ്.”

“അവർ രണ്ടുപേരും ജയിലിൽ അല്ലേ?”

“അവരുടെ അനുവാദമില്ലാതെ അവിടുത്തെ സ്ത്രീകൾ എന്തെങ്കിലും ചെയ്യോ? പരസഹായമില്ലാതെ ജീവിക്കാൻ പറ്റാത്ത അവസ്ഥയിലാണ് മല്ലികച്ചിറ്റ. അവരുടെ അവസ്ഥയോർത്ത് കരയാനല്ലാതെ അവർക്ക് എന്തെങ്കിലും ചെയ്യാൻ പറ്റ്വോ? പിന്നെയുള്ളത് ഹരീന്ദ്രന്റെ ഭാര്യയാണ്. അവർക്കെന്തു കാര്യം മാളവികയെ കൂട്ടിക്കൊണ്ടുപോയി സംരക്ഷിക്കാൻ. ഇതൊക്കെ സാമാന്യ ബുദ്ധിക്ക് ആലോചിക്കാവുന്നതല്ലേയുള്ളൂ. ഈയൊരു കേസിന്റെ പേരിൽ ഒരു മുതിർന്ന തറവാട്ട് കാരണവർ സൂയിസൈഡ് ചെയ്തു. മറ്റുള്ളവർക്ക് എന്തു ശിക്ഷയാണ് കിട്ടാൻ പോകുന്നതെന്ന് അറിയില്ല. അവരുടെ ഭാഗത്തുനിന്ന് ഒരു നീതിയും പ്രതീക്ഷിക്കണ്ട.”

“സന്ദുവേട്ടാ... ആ അഴിക്കൂടിനകത്ത് മൃഗത്തെപ്പോലെ ചുരുണ്ടുകിടക്കുന്നത് എന്റെ അമ്മയല്ലേ. ആരേം തിരിച്ചറിയാതെ. അവനവൻ ആരാണെന്നുപോലും അറിയാതെ. അവരുടെ ജീവിതത്തിൽ എന്തു സംഭവിച്ചെന്ന് അവർക്കറിയ്യോ? എന്തൊക്കെയാ നഷ്ടപ്പെട്ടതെന്ന് അറിയ്യോ? ഞാൻ ജീവിച്ചിരിപ്പുണ്ടെന്ന് അറിയ്യോ? ഒന്നുമില്ല സന്ദുവേട്ടാ... അമ്മ അങ്ങനെതന്നെ മരിച്ചുപോകുന്നത് എനിക്ക് ഓർക്കാൻ വയ്യ. എനിക്കും മരിച്ചാ മതിയെന്നു തോന്ന്വാ...”

“പക്ഷേ, നമുക്കൊന്നും ചെയ്യാനില്ല. അതാണു സത്യം.”

അല്ലിമ അൽപസമയം ആലോചിച്ചുനിന്നു. എന്നിട്ടു പറഞ്ഞു:

“ആ ഹോസ്പിറ്റലിൽപോയി താമസിച്ചോണ്ട് അമ്മയെ നോക്കിയാലോന്ന് വിചാരിക്കുവാ...”

“അത് എളുപ്പമാണോ? ഹോസ്പിറ്റലിന്റെ ആളുകൾ നിന്നെ അക്സെപ്റ്റ് ചെയ്യണ്ടേ. താമസം, ഭക്ഷണം... ഇതൊക്കെ പ്രശ്നമല്ലേ. ഒരു മനോരോഗിയുടെ ഒപ്പം കഴിയാൻ ഹോസ്പിറ്റൽ സ്റ്റാഫ് ഒരിക്കലും സമ്മതിക്കില്ല.”

“സന്ദുവേട്ടൻ അതൊന്ന് അന്വേഷിക്കണം. എനിക്കെന്റെ അമ്മയെ കെയർ ചെയ്യാൻവേണ്ടി കൂടെനിൽക്കാൻ സ്വാതന്ത്ര്യമില്ലേ. ബൈസ്റ്റാൻഡർ രോഗിയുടെ അവകാശമല്ലേ. ഞാൻ അമ്മയുടെ കൂടെ താമസിക്കാം. ആ ഹോസ്പിറ്റലിൽ കുറേക്കൂടി മെച്ചപ്പെട്ട ഒരു റൂം കിട്ടില്ലേ.”

“നിനക്ക് ചെലവുകൾ ഉണ്ടാകും. അതിനു പണം വേണമല്ലോ.”

“അതൊക്കെ ഞാൻ അച്ഛനോടു വാങ്ങിച്ചോളാം. ഹോസ്പിറ്റൽ അതോറിറ്റിയുമായി സന്ദുവേട്ടൻ സംസാരിക്ക്വോ?”

“ഞാനാദ്യം അങ്കിളിനോടൊന്നു സംസാരിച്ചു നോക്കട്ടെ.”

“സന്ദുവേട്ടാ. എനിക്കൊരു വഴി കാട്ടിത്തരണം. എന്റെ അമ്മയുടെ അടുത്തെത്താൻ...”

അല്ലിമ കെഞ്ചി.

“നമുക്ക് ട്രൈ ചെയ്യാം.”

“ഉപേക്ഷ വിചാരിക്കരുത്. മറുവശത്ത് ഈ ലോകത്തെക്കുറിച്ച് ഒന്നും അറിയാതെ ഭ്രാന്തിയായി കിടക്കുന്നത് എന്റെ അമ്മയാണല്ലോ സന്ദുവേട്ടാ.”

“എന്നെക്കൊണ്ട് കഴിയുന്നപോലെ ഞാൻ ശ്രമിക്കാം. ഇതുവരെ നിന്നെ എത്തിച്ചത് ഞാനാണല്ലോ. ഇവിടുള്ളവർക്കും നിന്നെയോർത്തു വിഷമമൊണ്ട്. അതുകൂടി നീ മനസ്സിലാക്കണം.”

സന്ദീപ് രാജഗോപാലിന്റെ അടുത്തേക്കു തിരിച്ചു പോയി.

“അവളുടെ പെറ്റമ്മയല്ലേ അങ്കിൾ. ആ സ്ത്രീ അങ്ങനെതന്നെ മരിച്ചു പോകുന്നത് അവൾക്കു സഹിക്കാൻ വയ്യ. അവൾക്ക് അവരെ ജീവിതത്തിലോട്ട് തിരിച്ചു കൊണ്ടുവരണംന്ന് അതിയായ ആഗ്രഹംണ്ട്.” സന്ദീപ് അല്ലിമയുടെ പക്ഷം പിടിച്ചു പറഞ്ഞു.

“മാളവികയ്ക്ക് ഇനിയൊരു തിരിച്ചുവരവിന് സാധ്യതയൊണ്ടോ? സന്ദീപിനാണ് ഞങ്ങളേക്കാൾ കൂടുതൽ അറിയാവുന്നത്.”

“ശാരീരികമായ അവശതകളൊക്കെ പരിഹരിക്കാൻ സാധിച്ചേക്കും. നല്ല ഭക്ഷണം, നല്ല പരിചരണം, നല്ല ചികിത്സ ഒക്കെ മതിയല്ലോ. പക്ഷേ, മനസ്സിന്റെ സമനില തിരിച്ചു പിടിക്കാൻ കഴിയോന്ന് അറിഞ്ഞുകൂടാ. അതൊരു സൈക്യാട്രിസ്റ്റിനല്ലേ പറയാൻ പറ്റൂ.”

“ഇക്കാര്യത്തിൽ സാമ്പത്തികമായിട്ട് എന്തെങ്കിലും ചെയ്യാമെന്നല്ലാതെ എന്റെ ബുദ്ധീൽ വേറെ വഴിയൊന്നും കാണുന്നില്ല.”

“ഞാനാ മെന്റൽ ഹോസ്പിറ്റലിലെ ഡോക്ടർമാരുമായി സംസാരിക്കട്ടെ അങ്കിൾ. അവർ സമ്മതിച്ചാൽ അല്ലിക്ക് അവളുടെ അമ്മയെ നോക്കാൻ ഇവിടുന്ന് അനുവാദം കൊടുക്കുമോ എന്നാണറിയേണ്ടത്...”

“ഞാനുമൊരു മനുഷ്യനാ സന്ദീപ്. എനിക്കുമുണ്ട് അമ്മ. അല്ലിമോളുടെ ടെൻഷൻ എനിക്കു മനസ്സിലാകും. ഹോസ്പിറ്റലിൽ അവൾ സേഫാണെങ്കിൽ അവൾക്കു വേണ്ടുന്ന എല്ലാ ഹെൽപും ഞാൻ ചെയ്തു കൊടുക്കാം.”

“അതു മതി. എനിക്കു ചെയ്യാൻ കഴിയുന്ന സഹായങ്ങളൊക്കെ ഞാനും ചെയ്യാം. മാളവികയുടെ വീട്ടുകാരുടെ നിലപാടുകൂടി അന്വേഷിക്കാം. അവരാണല്ലോ ഏറ്റവും അടുത്ത റിലേറ്റീവ്സ്. ഒരു പക്ഷേ, കുറേക്കൂടി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളുള്ള ഏതെങ്കിലും ഹോസ്പിറ്റലിലേക്കു മാറ്റാൻ പറ്റുമോ എന്നുകൂടി ആലോചിക്കണം.”

“അതൊക്കെ വലിയ റിസ്ക്കല്ലേ. ഒരിക്കൽ ഏറ്റെടുത്താൽ പിന്നെ നമുക്ക് താഴെയിറക്കാൻ പറ്റില്ല.”

“കിളിമാനൂരിലെ ഹോസ്പിറ്റൽ അതോറിറ്റിയുമായി സംസാരിക്കട്ടെ അങ്കിൾ. പോലീസിന്റെ അനുവാദവും വേണ്ടിവന്നേക്കും.”

“ഒറ്റയ്ക്ക് മണിമലയിൽ പോകരുത്...”

“ശത്രുക്കളെല്ലാം സബ്ജയിലിലല്ലേ അങ്കിൾ. ഇനി എന്തു പേടിക്കാൻ. എന്നെ എന്തെങ്കിലും ചെയ്താ ആരെങ്കിലും രക്ഷപ്പെടുവോ? കുറ്റം ചെയ്തവരെല്ലാം പിടിക്കപ്പെട്ടു. കിട്ടാനുള്ളത്ര തെളിവുകളെല്ലാം കിട്ടി. ഇനി അല്ലി, മാളവിക പ്രസവിച്ച കുട്ടിയാണോ എന്നു തെളിയിക്കാൻ ഒരു ഡിഎൻഎ ടെസ്റ്റ് വേണ്ടി വന്നേക്കും. അതേയുള്ളൂ ബാക്കി.” സന്ദീപ് തികഞ്ഞ ആത്മവിശ്വാസത്തിൽ പറഞ്ഞു നിർത്തി.

*** *** ***

ഡോക്ടർ വിജയ് മോഹൻ ലാപ്ടോപ്പിൽ ചില ഫയലുകൾ തിരയുന്നതിനിടയിൽ സന്ദീപിനോടു പറഞ്ഞു:

“ഞങ്ങളാരും ആരേം ചീറ്റ് ചെയ്തിട്ടില്ല. പേഷ്യന്റിന്റെ ഫേക് ഐഡി ഞങ്ങളുണ്ടാക്കിയതല്ല. ഇവിടെ അഡ്മിറ്റ് ചെയ്യാൻ കൊണ്ടുവന്നപ്പോഴേ അതുണ്ട്. മുൻപ് ട്രീറ്റ്മെന്റ് നടത്തിയിരുന്ന ഹോസ്പിറ്റലിൽനിന്നുള്ള ഡിസ്ചാർജ് കാർഡിലും പേഷ്യന്റിന്റെ

പേര് ശോഭന എന്നുതന്നെ ആയിരുന്നു."

"ഏതെങ്കിലുമൊരു ഐഡി പ്രൂഫ് അഡ്മിഷനു മുൻപ് വേണമെന്നു ഡോക്ടർ ആവശ്യപ്പെടാഞ്ഞിട്ടല്ലേ?"

"കുറേയധികം വർഷങ്ങളായിട്ട് മെന്റൽ ഹോസ്പിറ്റലിൽ കഴിയുന്ന ഒരു പേഷ്യന്റിന് എവിടുന്ന്, എന്ത് ഐഡി പ്രൂഫ്. വോട്ടേഴ്സ് ഐഡി പണ്ടേയില്ല. ആ സ്ത്രീ മനോരോഗിയായിക്കഴിഞ്ഞ ശേഷമാണ് ആധാർ കാർഡ് ഒക്കെ പ്രാബല്യത്തിലായത്. പിന്നെന്ത് ഐഡി പ്രൂഫ്" ഡോക്ടർ അമർഷത്തോടെ തുടർന്നു:

"വെറുതെ കയ്യുംകെട്ടി നോക്കി നിൽക്കുന്നവർക്ക് ബ്ലെയിന്റായിട്ട് ബ്ലെയിം ചെയ്യാൻ പറ്റും. അത് ഈസിയാണ്. യാതൊരു ഐഡി പ്രൂഫുമില്ലാതെ അഡ്മിറ്റ് ചെയ്തുവത്രെ. ഇരുപത് വയസ്സിനുള്ളിൽ എന്ത് ഐഡി പ്രൂഫ്? പാസ്പോർട്ടോ - അതോ ഡ്രൈവിങ് ലൈസൻസോ? അതുരണ്ടും എടുത്തിട്ടില്ലാത്തവർ എന്തു ചെയ്യും. പിന്നെയുള്ളത് വോട്ടേഴ്സ് ഐഡിയാണ്. അതിലും പേരില്ലാത്തവർ എത്രയോ പേരുണ്ട്. ഇരുപതു വർഷം മുൻപത്തെ കാര്യമാണെന്നോർക്കണം. സ്വന്തം അച്ഛനും സഹോദരനും അമ്മാവനുമൊക്കെയാണ് പേഷ്യന്റിന്റെ കൂടെ. അവരാണോ ക്രിമിനൽസ്, അതോ ഹോസ്പിറ്റൽ അതോറിറ്റിയോ? ഞങ്ങളെന്തോ മഹാപരാധം ചെയ്തപോലാ പോലീസിന്റെ ചോദ്യംചെയ്യൽ. തമ്മിൽ തമ്മിൽ മത്സരിച്ചാണ് മീഡിയാ ആരോപണങ്ങളും. അപവാദങ്ങളും കുറ്റങ്ങളും നിരത്തുന്നത്."

"അതെല്ലാം പോട്ടെ ഡോക്ടർ. ഒരു ജീവൻ നിങ്ങൾടെ കയ്യിലൊണ്ട്. ചതിക്കപ്പെട്ട ഒരമ്മ. ദ്രോഹിക്കപ്പെട്ട ഒരു സ്ത്രീ. അതൊരു പിച്ചക്കാരിയൊന്നുമല്ല. മണിമലയിലെ എണ്ണം പറഞ്ഞ ഒരു തറവാട്ടിലെ അംഗമാണ്. ധാരാളം സമ്പത്തുള്ള വീട്ടിൽ ജനിച്ചുവളർന്നവളാണ്. അവരെ എങ്ങനെ രക്ഷിക്കാൻ സാധിക്കും?" സന്ദീപ് തന്റെ വിഷയത്തിലേക്ക് ഡോക്ടർ വിജയ് മോഹനെ ആനയിച്ചു.

"അവരെ രക്ഷിക്കാൻ ദൈവത്തിനുപോലും സാധ്യമല്ല." രോഷം ഒട്ടും കുറയ്ക്കാതെ വിജയ് മോഹൻ പറഞ്ഞു: "ഒന്നാമത് അവരുടെ മനോരോഗം ചികിത്സിച്ചാൽ മാറുന്ന അവസ്ഥയിൽനിന്ന് കുറെ മുന്നോട്ടു പോയിക്കഴിഞ്ഞു. വീട്ടിൽ സമ്പത്തുണ്ടായിട്ട് കാര്യമില്ല. വലിയ പണക്കാരുടെ കുടുംബങ്ങളിൽനിന്നുള്ളവരെ ഞാൻ കാണിച്ചു തരാം. ഭാഗികമായിട്ട് രോഗം മാറിയവരുണ്ട്. വീട്ടിൽ കൊണ്ടുപോയി സ്നേഹത്തോടെ നോക്കിയാൽ മതി. പക്ഷേ, ആർക്കും വേണ്ട. കൊണ്ടുപോയാൽ കൃത്യസമയത്ത് മരുന്നുകൊടുക്കാനും സ്നേഹിക്കാനും ആളില്ല. മനോരോഗിയായ ഒരാൾ വീട്ടിലുള്ളത് ഭൂരിപക്ഷം കുടുംബങ്ങളും ഇഷ്ടപ്പെടുന്നില്ല."


"അങ്ങനത്തെ മനുഷ്യരുണ്ടോ ഡോക്ടർ?"

"മനുഷ്യനങ്ങനെയാണ്. ഇപ്പോ കണ്ടില്ലേ സ്വന്തം കൂടെപ്പിറപ്പും അച്ഛനും അമ്മാവനുംകൂടിയല്ലേ ഇരുപതു വയസ്സു തികയാത്ത ഒരു പെൺകുട്ടിയുടെ ജീവിതം തുലച്ചത്. ഇവിടെ രോഗം ഭേദപ്പെട്ട ചിലരുണ്ട്. അവർക്കു വീട്ടിലേക്കു തിരിച്ചു പോകണമെന്നുണ്ട്. പക്ഷേ, കൊണ്ടുപോകാൻ ആളില്ല. രണ്ടുപേർ അറ്റൻഡർമാരായി ഇവിടെത്തന്നെ ജോലി ചെയ്യുന്നു... വീട്ടുകാരുടെ നോട്ടത്തിൽ ഭ്രാന്തു പിടിച്ച് വർഷങ്ങളോളം ഭ്രാന്താശുപത്രിയിൽ ചങ്ങലയിൽ കിടന്നവരാണ്. അവർ മടങ്ങിച്ചെല്ലുന്നത് കുടുംബക്കാർക്ക് മാനക്കേടാണ്."

"ഡോക്ടർ... മാളവികയ്ക്ക് - സോറി ഇവിടെ ശോഭന - നല്ല ചികിത്സയും നല്ല കെയറും കിട്ടണമെന്ന് അവരുടെ മകൾക്ക് ആഗ്രഹംണ്ട്. അതിന് ഞങ്ങൾ എന്തു ചെയ്യണം?"

"ഇവിടെ വിശ്വാസമില്ലെങ്കിൽ നിങ്ങൾക്ക് വേറെ ഹോസ്പിറ്റൽ നോക്കാം."

"ഇവിടെ അവരുടെ അവസ്ഥ അങ്ങേയറ്റം മോശമായിരുന്നല്ലോ."



"അതൊന്നും ഹോസ്പിറ്റലിന്റെ കുറ്റമല്ല. പേഷ്യന്റിന്റെ വീട്ടുകാർ സഹകരിക്കാത്തതുകൊണ്ടാണ്. ചികിത്സിക്കണെങ്കിൽ പണം ചെലവാകും. തരുന്ന പൈസയ്ക്കുള്ള ട്രീറ്റ്മെന്റ് മതി എന്ന് അവരു നിലപാടെടുത്താ ഞങ്ങൾക്ക് കൂടുതലൊന്നും ചെയ്യാനില്ല."

"പണത്തെപ്പറ്റിയോർത്ത് ഡോക്ടർ ഒന്നിനും മടിക്കണ്ട. അവരുടെ ചികിത്സയ്ക്കുള്ള പൈസ കൃത്യമായി ഇവിടെത്തിയിരിക്കും." സന്ദീപ് ഉറപ്പ് നൽകി.

"എത്ര ചികിത്സിച്ചാലും അവർക്കിനി രോഗം മാറാനൊന്നും പോകുന്നില്ല. പിന്നെ, ഫിസിക്കലായിട്ട് അവരെ കുറേക്കൂടി നന്നായിട്ട് കെയറുചെയ്യാം. പക്ഷേ, ആ പേഷ്യന്റ് ഇനി എത്രനാൾ ജീവിച്ചിരിക്കുമെന്ന് എനിക്കറിയില്ല. അവരുടെ കുടലിൽ കുറെ വ്രണങ്ങളുണ്ട്."

"മനസ്സിലായില്ല ഡോക്ടർ. വ്രണങ്ങളെന്നു പറഞ്ഞാ... ചികിത്സിച്ചാ മാറാത്തതാണോ?"

"അൾസർ.. ചികിത്സ ഫലിക്കുന്ന അവസ്ഥയൊക്കെ കഴിഞ്ഞുപോയിട്ടുണ്ടെന്നാണ് എന്റെ തോന്നൽ."

"അതിന് വളരെ ഫലപ്രദമായ ട്രീറ്റ്മെന്റ് ഉണ്ടല്ലോ ഡോക്ടർ"

"ഇല്ലാഞ്ഞിട്ടല്ലല്ലോ. ചെയ്യാനാർക്കും താല്പര്യമില്ലായിരുന്നു. പേഷ്യന്റിന്റെ ഫാദറിനും ബ്രദറിനുമൊന്നും അറിയാഞ്ഞിട്ടല്ല. മരിച്ചുപോകുന്നെങ്കിൽ പൊയ്ക്കോട്ടേന്നായിരുന്നു അവരുടെ മനോഭാവം."കാര്യത്തിന്റെ ഗൗരവം സന്ദീപിനു മനസ്സിലായി.

"ഇനി ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യണം ഡോക്ടർ. അതിന്റെ ബില്ല് എത്രയായാലും ഞങ്ങളടച്ചോളാം. പിന്നൊരു കാര്യം കൂടി 'ശോഭന'യുടെ മകൾക്ക് ബൈസ്റ്റാൻഡറായി ഇവിടെ വന്നു നിന്ന് അമ്മയെ ശുശ്രൂഷിക്കാൻ അതിയായ ആഗ്രഹംണ്ട്."

"അത് എളുപ്പമല്ല. പേഷ്യന്റിന് ഭയങ്കരമായ പെയ്ൻ വരും ചില നേരത്ത്. അലറും. ചീറ്റും. ചിലപ്പോൾ ഉപദ്രവിക്കും. വിചാരിക്കുന്നപോലെ എളുപ്പമല്ലെന്ന് ഒന്നൂടെപ്പറയുകയാ. വിഷമിച്ചുപോകും ആരായാലും."

"പക്ഷേ, എന്തും സഹിക്കാൻ ആ മകൾ തയാറാണ്. അവൾ സ്വന്തം അമ്മയെ നല്ലപോലെ കണ്ടിട്ടില്ല. ഒരുവാക്ക് സംസാരിച്ചിട്ടില്ല. അമ്മേ എന്നു വിളിച്ചിട്ടില്ല. അവർ തമ്മിൽ പരിചയമില്ല. അമ്മയ്ക്കുവേണ്ടി അവൾ എന്തും സഹിക്കും."

ഡോക്ടർ വിജയ് മോഹൻ സന്ദീപിന്റെ മുഖത്തേക്കുതന്നെ നോക്കി ഏതാനും നിമിഷമിരുന്നു. പിന്നെ മെല്ലെ തലയാട്ടി.

*** *** ***

മാങ്ങോട്ടുശ്ശേരി വീടിന്റെ ഗേറ്റ് അടഞ്ഞു കിടന്നതിനാൽ രാജഗോപാൽ മതിലിന് എതിർവശത്ത് റോഡരികിൽ കാർ നിർത്തി. എന്നിട്ടു സന്ദീപിനെയും അല്ലിമയെയും നോക്കി.

"നിങ്ങളിറങ്ങിച്ചെല്ല്. ഞാൻ വെയ്റ്റ് ചെയ്യാം."

"അങ്കിൾ വരുന്നില്ലേ?"

സന്ദീപ് ചോദിച്ചു.

"ഞാൻ അന്യനല്ലേ. എന്നോടു ഗെറ്റൗട്ട് പറയാം അവർക്ക്. പക്ഷേ, നിങ്ങളോടു പറ്റില്ല. നിങ്ങൾ കുടുംബക്കാരാണ്."

"അങ്കിളേ, ആ വീട്ടിൽ പുരുഷൻമാരാരും ഉണ്ടാവണംന്നില്ല."

"എനിക്കവിടെ ഒന്നും ചെയ്യാനില്ല സന്ദീപ്." രാജഗോപാൽ തീർത്തു പറഞ്ഞു.

"അച്ഛാ..."

"ചെല്ല് മോളെ."

രാജഗോപാൽ നിർദേശിച്ചു. അല്ലിമ സന്ദീപിനൊപ്പം ഇറങ്ങി. മാങ്ങോട്ടുശ്ശേരിൽ വീടിന്റെ വിക്കറ്റ് ഗേറ്റ് കടന്നു മുറ്റത്തേക്കു പോയി.

മുറ്റത്തോ സിറ്റൗട്ടിലോ ആരെയും കണ്ടില്ല. സന്ദീപ് സിറ്റൗട്ടിന്റെ പടിയിൽനിന്ന് ഡോർ ബെല്ലടിച്ചു. എന്നിട്ട് കാർ പോർച്ചിൽ കിടക്കുന്ന ലക്ഷ്വറി കാറിലേക്കു കണ്ണോടിച്ചു.

വിശേഷപ്പെട്ട അതിഥികളാരോ അവിടെയുണ്ടെന്നു സന്ദീപിനു തോന്നി.

(തുടരും)

# ആർഷോയുടെ എം.എ. പ്രവേശനം അനധികൃതമെന്ന് പരാതി

കൊച്ചി: എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി പി.എം. ആർഷോയ്ക്ക് എറണാകുളം മഹാരാജാസ് കോളജിൽ ബിരുദാനന്തര ബിരുദത്തിന് പ്രവേശനം നല്കിയത് ബിരുദപരീക്ഷ പോലും എഴുതാതെയെന്ന് ആരോപണം. കോളജ് പ്രിൻസിപ്പലിന്റെ നിർദേശപ്രകാരമാണ് ബിരുദാനന്തര ബിരുദത്തിന് പ്രവേശനം നല്കിയത്. ആർഷോയെ കോഴ്സിൽ നിന്ന് പുറത്താക്കണമെന്നും കോളജ് പ്രിൻസിപ്പലിനെതിരെ നടപടി വേണമെന്നും ആവശ്യപ്പെട്ട് സേവ് യൂണിവേഴ്സിറ്റി കാമ്പയിൻ കമ്മിറ്റി ഗവർണർക്കും എംജി സർവകലാശാലാ വൈസ് ചാൻസലർക്കും കോളജ് വിദ്യാഭ്യാസ ഡയറക്ടർക്കും നിവേദനം നല്കി. ഇതേ കോഴ്സിന്റെ ആദ്യസെമസ്റ്ററിൽ ആർഷോയ്ക്ക് നൂറിൽ നൂറ് മാർക്ക് ലഭിച്ചത് നേരത്തെ വിവാദമായിരുന്നു.

ഓട്ടോണമസ് കോളജ് ആയ മഹാരാജാസിൽ അഞ്ചുവർഷ ഇന്റഗ്രേറ്റഡ് ആർക്കിയോളജി കോഴ്സ് വിദ്യാർഥിയാണ് പി.എം. ആർഷോ, കോഴ്സിന്റെ അഞ്ചും ആറും സെമസ്റ്റർ പരീക്ഷ എഴുതുന്നതിന് 75 ശതമാനം ഹാജർ വേണം. എങ്കിലേ ബിരുദാനന്തര ബിരുദത്തിന് തത്തുല്യമായ ഏഴാം സെമസ്റ്ററിലേക്ക് പ്രവേശനം ലഭിക്കൂ. ആർഷോയ്ക്ക് അഞ്ചാം സെമസ്റ്ററിൽ 10 ശതമാനം ഹാജർ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്ന് പരാതിയിൽ രേഖാമൂലം ചൂണ്ടിക്കാട്ടുന്നു. എന്നിട്ടും ആറാം സെമസ്റ്ററിലേക്ക് പ്രവേശനം നല്കി. ഇതിനുശേഷം ആറാം സെമസ്റ്റർ പരീക്ഷ പോലും എഴുതാത്ത ആർഷോയ്ക്ക് കോളജ് പ്രിൻസിപ്പാളിന്റെ നിർദ്ദേശപ്രകാരം ബിരുദാനന്തര ബിരുദത്തിനു തുല്യമായ ഏഴാം സെമസ്റ്ററിലേക്ക് പ്രവേശനം നല്കിയെന്നാണ് ആക്ഷേപം.

ജൂണിനു മുൻപ് എല്ലാ പരീക്ഷകളും നടത്തി ഫലപ്രഖ്യാപനം പൂർത്തിയാക്കണമെന്നാണ് സർക്കാർ നിർദ്ദേശം. ആർഷോ പഠിക്കുന്ന ആർക്കിയോളജി ബിരുദപരീക്ഷ ഒഴികെ, ബാക്കി എല്ലാ പരീക്ഷകളും കോളജ് കൃത്യമായി നടത്തി. ആർക്കിയോളജി ആറാം സെമസ്റ്റർ പരീക്ഷാഫലം കൂടാതെ, ആറാം സെമസ്റ്ററിലെ എല്ലാ വിദ്യാർഥികളെയും ഏഴാം സെമസ്റ്ററിലേക്ക് പ്രവേശിപ്പിച്ചു. ഇവരോടൊപ്പം പരീക്ഷ എഴുതാൻ യോഗ്യതയില്ലാത്ത ആർഷോയെക്കൂടി പ്രവേശിപ്പിക്കുകയായിരുന്നു എന്നാണ് ആരോപണം. അവസാന സെമസ്റ്റർ ബിരുദപരീക്ഷ മാത്രം നടത്താതിരുന്നത് ആർഷോയ്ക്കു വേണ്ടിയായിരുന്നു എന്ന് പരാതിയിൽ ചൂണ്ടിക്കാട്ടുന്നു. മഹാരാജാസ് കോളജ് ഓട്ടോണമസ് ആയതുകൊണ്ട് പ്രവേശനം, ഹാജർ, ക്ലാസ് കയറ്റം, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവയിൽ കോളജിന് അഫിലിയേഷൻ നല്കിയിട്ടുള്ള എം.ജി. സർവകലാശാലയ്ക്ക് നിയന്ത്രണങ്ങളില്ല. പ്രിൻസിപ്പൽ ശിപാർശ ചെയ്യുന്ന വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റുകൾ നല്കുന്ന ചുമതല മാത്രമാണ് സർവകലാശാലയ്ക്കുള്ളത്.

## ഓട്ടിസമുള്ള മക്കളെ വിദേശത്തേക്ക് കൊണ്ടുപോകാൻ അനുമതി

കൊച്ചി: ഭർത്താവുമായി അകന്നുകഴിയുന്ന പ്രവാസി വനിതയ്ക്ക് ഓട്ടിസം ബാധിതരായ മക്കളെ വിദേശത്തേക്കു കൊണ്ടുപോകാൻ ഹൈക്കോടതിയുടെ അനുമതി. തൃശൂർ തളിക്കുളം സ്വദേശിനിയായ യുവതിക്കാണ് രണ്ട് മക്കളെ യുഎഇയിലേക്ക് കൊണ്ടുപോകാൻ ജസ്റ്റിസ് വി.ജി. അരുൺ അനുമതി നല്കിയത്. 2011 ജൂലൈയിൽ വിവാഹം നടന്നെങ്കിലും അബുദാബിയിലെ സ്ഥാപനത്തിൽ ജോലിക്കാരനായ ഭർത്താവിനെതിരെ യുവതി നല്കിയ ഗാർഹിക പീഡനക്കേസ് നിലനില്ക്കുന്നുണ്ട്.

കുട്ടികളെ തന്നോടൊപ്പം നിർത്തി യുഎഇയിൽ പഠിപ്പിക്കണമെന്ന ആഗ്രഹമാണ് യുവതി കോടതിയെ അറിയിച്ചത്. സന്ദർശക വിസയിൽ കുട്ടികൾ ഒരിക്കൽ വന്നെങ്കിലും 60 ദിവസം മാത്രമായിരുന്നു അനുമതി. സ്ഥിരം വിസക്ക് ശ്രമിച്ചപ്പോൾ ഭർത്താവിൽ നിന്നുള്ള എൻഒസിയോ ഏതെങ്കിലും കോടതിയിൽ നിന്നുള്ള അനുമതിയോ വേണമെന്നായിരുന്നു ആവശ്യം. ഭർത്താവ് എൻഒസി നല്കാൻ തയ്യാറാകാതിരുന്നതിനെ തുടർന്നാണ് കോടതിയെ സമീപിച്ചത്. കുട്ടികളുടെ കാര്യത്തിൽ കുടുംബക്കോടതിയാണ് തീരുമാനമെടുക്കേണ്ടതെങ്കിലും പ്രായപൂർത്തിയാകാത്ത കുട്ടികളുടെ സുരക്ഷയാണ് ലക്ഷ്യമെന്നതിനാൽ കുട്ടികളുടെ രക്ഷാകർതൃത്വം സംബന്ധിച്ച തത്വ പ്രകാരം കുട്ടികളെ അമ്മയ്ക്കൊപ്പം വിടുന്നതായി കോടതി വ്യക്തമാക്കി.

## ഇന്ത്യയിലെ 100 തീരദേശ ഗ്രാമ വികസന പദ്ധതികളിൽ കേരളത്തിൽനിന്നും ആറെണ്ണം

ന്യൂഡൽഹി: ഇന്ത്യയിലെ 100 തീരദേശ ഗ്രാമങ്ങളെ കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ളവയാക്കി മാറ്റാനുള്ള പദ്ധതിയുമായി കേന്ദ്ര ഫിഷറീസ് മന്ത്രാലയം. ഇതിൽ ആറെണ്ണം കേരളത്തിലാണ് - ഇരവിപുരം, തോട്ടപ്പള്ളി, അഴീക്കൽ, പുതുവൈപ്പ്, ഞാറയ്ക്കൽ, ചിലക്കൂർ. ഓരോ ഗ്രാമത്തിനും രണ്ട് കോടി രൂപ വീതം 200 കോടി രൂപയാണു പദ്ധതിക്കായി വിനിയോഗിക്കുക. മാറുന്ന പരിസ്ഥിതി സാഹചര്യങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റും ഇവിടെ പദ്ധതികൾ ആവിഷ്കരിക്കും. പ്രധാനമന്ത്രി മത്സ്യ സമ്പദ്‌യോജന (പിഎംഎംഎസ്‌വൈ) പദ്ധതിയുടെ വാർഷികത്തിന്റെ ഭാഗമായിട്ടാണ് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചത്. ഈ പദ്ധതിയുടെ തുടർച്ചയായി പ്രധാനമന്ത്രി മത്സ്യ കിസാൻ സമ്പത്ത് സഹ യോജന (പിഎം-എംകെഎസ്എസ്‌വൈ) പദ്ധതിയും കേന്ദ്രം പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായുള്ള നാഷണൽ ഫിഷറീസ് ഡിജിറ്റൽ പ്ലാറ്റ്ഫോമും കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിങ് അവതരിപ്പിച്ചു.

6000 കോടി രൂപയുടെ പിഎം-എംകെഎസ്എസ്‌വൈ പദ്ധതിക്കു ലോക ബാങ്ക് വായ്പയുൾപ്പെടെ 3000 കോടി രൂപ കേന്ദ്രസർക്കാർ വിഹിതമാണ്. ബാക്കിത്തുക ഗുണഭോക്താക്കളുടെ വിഹിതവും സ്വകാര്യ മേഖലയിൽനിന്നുള്ള നിക്ഷേപവുമായി കണ്ടെത്തും.

മത്സ്യത്തൊഴിലാളികൾ, കച്ചവടക്കാർ, മത്സ്യ സംസ്കരണം നടത്തുന്നവർ തുടങ്ങി മത്സ്യമേഖലയിൽ പ്രവർത്തിക്കുന്നവരുടെ വിവരശേഖരണത്തിനു വേണ്ടിയാണു നാഷണൽ ഫിഷറീസ് ഡിജിറ്റൽ പ്ലാറ്റ്ഫോം (എൻഎഫ്ഡിപി) രൂപീകരിച്ചിരിക്കുന്നത്. സാമ്പത്തിക ആനുകൂല്യങ്ങളുടെ വിതരണം ഇതിലൂടെയാകും ഇനി നടപ്പാക്കുക. മത്സ്യമേഖലയിലെ 40 ലക്ഷം ചെറു-സൂക്ഷ്മ സംരംഭകർക്കു തിരിച്ചറിയൽ കാർഡ് നൽകുക എന്നതുൾപ്പെടെയുള്ള നടപടികൾ ആദ്യഘട്ടത്തിൽ പൂർത്തിയാക്കാനും ലക്ഷ്യമിടുന്നുണ്ട്.

കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ഉൾപ്പെടെ മൂന്ന് ഫിഷറീസ് ഇൻകുബേഷൻ സെന്ററുകളും കേന്ദ്രമന്ത്രി പ്രഖ്യാപിച്ചു. ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് മുംബൈയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് എജ്യുക്കേഷൻ എന്നിവയാണു മറ്റു രണ്ട് സ്ഥാപനങ്ങൾ. ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പ്രസംഗിച്ചു.

## ക്രിക്കറ്റ് കിരീടം

(18-ാം പേജിൽനിന്നും)

മികച്ച ബാറ്റർ- ആനന്ദ് ജെയിംസ് (ക്നാനായ യുണൈറ്റഡ്-80 റൺസ്), മികച്ച ബൗളർ- മിതിൻ ചിറക്കപ്പറമ്പിൽ (ക്നാനായ യുണൈറ്റഡ്- 5 വിക്കെറ്റ്), കൂടുതൽ സിക്സർ- ആനന്ദ് ജെയിംസ് (5) എന്നിവർ വ്യക്തിഗത നേട്ടങ്ങൾ സ്വന്തമാക്കി.

എക്യുമെനിക്കൽ കൗൺസിൽ പ്രസിഡണ്ട് വെരി റവ. സക്കറിയ തേലപ്പള്ളിൽ കോർ എപ്പിസ്കോപ്പ, സെക്രട്ടറി പ്രേജിത് വില്യം, സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ പള്ളി വികാരി റവ. ഫാ. ബിൻസ് ചേത്തലിൽ, പേരെന്റ് പട്രോളിയം പാർട്ണേഴ്സ് ജോ അലിപേർട്ട, മാണി ഇട്ടിയവിരാ, യൂത്ത് ഫോറം ചെയർമാൻ റവ. ഫാ. തോമസ് മാത്യു, ടൂർണമെന്റ് കോ-ഓർഡിനേറ്റർ മാത്യു സാമുവേൽ, ടൂർണമെന്റ് കമ്മിറ്റി മെമ്പേഴ്സ് റോഡ്നി സൈമൺ, പ്രെജിൽ അലക്സാണ്ടർ, കൗൺസിൽ അംഗങ്ങളായ ജോർജ് മാത്യു, ജോർജ് കുര്യാക്കോസ്, ഡൽസി മാത്യു എന്നിവർ സമ്മാനദാനം നിർവഹിച്ചു.

## കേരളാ സമാജത്തിന്റെ ഓണാഘോഷം

(14-ാം പേജിൽനിന്നും)

വസ്ത്രങ്ങൾ വാങ്ങുന്നതിന് ധാരാളം പേർ അത്യുത്സാഹം കാണിച്ചു. അതിനാൽ ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ പ്രദർശിപ്പിച്ച വസ്ത്രങ്ങൾ എല്ലാംതന്നെ വിറ്റഴിഞ്ഞു. കേരളത്തിന്റെ പ്രകൃതി മനോഹാരിത പശ്ചാത്തലമാക്കി ക്രമീകരിച്ച ഫോട്ടോ ബൂത്തിൽ ഫോട്ടോകൾ എടുക്കുന്നതിനായി എല്ലാവരും പ്രത്യേക താല്പര്യം കാണിച്ചു.

കമ്മിറ്റി അംഗങ്ങളായ മാമ്മൻ ഏബ്രഹാമും ബെന്നി ഇട്ടിയേറയും പ്രവേശന കവാടത്തിൽ പ്രവേശന പാസ്സുകളിലൂടെ എല്ലാവർക്കും ഓഡിറ്റോറിയത്തിനുള്ളിലേക്ക് പ്രവേശിക്കാനുള്ള വേദിയൊരുക്കി. ജോയിന്റ് സെക്രട്ടറി ജോസി സഖറിയാ, കമ്മിറ്റി അംഗം മാത്യുക്കുട്ടി ഈശോ, ട്രസ്റ്റി ബോർഡ് അംഗവും ഫോമായുടെ നിയുക്ത ജോയിന്റ് സെക്രട്ടറിയുമായ പോൾ പി. ജോസ്, ഓഡിറ്റർ ഷാജി വർഗീസ് എന്നിവർ വിഭവസമൃദ്ധമായ ഓണസദ്യ ഒരുക്കുന്നതിന് പ്രത്യേക നേതൃത്വം നല്കി. സമീപകാലത്ത് സമാജം പ്രസിദ്ധീകരിക്കുവാൻ പദ്ധതിയിടുന്ന സുവനീറിന് പരസ്യങ്ങൾ നല്കി സഹായിക്കുന്ന ഹാനോവർ ബാങ്ക് ചെയർമാൻ വർക്കി ഏബ്രഹാം, ഹെഡ്ജ് ഇക്വറ്റീസ് സാരഥി ജേക്കബ് ഏബ്രഹാം സിപിഎ, ഏബ്രഹാം ഫിലിപ്പ് എന്നിവർ ചെക്കുകൾ നല്കി സുവനീറിന്റെ കിക്കോഫ് നടത്തി.

പുതുതായി സമാജത്തിലേക്ക് അംഗത്വം സ്വീകരിച്ച ബിഞ്ജു ജോൺ, സുനിൽ ചാക്കോ എന്നിവരിൽ നിന്ന് ജോയിന്റ് സെക്രട്ടറി ജോസി സഖറിയ അപേക്ഷാ ഫോമുകൾ സ്വീകരിച്ച് സമാജത്തിലേക്ക് അംഗത്വം നല്കി.

മുൻ പ്രസിഡണ്ടുമാരും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുമായ ഷാജു സാം, കുഞ്ഞു മാലിയിൽ, കമ്മിറ്റി അംഗങ്ങളായ ബെന്നി ഇട്ടിയേറ, മാമ്മൻ ഏബ്രഹാം എന്നിവർ പരിപാടികളുടെ ആകമാന നടത്തിപ്പുകൾക്ക് മേൽനോട്ടവും നേതൃത്വവും നല്കി. സമാജം ട്രഷറർ വിനോദ് കെയാർകെ ആഘോഷത്തിൽ പങ്കെടുത്ത ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. പ്രശസ്ത ഗായകൻ ശബരീനാഥു സംഘവും അവതരിപ്പിച്ച ശ്രവണസുന്ദരവും മനോഹരവുമായ ഗാനങ്ങളും ഓണപ്പാട്ടുകളും അടിപൊളി ഗാനങ്ങളും ഓണാഘോഷത്തിനു മാറ്റുകൂട്ടി. പരിപാടികൾ തികച്ചും ഒരു ഉത്സവ പ്രതീതിയേകി.

## RAHUL GANDHI

**(from page 23)**

In scanning today's political arena, one might see other politicians struggling to put together a few words to express their outrage at the corruption or the ongoing anti-democratic measures employed by this government. The reason is simple: they know too well that they have many skeletons in their closets or that government agencies are lurking around every corner.

Rahul Gandhi is indeed a brave person who is willing to face challenges. Despite two of his family members falling victim to the hatred and division in the country, he has shown the moral Courage to continue on their path to serving the nation. An essential aspect of being courageous is accepting yourself and life's circumstances beyond one's control. He has already succeeded in instilling a high level of hope and optimism in the minds of ordinary people. Right now, the people of India are pinning their hopes on his bravery and integrity to save the Constitution and the nation.

(Writer is the Vice-Chair of the IOCUSA having served the organization in different capacities as its founding General Secretary, Secretary-General, President and Chairman in the last 25 years)

## എകെഎംജി കൺവൻഷൻ

(19-ാം പേജിൽനിന്നും)

ട്രീറ്റ്മെന്റ് ആന്റ് റിസർച്ച് സംഘടനയുടെ പ്രസിഡണ്ട് കൂടിയാണ് ഡോ. എം.വി. പിള്ള. നിറവാർന്നതായിരുന്നു സാംസ്കാരിക പരിപാടികൾ. തിരുവാതിരയും ഒപ്പനയും മാർഗ്ഗംകളിയും സമന്വയിപ്പിച്ചുള്ള നൃത്തശില്പം, മനോജ് കെ. ജയൻ, മഞ്ജരി, ഹാസ്യനടൻ രമേഷ് പിഷാരടി, സംവിധായിക മീരാ മേനോൻ, യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ ചാൻസലർ പ്രദീപ്കുമാർ ഖോസ്ല തുടങ്ങി പ്രമുഖരുടെ സാന്നിധ്യം ഗ്രാന്റ് ഫിനാലയ്ക്ക് പ്രൗഢികൂട്ടി.

രഞ്ജിത് പിള്ളയുടെ ഭാവനയിൽ വിരിഞ്ഞ് തിരക്കഥ എഴുതി സന്തോഷ് വർമ്മ സംഗീതം നൽകി ദിവ്യാ ഉണ്ണിയും സംഘവും അവതരിപ്പിച്ച 'യെവ്വാ' എന്ന വിസ്മയ ഷോ ആയിരുന്നു പരിപാടികളുടെ തിലകക്കുറി.

ഡോക്ടർമാർ ചേർന്ന് അവതരിപ്പിച്ച യെവ്വ എകെഎംജിയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വേറിട്ട കലാവിരുന്നായിരുന്നു.

കൺവൻഷൻ മികവാർന്ന നിലയിൽ സംഘടിപ്പിക്കാനായത് സഹപ്രവർത്തകരുടെ കൂട്ടായ പിന്തുണ കൊണ്ടു മാത്രമാണെന്നും ഓരോരുത്തരോടും നന്ദി അറിയിക്കുന്നതായും ഡോ. സിന്ധു പിള്ള പറഞ്ഞു. എകെഎംജിയുടെ 39-ാമത് പ്രസിഡണ്ടായിരുന്നു ഡോ. സിന്ധു പിള്ള.


SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

Yearly $ 54 00 | 2 Years $ 99 00 | 5 Years $ 200 00

Payment Method ☐ Cheque Cheque # ______

☐ Visa ☐ Mastercard ☐ Discover ☐ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

# മാതാപിതാക്കളെ അനുസരിച്ച് മുന്നേറുക: ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഓണാഘോഷത്തിൽ ശ്വേതാ മേനോൻ

**പി.ഡി. ജോർജ് നടവയൽ**

ഫിലാഡൽഫിയ: മാതാപിതാക്കളെ അനുസരിച്ച് മുന്നേറുക എന്ന് പ്രശസ്ത സിനിമാ അഭിനേത്രി ശ്വേതാ മേനോൻ യുവതലമുറയെ ആഹ്വാനം ചെയ്തു. ഫിലാഡൽഫിയയിൽ ട്രൈസ്റ്റേറ്റ് കേരളാ ഫോറം അണിയിച്ചൊരുക്കിയ അനന്യസുന്ദരമായ തിരുവോണാഘോഷത്തിന് തിരിതെളിച്ച് സന്ദേശം നല്കുകയായിരുന്നു ശ്വേത. മഹാബലിയെപ്പോലെ ദാനശീലരും നല്ല പ്രവൃത്തികളുള്ളവരും ആയിരിക്കുമ്പോൾത്തന്നെ, ആരാലും ചവിട്ടി താഴ്ത്തപ്പെടാതിരിക്കാനും ഓരോരുത്തർക്കും കഴിയണം. കേരള സിനിമാ രംഗത്ത് അരുതായ്മകളുണ്ട്.













എന്നാൽ, 'നോ' പറയേണ്ടിടത്ത് 'നോ' പറയാൻ കഴിഞ്ഞാൽ അബദ്ധങ്ങളിൽ വീഴാതിരിക്കാൻ കരുത്തുള്ളവരാകും. കുഞ്ഞുങ്ങൾ ആയിരിക്കുമ്പോൾ തന്നെ ആ ശിക്ഷണം ലഭിച്ചാൽ ഉപകരിക്കും. 'കളിമണ്ണ്' എന്ന സിനിമയിൽ ഗർഭാവസ്ഥയിലുള്ള കുഞ്ഞിന്റെ പരിചരണം മുതൽ മനുഷ്യജീവന്റെ മഹത്വം പ്രകാശിപ്പിക്കുന്ന വിധം ബ്ലസ്സി എന്ന ഇരുത്തംവന്ന ചലച്ചിത്ര സംവിധായകന്റെ ഫിലിം മെയ്ക്കിങ്ങിലൂടെ അവതരിപ്പിക്കുക എന്ന ലക്ഷ്യം നടപ്പാക്കാനായി. തന്റെ എല്ലാമെല്ലാമായ കുഞ്ഞിനു നല്കാവുന്ന അമൂല്യ സമ്മാനമായി ഞാൻ ആ ചിത്രത്തെ പരിഗണിക്കുന്നു: ശ്വേതാ മേനോൻ വ്യക്തമാക്കി.

അമേരിക്കയിലെ ട്രൈസ്റ്റേറ്റ് കേരളാ ഫോറം വർഷങ്ങളായി നടത്തിവരുന്ന തിരുവോണാഘോഷം അക്ഷരാർത്ഥത്തിൽ കേരള സംസ്കാരത്തിന്റെ മഹത്തായ വശങ്ങളെ ജീവസ്സുറ്റതായി ആവിഷ്കരിക്കുന്നു. ഇതിന്റെ അണിയറ ശില്പികളും നർത്തകരും കലാപ്രവർത്തകരും ട്രൈസ്റ്റേറ്റിലെ എല്ലാ മലയാളികളും അത്യധികമായ അനുമോദനം അർഹിക്കുന്നു. കേരളത്തിലുണ്ടായ പ്രകൃതി ദുരന്തത്തിന്റെ വേദന തെല്ലിട മറക്കുവാൻ തനിക്ക് ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന്റെ ഓണാഘോഷവും അതിലെ കലാവിഭവങ്ങളും സഹായിച്ചു: ശ്വേതാ മേനോൻ അഭിപ്രായപ്പെട്ടു.

കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് നവംബറിൽ ട്രൈസ്റ്റേറ്റ് കേരളാ ഫോറം ക്രമീകരിക്കുന്ന 'കേരളാ ഡേ ആഘോഷങ്ങൾ'ക്ക് ഇതേ മനോഹാരിത ഉണ്ടാകട്ടെ.

അമേരിക്കൻ മലയാളികൾക്ക് അഭിമാനമായി സംഗീതലോകത്ത് അത്ഭുതം തീർക്കുന്ന നവ്നീത് ഉണ്ണികൃഷ്ണൻ പ്രധാന അതിഥിയായിരുന്നു. അഭിലാഷ് ജോൺ (ചെയർമാൻ), ബിനു മാത്യു (ജനറൽ സെക്രട്ടറി), ഫീലിപ്പോസ് ചെറിയാൻ (ട്രഷറർ), ജോബി ജോർജ് (ഓണാഘോഷ സമിതി ചെയർമാൻ), വിൻസന്റ് ഇമ്മാനുവേൽ (പ്രോഗ്രാം കോ- ഓർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ ഇരുപത്താറംഗ സംഘാടക സമിതിയാണ് ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കിയത്.

മയൂരാ റെസ്റ്റോറന്റ് തയ്യാറാക്കിയ 26 ഇന ഓണസദ്യ, മാതാ ഡാൻസ് സ്കൂൾ (ബേബി തടവനാൽ), നൂപുര ഡാൻസ് സ്കൂൾ (അജി പണിക്കർ), ലാസ്യ ഡാൻസ് അക്കാഡമി (ആഷാ അഗസ്റ്റിൻ), ഭരതം ഡാൻസ് അക്കാഡമി (നിമ്മീ ദാസ്) എന്നീ സ്കൂളുകളുടെയും മറ്റ് നർത്തകരുടെയും ഗായകരുടെയും വിവിധ കലാപരിപാടികളും മസ്സാറ്റോ സ്റ്റേജ് ആൻഡ് വിഷ്വൽ ഓഡിയോ ടെക്നോളജിയും അരുൺ കോവാട്ടിന്റെ ലെഡ് വാൾ വിഷ്വൽസും ജോർജ് ഓലിക്കലിന്റെ മാവേലിയും ആഷാ അഗസ്റ്റിൻ ഒരുക്കിയ മെഗാ തിരുവാതിരയും സുരേഷ് നായർ വിരിച്ച ഓണപ്പൂക്കളവും പിഎ- എൻജെ വാദ്യവേദിയുടെ അത്യുജ്വല ചെണ്ടമേളവും, മോഹിനിയാട്ടം, കഥകളി, ചവിട്ടുനാടകം, മാർഗ്ഗംകളി, തെയ്യം, ഒപ്പന, കളരിപ്പയറ്റ്, കോൽക്കളി എന്നിങ്ങനെ കേരളത്തിലെ വിവിധ ജില്ലകളിലെ തനതു കലാരൂപങ്ങളുടെ നൃത്താവിഷ്ക്കാരവും (ഭരതം ഡാൻസ് അക്കാഡമി ഫിലാഡൽഫിയ), വിൻസന്റ് ഇമ്മാനുവേലിന്റെ പ്രോഗ്രാം കോ- ഓർഡിനേഷനും സ്പോൺസേഴ്സിന്റെ സമ്പൽസമൃദ്ധിയും ജനസഹസ്രങ്ങളുടെ പങ്കാളിത്തവും ചേർന്ന് കളമാടിയ മാസ്മരിക ലോകം, ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന്റെ മഹാതിരുവോണാഘോഷത്തെ കിടയറ്റതാക്കി.











# Mukkut Monuments Inc.

mukkutmonuments@gmail.com
www.mukkutmonuments.com

ഒരു മലയാളി സ്ഥാപനം

**_Creating unique permanent memories of your departed loved one forever_**




We are a family owned caring and compassionate business.

We understand your loss and want to work with you to make the most beautiful tribute to your loved one.

- *Designed and carved in beautiful stones*
- *Delivered and installed anywhere in US with quality that is unmatched and with the lowest price guarantee*

**PH: 972-342-0041**


Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**